NERVEEDHI
Volume -11, Issue - 06, 10th June 2022, Monthly, Price ₹ 25, Published at Kottayam
വാല്യം–11, ലക്കം–06, 10 ജൂൺ 2022 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## അവിശ്വസനീയമായ ഒരു വഴിത്തിരിവ്

പേജ് 21

Editorial

# മാതൃകാജീവിതത്തെ മാനിക്കുക

വലിയ അധികാരികളോടും രാഷ്ട്രീയ നേതാക്കളോടുമുള്ള സുഹൃത്ബന്ധങ്ങളും, വിവാഹം പോലെയുള്ള പ്രത്യേക ചടങ്ങുകളിൽ അവരെ സംബന്ധിപ്പിക്കുന്നതിൽ അഭിമാനിക്കുന്നതും പൊതുവേ കണ്ടുവരുന്ന ഒന്നാണ്. ഏത് സഭാവിഭാഗത്തിലുള്ളവർ ആണെങ്കിലും അവരുടെ ആത്മീയ നേതാക്കളെ പങ്കെടുപ്പിക്കുക എന്നതും അഭിമാനമായി കരുതുന്നവരാണ് മിക്കവരും. അധികാരമോഹം വർദ്ധിക്കുന്നതിന് പ്രേരകമായ ഘടകമാണിത്. ജീവിതവിശുദ്ധിയിലും ഉപദേശവിശുദ്ധിയിലും മാതൃകയുള്ളവരെ കുറിക്കൊള്ളുവാൻ ആണ് ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നത്. അവർക്ക് നൽകുന്ന അംഗീകാരം അവർ കാട്ടിത്തരുന്ന പഥ്യപാതയ്ക്കുള്ള അംഗീകാരമാണ്. മാതൃകയുള്ളവരെ മാനിക്കുന്നവരായി നാം മാറുമ്പോൾ യഥാർത്ഥ ആത്മീയതയ്ക്ക് പ്രോത്സാഹനം ലഭിക്കും. രാഷ്ട്രീയത്തിൽ ഉള്ളതുപോലെ, മത്സരരീതികൾ ക്രിസ്തീയ സഭകളിലെ സ്ഥാനങ്ങളിൽ എത്തുവാൻ സ്വീകരിക്കുന്നത് ആത്മീയതയുടെ അടിത്തറ ഇളക്കുന്നതാണ്. മത്സര കുതന്ത്രങ്ങൾ പ്രയോഗിച്ച് സഭകളുടെ തലപ്പത്തെത്തുന്നവർക്ക് ശരിയായ ആത്മീക ദിശാബോധം നൽകി സഭാജനങ്ങളെ നയിക്കുവാൻ കഴിയുമോ? ആത്മീയത അഭിനയിക്കാം എന്നല്ലാതെ യഥാർത്ഥ ആത്മീയരാകുവാൻ അവർക്ക് കഴിയുകയില്ല എന്നതാണ് വാസ്തവം. ഈ രീതികൾക്ക് മാറ്റം വരേണ്ടത് ആത്മീയതയുടെ സുരക്ഷയ്ക്ക് അത്യാവശ്യമായിരിക്കുന്നു. അപ്രകാരം ഒരു മാറ്റത്തിനുവേണ്ടിയുള്ള ആഹ്വാനമാണ് ഈ ലക്കത്തിലെ സന്ദേശം. ക്രിസ്തുനാഥൻ നൽകിയ പ്രബോധനങ്ങളും അവിടുന്ന് കാണിച്ചുതന്ന മാതൃകയും കണ്ടെത്തി അനുസരിക്കുവാൻ നമുക്ക് ഇടയാകട്ടെ.

നാം ഓരോരുത്തരും ഉൾപ്പെട്ടു നിൽക്കുന്ന സഭകൾക്കായും, ആത്മീയനേതൃത്വങ്ങൾക്കായും കൂട്ടുവിശ്വാസികൾക്കായും പ്രാർത്ഥിക്കേണ്ടത് നമ്മുടെ കടമയാണ്. ദൈവമക്കളുടെ ആത്മാർത്ഥതയുള്ള നിരന്തരമായ പ്രാർത്ഥന, മാറ്റങ്ങൾ വരുത്തുവാൻ ശക്തിയുള്ളതാണ്.

ഒരു മാതൃകാശുശ്രൂഷകന്റെ പ്രസംഗം കൃത്യവും വ്യക്തവും സ്പഷ്ടവുമായിരിക്കണം. പാപത്തെ അപലപിക്കേണ്ടയിടത്ത് മുഖം നോക്കാതെ ശക്തമായി അപലപിക്കേണം. എന്നാൽ ആരുടെയും വികാരങ്ങളെ മുറിപ്പെടുത്തരുത്. സ്നേഹത്തിലും സൗമ്യതയിലും യഥാസ്ഥാനപ്പെടുത്തേണ്ടവരെ സഹായിക്കണം. ലൗകീക ആശാപാശങ്ങളോട് എതിർത്തു നിൽക്കുകയും, കേന്ദ്രബിന്ദുവായി നിത്യത എന്ന ലക്ഷ്യബോധം സഭാംഗങ്ങളിൽ രൂഢമൂലമാക്കുകയും വേണം. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന നല്ല മനോഭാവം ഉണ്ടായിരിക്കണം. വൃത്തിയായും അന്തസ്സായും വസ്ത്രധാരണം ചെയ്യണം. പ്രസന്നവദനനും ഘനശാലിയും ആയിരിക്കണം. ആത്മിക ഗ്രന്ഥങ്ങൾ അപഗ്രഥന ബുദ്ധിയോടും വിവേചനത്തോടും പഠിക്കണം. ഉത്തമമായ കുടുംബജീവിതം മറ്റുള്ളവർക്ക് മാതൃകയായിരിക്കണം. തന്റെ പ്രസംഗം കേൾക്കുന്നവർ വിവിധ ആത്മികനിലവാരങ്ങളിൽ ഉള്ളവരാണ് എന്ന് മനസ്സിലാക്കി കുട്ടികളെയും യൗവ്വനക്കാരെയും മധ്യവയസ്കരെയും വൃദ്ധരെയും പ്രത്യേകമായി പരിഗണിക്കുന്നതിൽ ശ്രദ്ധാലുവായിരിക്കണം. സഭാഹാളും പരിസരവും പാഴ്സനേജും വെടിപ്പായും വൃത്തിയായും സൂക്ഷിക്കണം. അത് മറ്റുള്ളവർക്ക് അനുകരണീയമായ ഒരു മാതൃകയുമായിരിക്കും.

ഇപ്രകാരമുള്ള ഒരു ശുശ്രൂഷകനെ ആരും ഹൃദയംഗമമായി ബഹുമാനിക്കും എന്നുള്ളത് തർക്കമറ്റ സംഗതിയാണ്. ആരെയും സ്വാധീനിക്കാൻ തക്കവണ്ണം ദൈവം അദ്ദേഹത്തെ പ്രാപ്തനാക്കും. വെല്ലുവിളികൾ നിറഞ്ഞ ഒരു കാലമാണ് നമുക്ക് മുൻപിലുള്ളത്. ഈ പശ്ചാത്തലത്തിൽ ദൈവസഭയെ ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവിലേക്കു വളർത്തുവാൻ ശുശ്രൂഷകർ ബദ്ധശ്രദ്ധരായിരിക്കേണം.

പുസ്തകം 11 ലക്കം 6
ജൂൺ 2022

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**

ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.

Annual Subscription Rs250.00

**വലിയവനാകുവാനുള്ള മോഹം ഒരു ചതി** 4
ജോയ് എം. തോമസ്

**ദുരഭിമാനികൾ ആകരുത്** 7
സാജു മാത്യു

**ചെരുപ്പും കണ്ണാടിയും** 9
ബാബു ചെറിയാൻ

**നീതി വിശ്വാസത്താലോ പ്രവൃത്തിയാലോ?** 11
ചെയ്സ് ജോസഫ്

**അപകടകാരിയായ അഹംഭാവം** 13
ജോർജ് മാത്യു, പുതുപ്പള്ളി

**വാർത്താ വീഥി** 15

**കൗൺസലിംഗ് വീഥി** 16
അനു ഗ്രേസ് ചാക്കോ

**ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്** 19
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**വനിതാ വീഥി** 21
ജെസ്സി സാജു

**വേദ അധ്യയനം** 24
ജോയ് എം. തോമസ്

**പ്രതിസന്ധികളെ തരണം ചെയ്ത്...** 27
ബെഞ്ചമിൻ വർഗീസ്

**ജീവിതമാണ് ക്രൈസ്തവ ദർശനത്തിന്റെ ഉരകല്ല്** 31
എംസി



ജോയ് എം. തോമസ്

# വലിയവനാകുവാനുള്ള മോഹം ഒരു ചതി

**അ**ധികാരമോഹം വലിയവൻ ആകുവാനുള്ള മോഹത്തിന്റെ കൂടെപ്പിറപ്പാണ്. നാം സൂക്ഷിച്ചൊഴിയേണ്ട ഒരു ചതി തന്നെ ആണിത്. ദൈവത്താൽ ഉപയോഗിക്കപ്പെട്ടു കൊണ്ടിരുന്ന അനേക ഭക്തരെ വീഴ്ത്തിയ കെണി ആണിത് എന്നുള്ളത് ഭയത്തോടെ നാം ഓർക്കണം. അധികാരസ്ഥാനങ്ങളിൽ എത്തിയാൽ സഭയെ ഉണർവിലേക്ക് നയിക്കുവാൻ കഴിയും എന്നാരെങ്കിലും ചിന്തിക്കുന്നു എങ്കിൽ അത് പിശാചിന്റെ ഭോഷ്ക്കുമാത്രമാണ്.

ദൈവരാജ്യത്തെ പ്രതിബിംബിക്കേണ്ട, ഇന്ന് ഭൂമിയിലുള്ള ദൈവസഭകളെക്കുറിച്ചും എന്താണ് ആഗ്രഹിക്കുന്നത് എന്ന് കർത്താവ് വ്യക്തമാക്കിയിട്ടുണ്ട്. കർത്താവിന്റെ വാക്കുകൾ ശ്രദ്ധിക്കുക: 'തങ്ങളുടെ കൂട്ടത്തിൽ ആരെ ആകുന്നു വലിയവനായി എണ്ണേണ്ടത് എന്നതിനെ ചൊല്ലി ഒരു തർക്കവും അവരുടെ ഇടയിൽ ഉണ്ടായി. അവൻ അവരോട് പറഞ്ഞത്: ജാതികളുടെ രാജാക്കന്മാർ അവരിൽ കർത്തൃത്വം നടത്തുന്നു, അവരുടെ മേൽ അധികാരം നടത്തുന്നവരെ ഉപകാരികൾ എന്ന് പറയുന്നു. നിങ്ങളോ അങ്ങനെയല്ല, നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആകട്ടെ. ആരാകുന്നു വലിയവൻ? ഭക്ഷണത്തിനിരിക്കുന്നവനോ, ശുശ്രൂഷിക്കുന്നവനോ? ഭക്ഷണത്തിനിരിക്കുന്നവൻ അല്ലയോ? ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനേപ്പോലെ ആകുന്നു (ലൂക്കോസ് 22 :24 -27).

നേതൃസ്ഥാനത്തെക്കുറിച്ചുള്ള തർക്കം അല്ലേ വാസ്തവത്തിൽ കർത്താവിന്റെ അപ്പൊസ്തലന്മാരുടെ ഇടയിൽ ഉണ്ടായത്. ആരും ആർക്കും കീഴടങ്ങുവാൻ ആഗ്രഹിക്കുന്നില്ല. മറ്റുള്ളവരെ തങ്ങളുടെ കീഴിൽ ആക്കുവാൻ ആണ് എല്ലാവരും ശ്രമിക്കുന്നത്. താഴ്മയുടെ ആൾരൂപമായ യേശുവിനോടൊപ്പം അവിടുത്തെ ശിഷ്യന്മാരായി കൂടെ നടക്കുമ്പോഴും വലിയവൻ ആവാനുള്ള മോഹത്തെ ജയിക്കുവാൻ അവർ ഇതുവരെ പ്രാപ്തരായില്ല. വലിയവൻ ആകുവാനുള്ള മോഹം എത്ര അളവിൽ നമ്മിൽ ഓരോരുത്തരിലും കുടികൊള്ളുന്നുണ്ട് എന്നതിന്റെ തെളിവാണിത്.

പിശാചിന്റെ ആരംഭത്തെക്കുറിച്ച് ദൈവവചനം നൽകുന്ന സൂചന, നിഗളം എന്ന പാപം നിമിത്തം ആകുന്നു എന്നാണ്(1 തിമോഥെയോസ് 3: 6 ). നീ ചിറക് വിടർത്തു.... മുടിച്ചു കളഞ്ഞു (യഹസ്ക്കേൽ 28:14 - 16)

**താഴ്മയുടെ ആൾരൂപമായ യേശുവിനോടൊപ്പം അവിടുത്തെ ശിഷ്യന്മാരായി കൂടെ നടക്കുമ്പോഴും വലിയവൻ ആവാനുള്ള മോഹത്തെ ജയിക്കുവാൻ അവർ ഇതുവരെ പ്രാപ്തരായില്ല. വലിയവൻ ആകുവാനുള്ള മോഹം എത്ര അളവിൽ നമ്മിൽ ഓരോരുത്തരിലും കുടികൊള്ളുന്നുണ്ട് എന്നതിന്റെ തെളിവാണിത്.**

എന്ന തിരുവചനം പിശാചിന്റെ ഉത്ഭവത്തിന് യോജിച്ച വിശദീകരണമാണ്. 'അരുണോദയ പുത്രനായ ശുക്രാ, (Lucifer) നീ എങ്ങനെ ആകാശത്തു നിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനെ നീ എങ്ങനെ വെട്ടേറ്റ് നിലത്തുവീണു! ഞാൻ സ്വർഗ്ഗത്തിൽ കയറും, എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്ക് മീതേ വെയ്ക്കും, ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമ പർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും, ഞാൻ മേഘോന്നതങ്ങൾക്കു മീതേ കയറും, ഞാൻ അത്യുന്നതനോട് സമനാകുമെന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്, (യെശയ്യാവ് 14 :12 - 14) എന്നുള്ള തിരുവെഴുത്തും ഇതിനോട് യോജിക്കുന്നു. നിഗളം വീഴ്ചയ്ക്ക് കാരണമാകുമെന്നും ആ വീഴ്ച പിശാചിനോട് താദാത്മ്യം പ്രാപിക്കുന്ന ഹീന മായ താഴ്ചയിലാണ് മനുഷ്യനെ എത്തിക്കുന്നതെന്നും ഈ ഭാഗത്തു നിന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നു. വലിയവൻ ആകുവാനുള്ള മോഹത്തിന്റെ വേര് ചെന്നെത്തി നിൽക്കുന്നത് പിശാചിൽ ആണ്. അതുകൊണ്ട് നാം അത് സൂക്ഷിച്ച് ഒഴിയേണ്ടത് വളരെ അത്യാവശ്യമാണ്.

ജാതികളുടെ രാജാക്കന്മാർ അവരിൽ കർത്തൃത്വം നടത്തുന്നു. അവരുടെമേൽ അധികാരം നടത്തുന്നവരെ ഉപകാരികൾ എന്നും പറയുന്നു. ഇതാണ് ലോകത്തിൽ കാണുന്ന വ്യവസ്ഥിതി. ഈ വ്യവസ്ഥിതി ദൈവസഭകളിൽ കൊണ്ടുവരുവാൻ പാടില്ല എന്നത് കർത്താവ് നിഷ്കർഷിക്കുന്ന അതിപ്രധാന കാര്യമാണ്.

കർതൃത്വമനോഭാവമാണ് ലോകത്തിലെല്ലായിടത്തും നിലനിൽക്കുന്നത്. ദൈവമക്കളിൽ ഈ മനോഭാവം അൽപംപോലും പാടില്ല. പ്രത്യുത ശുശ്രൂഷയുടെ മനോഭാവമാണ് ഓരോരുത്തരിലും വളരേണ്ടത്. ആത്മീയശുശ്രൂഷകൾ എല്ലാം ചെയ്യേണ്ടത് താഴ്മയുടെ നിലത്ത് നിന്നുകൊണ്ടാണ്. കർത്താവ് തന്റെ ശിഷ്യന്മാരോട് പറയുന്നത് ശ്രദ്ധയോടെ കേൾക്കുക: 'നിങ്ങളോ അങ്ങനെയല്ല നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷകനെപ്പോലെയും ആകട്ടെ'. ദൈവസഭകളിൽ നായകന്മാർ (leaders) ഉണ്ടാകും. ജനങ്ങളാൽ ബഹുമാന്യരായ ആത്മീയശുശ്രൂഷകന്മാർ ഉണ്ടായിരിക്കണം. അവർ സ്വയം ഉയർത്തപ്പെട്ടവരല്ല. പ്രത്യുത ദൈവം എഴുന്നേൽപ്പിച്ചതാണ്. ദൈവം അവർക്ക് നൽകിയ ശുശ്രൂഷ ജനങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് അംഗീകരിച്ചവരാണ്. അവർ സ്വയം താഴ്ത്തുന്നവരും ശുശ്രൂഷിക്കുന്ന മനോഭാവം

**ആത്മീയ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവരെല്ലാം കർത്താവ് കാണിച്ച മാതൃക കുറിക്കൊള്ളേണ്ടതാണ്. കർത്തൃത്വം നടത്തുന്ന മനോഭാവം അവരിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മറ്റുള്ളവരെ ശുശ്രൂഷിക്കുന്ന താഴ്മയുടെ മനോഭാവം അവരിൽ നിലനിൽക്കണം.**

ഉള്ളവരും ആയിരിക്കണം എന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്. ഇത് നാമെല്ലാവരും കുറിക്കൊള്ളേണ്ടതാണ്.

കർത്താവ് തന്റെ ശിഷ്യന്മാരെ താൻ കാണിച്ച മാതൃക കുറിക്കൊള്ളുവാൻ ഉദ്ബോധിപ്പിക്കുന്നു. കർത്താവ് അവരോട് ചോദിക്കുന്ന ചോദ്യം നമ്മുടെ ഹൃദയത്തെ സ്പർശിക്കുന്നില്ലേ? ആരാകുന്നു വലിയവൻ? ഭക്ഷണത്തിന് ഇരിക്കുന്നവനൊ? ശുശ്രൂഷിക്കുന്നവനൊ? ഭക്ഷണത്തിന് ഇരിക്കുന്നവൻ അല്ലയോ? ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെപ്പോലെ ആകുന്നു.

കർത്താവ് കാണിച്ച മാതൃക എത്ര ഉദാത്തമായിരുന്നു. കർത്താവും ഗുരുവുമായ അവിടുന്ന് തന്റെ ശിഷ്യന്മാരുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെപ്പോലെ ആയിരുന്നു. കർത്താവ് ശുശ്രൂഷ ചെയ്യിപ്പിക്കുന്നവൻ ആയിരുന്നില്ല. പ്രത്യുത ശുശ്രൂഷിക്കുന്നതിൽ ഒരു മാതൃക കാണിക്കുവാൻ ശുശ്രൂഷ ചെയ്യുന്നവനായിരുന്നു. കർത്താവു പറഞ്ഞ മറ്റൊരു വചനവും കൂടി ഇതിനോട് ചേർത്ത് വായിക്കുക: 'മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിക്കുവാനല്ല, ശുശ്രൂഷിക്കുവാനും അനേകർക്ക് വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുക്കാനും അത്രേ വന്നത്' (മർക്കോസ് 10:45).

ആത്മീയപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവരെല്ലാം കർത്താവ് കാണിച്ച മാതൃക കുറിക്കൊള്ളേണ്ടതാണ്. കർത്തൃത്വം നടത്തുന്ന മനോഭാവം അവരിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മറ്റുള്ളവരെ ശുശ്രൂഷിക്കുന്ന താഴ്മയുടെ മനോഭാവം അവരിൽ നിലനിൽക്കണം. നേതാക്കൾ ആകുവാനുള്ള സ്വയശ്രമം അവർക്ക് യോജിച്ചതല്ല. ദൈവത്താൽ ഉയർത്തപ്പെടുന്നതിനും ഉപയോഗിക്കപ്പെടുന്നതിനും ദൈവത്തിന്റെ ബലമു

ള്ള കൈക്കീഴിൽ താണിരിക്കുവാൻ എപ്പോഴും ഉത്സാഹിക്കണം.

നമ്മുടെ ജീവിതവും ശുശ്രൂഷയും പ്രവർത്തനങ്ങളും ദൈവത്തിന് സ്വീകാര്യവും പ്രസാദകരവും ആകുന്നില്ലെങ്കിൽ എന്ത് പ്രയോജനം ആണ് ഉള്ളത്? അതിനാൽ ദൈവത്തെ പ്രസാദിപ്പിക്കുക എന്ന ഏകലക്ഷ്യത്തിൽ ഏകാഗ്രഹൃദയത്തോടെയുള്ള ജീവിതവും പ്രവർത്തനങ്ങളും ആയിരിക്കണം നമ്മുടേത്. മനുഷ്യരാലുള്ള അംഗീകാരത്തെക്കാൾ അധികം ദൈവത്താലുള്ള അംഗീകാരം ആഗ്രഹിക്കുന്നവരും, മനുഷ്യരാലുള്ള മാനത്തേക്കാൾ ദൈവത്താലുള്ള മാനത്തിന് മുൻഗണന നൽകുന്നവരും ആയിരിക്കണം നാം.

ദൈവസഭയുടെ ഭരണസംവിധാനം ലോകത്തിന്റെ സംവിധാനത്തേക്കാൾ വ്യത്യസ്തമാണ്. ഇന്ന് കാണുന്ന ദൃശ്യമായ സഭകളെല്ലാം അതാത് രാജ്യത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നതിനാൽ സ്വന്തമായ ഭരണഘടനയും സംവിധാനങ്ങളുമുണ്ട്. അതുകൊണ്ട് ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ നിന്നും വഴുതിമാറി സാഹചര്യങ്ങൾക്ക് അനുസൃതമായ മാറ്റങ്ങൾ വരുത്തി പ്രവർത്തിച്ച് പോരുന്നു. ഈ ലോകത്തിൽ അവരവരുടെ നിലനിൽപ്പിന് അത് ആവശ്യം എന്ന് തോന്നിയേക്കാം. എന്നാൽ ഈ ലോകത്തിലെ താൽക്കാലിക നിലനിൽപ്പിനെക്കാൾ ബഹുപ്രധാനമായത് നിത്യതയല്ലേ എന്ന് നാം ഗൗരവമായി ചിന്തിക്കണം. വചനത്തിലെ പ്രമാണങ്ങളും കർത്താവിന്റെ മാതൃകയും ഏതു സാഹചര്യത്തിലും പിൻതുടരുവാനുള്ള ഏകാഗ്രഹൃദയം നമുക്ക് അത്യാവശ്യമാണ്.

ആത്മീക ശുശ്രൂഷകരുടെ മായമില്ലാത്ത വചനശുശ്രൂഷയും പഠിപ്പിക്കലും അവരുടെ മാതൃകയുള്ള ജീവിതവും സഭകൾ ആത്മീയ നിലവാരത്തിൽ നിലനിൽക്കുന്നതിന് അത്യാവശ്യ ഘടകമാണ്. ജനങ്ങൾക്ക് വിശ്വസിക്കുവാനും അനുസരിക്കുവാനും കഴിയുന്നവർ ആയിരിക്കണം ആത്മീയ ശുശ്രൂഷകർ. അപ്പോസ്തലനായ പൗലോസിനുള്ള പ്രാഗല്ഭ്യം ഇക്കാര്യത്തിൽ എല്ലാവരും അനുകരിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ പ്രബോധനം ശ്രദ്ധിക്കുക: ‘സഹോദരന്മാരെ, നിങ്ങൾ എല്ലാവരും എന്നെ അനുകരിപ്പിൻ, ഞങ്ങൾ നിങ്ങൾക്ക് കാണിച്ച മാതൃക പ്രകാരം നടക്കുന്നവരെയും കുറിക്കൊള്ളുവിൻ’ (ഫിലിപ്പിയർ 3 :17).

വലിയവൻ ആകുവാനുള്ള മോഹത്തിന്റെ കെണിയിൽ നിന്നും ഒഴിഞ്ഞിരിക്കുക. അധികാരമോഹം ആരെയും കീഴടക്കാതിരിക്കാൻ സൂക്ഷിക്കുക. ശുശ്രൂഷാമനോഭാവം നമ്മിൽ വാഴട്ടെ. കർത്താവിന്റെ മാതൃക പിന്തുടർന്ന്, നമ്മുടെ കർത്താവിനെ അനുഗമിക്കുകയും കർത്താവിന്റെ സാക്ഷികളായി ജീവിക്കുകയും ചെയ്യാം. അതിനുള്ള കൃപ കർത്താവ് നമുക്ക് നൽകട്ടെ. ■

# താഴ്മയുടെ ഔന്നത്യം

**ആ**രെങ്കിലും താങ്കളെ വിമർശിക്കുകയാണെങ്കിൽ, അതിൽ യാഥാർഥ്യമുണ്ടോ എന്ന് ദൈവസന്നിധിയിൽ ആരായുക. ഉണ്ടെങ്കിൽ അത് തിരുത്തുവാൻ തയ്യാറാവുക. പ്രസിഡന്റായിരുന്ന എബ്രഹാം ലിങ്കൺ ഒരിക്കൽ ചില പട്ടാള റെജിമെന്റുകളെ സ്ഥലം മാറ്റുവാൻ ഉത്തരവ് പുറപ്പെടുവിച്ചു. എങ്കിലും യുദ്ധകാര്യ സെക്രട്ടറിയുടെ കൈവശം ആ ഉത്തരവ് കിട്ടിയപ്പോൾ പ്രസിഡന്റ് കാണിച്ചത് മടയത്തരമാണെന്നു പറയുകയും അത് നടപ്പാക്കുവാൻ വിസമ്മതിക്കുകയും ചെയ്തു. ഇത് ലിങ്കൺ കേട്ടപ്പോൾ, ഞാനൊരു മടയനാണെന്നു സെക്രട്ടറി പറഞ്ഞുവെങ്കിൽ അത് ശരിയാകാനാണ് സാധ്യത. കാരണം അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ എല്ലായ്പ്പോഴും ശരിയായിരിക്കും. തുടർന്ന് അവർ തമ്മിൽ കണ്ടു സംസാരിച്ചപ്പോൾ തന്റെ തീരുമാനത്തിലെ പിഴവ് ലിങ്കൺ മനസിലാക്കുകയും യാതൊരു വിസമ്മതവും കൂടാതെ ഉത്തരവ് പിൻവലിക്കുകയും ചെയ്തു. നമുക്ക് തെറ്റുപറ്റി എന്ന് സമ്മതിക്കുക അത്ര എളുപ്പമുള്ള കാര്യമൊന്നുമല്ല. എന്നാൽ ജ്ഞാനിയായ ഒരു മനുഷ്യനാകട്ടെ, താൻ എത്ര ഉന്നത പദവിയിലായിരുന്നാലും തനിക്കു തെറ്റ് പറ്റാമെന്ന യാഥാർഥ്യത്തെ അംഗീകരിക്കുന്നു. വിമർശകരായിരിക്കും നമ്മുടെ തെറ്റുകൾ നമ്മെക്കാൾ വേഗത്തിൽ മനസിലാക്കുക. മറ്റുള്ളവരിൽ നിന്നും പഠിക്കുവാൻ നാം തയ്യാറായിരിക്കണം. ചൂണ്ടിക്കാണിക്കപ്പെടുന്ന തെറ്റുകൾ തിരുത്തുവാൻ താഴ്മയും സന്മനസ്സും ഉള്ളവരായിരിക്കണം. ശാസനയും ശിക്ഷണവും സന്തോഷത്തോടും നന്ദിയോടും സ്വീകരിക്കുവാൻ ഹൃദയവിശാലതയുള്ളവരായിരിക്കണം.



സാജു മാത്യു

# ദുരഭിമാനികൾ ആകരുത്

*'നീ സമ്പന്നനാകേണ്ടതിനു തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിനു വെള്ളയുടുപ്പും നിനക്കു കാഴ്ച ലഭിക്കേണ്ടതിനു കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലയ്ക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി പറയുന്നു' (വെളിപ്പാട് 3:18)*

ദുരഭിമാനം പലപ്പോഴും നമ്മെ പട്ടിണിയാക്കാറുണ്ട്. അപ്പനും അമ്മയും മക്കളുംകൂടെ വളരെ യാത്ര ചെയ്ത് ക്ഷീണിച്ച് ബന്ധുവീട്ടിലെത്തിയതാണ്. അവർ ഭക്ഷണത്തിനു ക്ഷണിച്ചാലും വേണ്ടെന്നു പറയണമെന്നും നിർബന്ധിച്ചു പറഞ്ഞാൽ 'ഇപ്പോൾ കഴിച്ചിട്ടു ഇറങ്ങിയതേയുള്ളൂ, വയറ്റിൽ ഒട്ടും സ്ഥലമില്ലെന്നും പറയണം' എന്നൊക്കെ മാതാപിതാക്കൾ കുഞ്ഞുങ്ങളോടു (കള്ളം പറയാൻ) പറഞ്ഞു പഠിപ്പിച്ചിരുന്നു.

ബന്ധുക്കൾ അവരെ ഭക്ഷണം കഴിക്കാൻ വിളിച്ചു; എന്നാൽ, വിശന്നു പൊരിഞ്ഞിട്ടുകൂടെ അവർ ഭക്ഷണം കഴിച്ചില്ല. പറയാനുള്ള ആരോഗ്യം പോലും ഉണ്ടായിരുന്നില്ല എങ്കിലും 'ഞങ്ങളുടെ വയർ നിറഞ്ഞിരിക്കുകയാ... ഇനി ഒന്നും കഴിക്കാൻ പറ്റില്ല' എന്നു കുഞ്ഞുങ്ങളും പറഞ്ഞു.

"സമ്പന്നൻ" എന്നു ഒരാൾ തന്നെക്കുറിച്ചു തന്നെ പറയുമ്പോൾ പ്രാപിക്കുവാനുള്ള അവരുടെ അവസരം നഷ്ടപ്പെടുകയാണ്. വെളിപ്പാട് 3:13-22 വരെയുള്ള വേദഭാഗത്ത് യേശുകർത്താവ് ഏഷ്യാമൈനറിലെ ഏഴു സഭകൾക്കു യോഹന്നാന്റെ വെളിപ്പാടിലൂടെ ദൂതു നല്കുമ്പോൾ അതിൽ ഒടുവിലത്തെ സഭയായ ലവോദിക്യസഭയോടു ദൂതറിയിക്കുമ്പോഴും ഇതുതന്നെയാണു പ്രശ്നം. ദാരിദ്ര്യത്തിന്റെ പടുകുഴിയിലായിട്ടും "ഞാൻ സമ്പന്നൻ, എനിക്കു ഒന്നിനും മുട്ടില്ല" എന്നു പറയുന്ന ലവോദിക്യസഭയെ കർത്താവിനു സഹായിക്കണമെന്നുണ്ടായിരുന്നു. എന്നാൽ സഹായം സ്വീകരിക്കാതെ അവർ പറയുന്നു: "ഞങ്ങളുടെ വയറു നിറഞ്ഞിരിക്കുകയാ... ഒന്നും അകത്തോട്ടു കയറില്ല."

ലൈക്കസ് നദിയുടെ തീരത്തുണ്ടായിരുന്ന ഒരു മനോഹര പട്ടണമായിരുന്നു ലവൊദിക്യ. അക്കാലയളവിലെ ഒരു സമ്പന്നപട്ടണം. റോമിനെപ്പോലെ ഏഴുമലകളിൽ പണിത മതിലുകളുള്ള ഒരു പട്ടണം. മാർബിളിൽ തീർത്ത വലിയ മൂന്നു തിയേറ്ററുകൾ പട്ടണവാസികളുടെ ഉല്ലാസങ്ങൾക്കായുണ്ടായിരുന്നു എന്നു പറയുമ്പോൾ സമൃദ്ധിയുടെയും ഉല്ലാസത്തിന്റെയും പട്ടണമായിരുന്നു എന്നതിനു സംശയമില്ലല്ലോ.

കൊലോസ്യ പട്ടണത്തിൽനിന്നു ഏകദേശം 30 കിലോമീറ്റർ മാത്രം അകലത്തായിരുന്നു ലവൊദിക്യ. അതിനാലാണ് പൗലൊസ് താൻ എഴുതിയ ലേഖനങ്ങൾ ഇരുപട്ടണങ്ങളിലെയും സഭകൾ അന്യോന്യം കൈമാറിയിരിക്കണമെന്നു പ്രബോധിപ്പിക്കുന്നത് (കൊലോസ്യർ 4:15,16).

ലവൊദിക്യ സഭയോടു കർത്താവു പറയുന്നു: "ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു..."(വെളിപ്പാട് 3: 14).

ഇവിടെ 'പ്രവൃത്തി' സാധാരണയിൽനിന്നു വ്യത്യസ്തമായ ഒന്നാണ്. ലവോദിക്യ സഭയുടെ ആരാധനയോ, ജീവകാരുണ്യപ്രവൃത്തിയോ, നല്ലതോ ചീത്തയോ ആയ മറ്റെന്തെങ്കിലും പ്രവൃത്തിയോ അല്ല ഇവിടെ പ്രതിപാദ്യം. അതൊക്കെ ദൈവം അറിയുന്നുണ്ട്; എന്നാൽ, ഇവിടെ കർത്താവു പറയുന്നതു ഞാൻ നിന്റെ "അവസ്ഥ" അറിയുന്നുവെന്നാണ്: 'നീ ഉഷ്ണവാനുമല്ല, ശീതവാനുമല്ല' എന്ന അവസ്ഥ ഞാൻ അറിയുന്നു! ദൈവം നമ്മുടെ പ്രവൃത്തികളെ അറിയുന്നു

എന്നതു വാസ്തവം. എന്നാൽ, പ്രവൃത്തിക്കുമപ്പുറത്ത് ദൈവം നമ്മുടെ അവസ്ഥയെ, നമ്മുടെ മനസ്സിനെ അറിയുന്നു!

താഴോട്ടു വായിക്കുമ്പോൾ ലവോദിക്യസഭ തങ്ങളെക്കുറിച്ചു പറയുന്നതും അവരുടെ യഥാർഥ അവസ്ഥയും തമ്മിലുള്ള വ്യത്യാസമാണു നാം കാണുന്നത്. ലവൊദിക്യസഭ തങ്ങളെക്കുറിച്ചുതന്നെ പറയുന്നത്: “ഞാൻ ധനവാൻ, സമ്പന്നനായിരിക്കുന്നു, എനിക്കു ഒന്നിനും മുട്ടില്ല”(വെളിപ്പാട് 3: 17) എന്നാണ്. എന്നാൽ കർത്താവിന്റെ ദൃഷ്ടിയിൽ അതു യാഥാർഥ്യമല്ല. “നീ നിർഭാഗ്യവാനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും” എന്നാണു കർത്താവു ലവോദിക്യസഭയെക്കുറിച്ചു പറയുന്നത്.

എന്തുകൊണ്ടാണു ലവൊദിക്യസഭ തങ്ങളെക്കുറിച്ചു തന്നെ ‘ധനവാൻ, സമ്പന്നൻ’എന്ന യാഥാർഥ്യമല്ലാത്ത അവസ്ഥ പറയുന്നത്? അവർ മനഃപ്പൂർവം കള്ളം പറയുകയാണോ? ആകണമെന്നില്ല. അവരെക്കുറിച്ചു അവർക്കുതന്നെ തോന്നുന്നത്, തങ്ങൾ സമ്പന്നൻ, ധനവാൻ എന്നാണ്. അതാണു വലിയ അപകടം! അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനുമായവൻ, സമ്പന്നനും ഒന്നിനും കുറവില്ലാത്തവനുമാണെന്നു സ്വയം ചിന്തിക്കാൻ തുടങ്ങിയാൽ അതു എത്ര അപകടകരമായ സ്വയവഞ്ചനയായിപ്പോകും!

പൗലൊസിനെപ്പോലുള്ള അപ്പൊസ്തലന്മാരുടെ പരിപാലനം അനുഭവിച്ചിട്ടുള്ള ലവൊദിക്യസഭ അരിഷ്ടതയിലേക്കു വീണുപോയതെങ്ങനെ? അരിഷ്ടതയിലിരിക്കുമ്പോഴും അവർക്കു അതു മനസിലാകാതെ പോകുന്നതെന്തുകൊണ്ട്? ദാരിദ്യത്തിലും സമ്പന്നൻ എന്നു ചിന്തിച്ചുവശാകുവാൻ പാകത്തിൽ അവരുടെ കണ്ണു കുരുടാക്കിയത് എന്ത്?

ലവൊദിക്യപട്ടണം ഒരു സമ്പന്നപട്ടണം ആയിരുന്നുവെന്നു നാം കണ്ടു. ഒരുപക്ഷേ പട്ടണത്തിന്റെ സാമ്പത്തിക ഉന്നമനം സഭയെയും സമ്പന്നമാക്കിയിരിക്കാം. പഴയതുപോലെ ‘കരഞ്ഞു പ്രാർഥിക്കാതെ’തന്നെ കാര്യങ്ങൾ ഭംഗിയായി നടക്കുന്നു. ദൈവം അനുഗ്രഹിച്ചിരിക്കുന്നു. ദൈവം അവരുടെ സകല ഭൗതികാവശ്യങ്ങളും നിർവഹിച്ചിരിക്കുന്നതുകൊണ്ടു അവർക്കു ‘നിറവു’ തോന്നുന്നു. ആത്മാവിന്റെ ഞരക്കത്തെപ്പറ്റി അവർ ചിന്തിക്കുന്നില്ല, അതു അവർ ശ്രദ്ധിക്കുന്നില്ല. അവരുടെ ആത്മീയപാപ്പരത്വത്തെ ഭൗതികസമൃദ്ധിയിൽ മുക്കിക്കൊല്ലാൻ അവർ പരിശ്രമിക്കുന്നു.

ആധുനികസഭയ്ക്കും പറ്റിയിരിക്കുന്ന പാളിച്ച അതാണ്. വിശ്വാസത്തിന്റെ പ്രഥമനാളുകളിൽ അവർക്കു കത്തീഡ്രലുകളില്ലായിരുന്നു, വമ്പൻ പാഴ്സനേജുകളില്ലായിരുന്നു, വിശ്വാസികൾക്കു പലർക്കും താമസിക്കുവാൻ വീടുകളില്ലായിരുന്നു, മിക്കവർക്കും നല്ല ജോലികളില്ലായിരുന്നു, പലരും അർധപട്ടിണിയിലായിരുന്നു. കാലം മാറിയപ്പോൾ കാര്യമെല്ലാം മാറി. കുടിലുകളുടെ സ്ഥാനത്തു വീടുകൾപോലുമല്ല കൊട്ടാരങ്ങൾ ഉയർന്നുവന്നു... ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളിൽ നിക്ഷേപങ്ങളുടെ അക്കങ്ങൾ ഇടത്തോട്ടു വളർന്നു. ആഡംബരം അനുദിന അനുഭവമായി... എല്ലാവരുടെയും സാക്ഷ്യങ്ങൾ ഒന്നുതന്നെയായി: ‘ദൈവം എത്ര വിശ്വസ്തൻ. എളിയവനെ കുപ്പയിൽനിന്നു ഉയർത്തി....’ഞാൻ സമ്പന്നൻ എനിക്കൊന്നിനും കുറവില്ല’.

ആത്മീയ കാര്യങ്ങളിലും തങ്ങൾ അത്ര മോശക്കാരല്ലെന്നു ഒരുപക്ഷേ, അവർ ചിന്തിക്കുന്നുണ്ടാവാം. കർത്താവു സഭയെ വിളിക്കുന്നത് ‘ശീതോഷ്ണവാൻ’ എന്നാണെന്നോർക്കുക. ശീതത്തിന്റെ കൂടെ അല്പം ഉഷ്ണവും ഇടയ്ക്കിടെ ലവൊദിക്യസഭയെ പിടികൂടും. പ്രാകൃതമായ നിലയിൽ ഭൗതികസമ്പന്നതയോടും ലോകമയത്വത്തോടും ജഡീകോല്ലാസത്തോടും ചേർന്നുനടക്കുന്ന ലവൊദിക്യാ സഭയ്ക്കു ഇതിനിടയ്ക്ക് ‘ആത്മീയപനി’ പിടിക്കും. പിന്നെ അവരുടെ ചില ആത്മീയപ്രകടനങ്ങളുടെ വേലിയേറ്റമാണ്. ആണ്ടിലൊരിക്കൽ നടക്കുന്ന വാർഷിക കൺവൻഷൻ, ഒരു ബൈബിൾ ക്ലാസ്, ഇരുപത്തൊന്നോ നാല്പതോ ദിവസം നടത്തുന്ന ഒരു ഉപവാസപ്രാർഥന, മിഷൻസണ്ടേ, വടക്കെ ഇന്ത്യയിലെ പ്രവർത്തനത്തിനുവേണ്ടി ഫണ്ടുപിരിവ്, ചിലപ്പോഴൊക്കെ മിഷൻഫീൽഡ് സന്ദർശനം, ഇടയ്ക്കൊക്കെ കരച്ചിൽ, അനുതാപം...ലോകമോഹങ്ങളുടെ ഹിമത്തണുപ്പിൽ ഇടയ്ക്കിടെ ആത്മീയതയുടെ കുറെ ചൂടുവെള്ളം കോരിയൊഴിച്ച് ‘ശീതോഷ്ണവാനാകുക’ ഓരോന്നു കഴിയുമ്പോഴും വീണ്ടും പഴയ ഹിമത്തണുപ്പിലേക്ക്!! ഭൗതികമായി ഒന്നും കുറവില്ലാതിരിക്കുമ്പോഴും സഭയിലെ മതചടങ്ങുകൾക്കു കുറവൊന്നുമില്ലാതിരിക്കുകയും ആരാധനയും സ്തുതിയുമെല്ലാം ‘ഹൈപ്രെയ്സി’ ലെത്തുമ്പോഴും ആത്മാവിന്റെ ആഴത്തിൽ ലവൊദിക്യസഭ ജീവിക്കാനൊരു പിടിയില്ലാതെ പിടയുകയാണ്. സമൃദ്ധിയിൽ മുഴുകി മയങ്ങിക്കിടക്കുമ്പോൾ, വിശുദ്ധിയുടെ പർവതത്തിൽ കയറാനാകാതെ സഭയൊന്നാകെ തളർന്നുകിടക്കുന്നു. കയറുന്നതു പോയിട്ട് യഹോവയുടെ പർവതത്തിൽ ഒന്നു കൈതൊടാൻ പോലുമാകാതെ– ഒന്നു

ശേഷം പേജ് 29 ▶



ബാബു ചെറിയാൻ

# ചെരുപ്പും കണ്ണാടിയും

വഴിയിലേക്ക് ഇറങ്ങിയാൽ നിറയെ കുഴികളാണ്. സൈഡിലേക്ക് മാറിയാൽ വല്ലാത്ത മുള്ളുകൾ ആണ്. എന്നാൽപ്പിന്നെ, വഴി മുഴുവൻ കാർപെറ്റ് വിരിച്ചാലോ? റോഡിന്റെ വശങ്ങളിലെ മുള്ളെല്ലാം പിഴുത് മാറ്റിയാലോ? എന്നിങ്ങനെ ചിന്തിച്ച് നിൽക്കുമ്പോൾ ഒരു വൃദ്ധൻ അതുവഴി വന്നു. എന്താ മോനെ നീ ആലോചിച്ച് നിൽക്കുന്നത് എന്ന് ചോദിച്ചപ്പോൾ യൗവനക്കാരൻ തന്റെ മനസ്സിലെ പ്ലാൻ പറഞ്ഞു. എന്റെ മോനെ, ഒരു ജോഡി ചെരുപ്പ് വാങ്ങുന്നതായിരിക്കും നല്ലത് എന്ന ഉപദേശം ആ യൗവനക്കരന്റെ മനസ്സ് മാറ്റി. റോഡ് മുഴുവൻ നന്നാക്കാൻ നമുക്ക് പറ്റില്ല. പിന്നെങ്ങനെ നാടു നന്നാകും? അപ്പോൾ പിന്നെ ചെരുപ്പിൽ ആശ്രയിക്കാം. ആ ചെരുപ്പിൽ നിന്നുകൊണ്ട് ചെയ്യാവുന്നത് ചെയ്യാം.

ഇതുപോലെ തന്നെയാണ് കണ്ണാടിയുടെ കാര്യവും. ഒരു രാജാവിന് മാരകമായ ഒരസുഖം ബാധിച്ചു. ഒത്തിരി ചികിത്സകൾ നടത്തിയിട്ടും ഫലം കണ്ടില്ല. ഒടുവിൽ പ്രശസ്തനായ ഒരു വൈദ്യനെ കൊണ്ടുവന്നു. അദ്ദേഹത്തിന്റെ പരിശോധനയ്ക്കുശേഷം രാജാവിനോട് പറഞ്ഞു: നിങ്ങളുടെ രോഗത്തിന് മരുന്നില്ല. രാജാവിന് വലിയ വിഷമമായി. വൈദ്യൻ പറഞ്ഞു, മരുന്നില്ല എന്നു മാത്രമേ ഞാൻ പറഞ്ഞുള്ളൂ; പരിഹാരം ഇല്ലെന്ന് പറഞ്ഞില്ല. അങ്ങയുടെ രോഗം കണ്ണിനോട് ബന്ധപ്പെട്ടതാണ്. അതുകൊണ്ട് രാജാവ് ഇനി മുതൽ പച്ചനിറം മാത്രമേ കാണുവാൻ പാടുള്ളൂ. പച്ച അല്ലാതെ യാതൊന്നും കാണരുത്. ഒരു മാസം കഴിഞ്ഞ് ഞാൻ വരാം. അപ്പോൾ തുടർചികിത്സ പറയാം.

വൈദ്യൻ പോയശേഷം രാജകല്പന പ്രകാരം സകലവും പച്ചയാക്കി. റാണിയുടെ വസ്ത്രം പച്ചയാക്കി. എല്ലാ കെട്ടിടങ്ങൾക്കും പച്ചപ്പെയിന്റ് അടിച്ചു. മൃഗങ്ങൾക്ക് പോലും പച്ചനിറം തേച്ചു. നാട്ടിലെ സകല മനുഷ്യരും പച്ച വസ്ത്രമാക്കി. പല റോഡുകളും മതിലുകളും പച്ച നിറത്താൽ നിറച്ചു. രോഗവിവരം അറിയുവാൻ ചില നാളുകൾക്ക് ശേഷം വൈദ്യൻ വന്നപ്പോൾ അത്ഭുതപ്പെട്ടു. കാരണം രാജ്യം മുഴുവൻ പച്ചനിറത്തിൽ ആക്കിയിരിക്കുന്നു. രാജാവ് വൈദ്യനെ വളരെ ബഹുമാനത്തോടെ സ്വീകരിച്ച് സൽക്കരിച്ചു. സമ്മാനങ്ങൾ നൽകി. പക്ഷേ വൈദ്യൻ രാജാവിന്റെ സൗഖ്യത്തിൽ സന്തോഷിച്ചു

**നമ്മുടെ കാഴ്ചപ്പാടിനെ മാറ്റുവാൻ നാം തയ്യാറായാൽ നമ്മുടെ സമൂഹത്തെ നമുക്ക് മാറ്റുവാൻ കഴിയും. അല്ലാത്ത പക്ഷം നമ്മൾ കാണുന്നത് എല്ലാം കുഴപ്പം ആയി തോന്നും.**

എങ്കിലും രാജാവിന്റെ ഭോഷത്വത്തെ പരിഹസിച്ചു. രാജാവേ, ഇത്ര പണം ചെലവാക്കി രാജ്യം മുഴുവൻ പെയിന്റ് അടിക്കേണ്ട ആവശ്യമുണ്ടോ? ഒരു പച്ചക്കണ്ണാടി വാങ്ങിയാൽ മതിയായിരുന്നല്ലോ.

നമ്മുടെ കാഴ്ചപ്പാടിനെ മാറ്റുവാൻ നാം തയ്യാറായാൽ നമ്മുടെ സമൂഹത്തെ നമുക്ക് മാറ്റുവാൻ കഴിയും. അല്ലാത്തപക്ഷം നമ്മൾ കാണുന്നത് എല്ലാം കുഴപ്പം ആയി തോന്നും. എല്ലാം തകർന്നു, ഒന്നും ശരിയല്ല, ആരും ശരിയല്ല, ഇനി ഒരു പ്രതീക്ഷയ്ക്കു വകയില്ല എന്നൊക്കെ നമുക്ക് തോന്നുന്നത് നമ്മുടെ കണ്ണിന്റെയും കൂടി പ്രശ്നമാണ്.

പരീശന്റെ വീട്ടിൽ ഭക്ഷണത്തിന് വന്ന യേശു അവനോട് ആവശ്യപ്പെട്ടതും ഇതുതന്നെയാണ്. നിന്റെ കാഴ്ചപ്പാട് മാറണം. യേശുകർത്താവ് ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുമ്പോൾ പട്ടണത്തിലെ പാപിനിയായ സ്ത്രീ അവിടെ വന്നു. അവളെ ആരും ക്ഷണിച്ചതല്ല. യേശു ഉള്ളിടത്ത് വരുവാൻ ആരുടെയും ക്ഷണമോ അനുവാദമോ ആവശ്യം ഇല്ലല്ലോ. പക്ഷേ അവളുടെ വരവും കരച്ചിലും ഒന്നും പരീശനു ഇഷ്ടപ്പെട്ടില്ല. അവൻ ആ സ്ത്രീയെ മാത്രമല്ല യേശുവിനെയും തെറ്റിദ്ധരിച്ചു. യേശുവിനെ ക്ഷണിച്ചത് തന്നെ മണ്ടത്തരമായിപ്പോയി എന്ന് ശിമോന് തോന്നി. യേശുകർത്താവ് ഒരു കടങ്കഥയിലൂടെ ശീമോനെ ബോധവൽക്കരിക്കാൻ ശ്രമിക്കുന്നു.

ഒടുവിൽ ഒരു ചോദ്യം: ശീമോനെ, നീ ഈ സ്ത്രീയെ കാണുന്നുവോ? അതെ കർത്താവേ, ആ ചോദ്യം തന്നെയാണ് എനിക്കും അങ്ങയോട് ചോദിക്കാനുള്ളത് എന്നാണ് ശീമോൻ ഉള്ളിൽ പിറുപിറുത്തത്. പക്ഷേ മിണ്ടാതെ മൗനമായി തുടർന്നു. യേശു എന്താണ് അർത്ഥമാക്കിയത്? ശീമോനെ, നീ അവളെത്തന്നെയാണ് കുറേ സമയമായി ശ്രദ്ധിക്കുന്നത് എന്ന് എനിക്കറിയാം. പക്ഷേ നീ കാണാത്ത ചിലത് ഞാൻ കണ്ടു. അവൾ കരഞ്ഞു, ആ ചൂടുള്ള കണ്ണുനീർ എന്റെ കാലിൽ വീണു. അപ്പോൾ നീ എന്റെ കാൽകഴുകിത്തരാതിരുന്നത് ഞാൻ ഓർത്തു. അവൾ തന്റെ വിലയേറിയ മുടി കൊണ്ട് എന്നെ തുവർത്തിയപ്പോൾ നിന്റെ അശ്രദ്ധയെ ഞാൻ പിന്നെയും ശ്രദ്ധിച്ചു. അവൾ വിലയേറിയ തൈലം, പൂശിയപ്പോൾ നീ ചെയ്യേണ്ടത് ആണല്ലോ അവൾ ചെയ്തത് എന്ന് ഞാൻ ഓർത്തു. നീ അവളെ കാണുന്നതുപോലെ അല്ല ഞാൻ അവളെ കണ്ടത്. നീ എന്നെ കാണുന്നതുപോലെ അല്ല ഞാൻ നിന്നെയും കാണുന്നത്. സമൂഹം നിന്നെ കാണുന്നതുപോലെ അല്ല ഞാൻ നിന്നെ കാണുന്നത്. ശീമോനെ നിന്റെ കണ്ണാടി മാറ്റേണ്ട സമയം ആയി (ലൂക്കോസ് 7 :36 - 50). •

## മാന്യവരിക്കാരുടെ ശ്രദ്ധയ്ക്ക്

- അഡ്രസ് സ്ളിപ്പിന്റെ ഇടതുവശത്തു മുകൾ ഭാഗത്തു കൊടുത്തിരിക്കുന്ന ID നമ്പർ ഓഫീസുമായി ബന്ധപ്പെടുമ്പോൾ അറിയിക്കേണ്ടതാണ്.
- പലരുടെയും വരിസംഖ്യാകാലാവധി കഴിഞ്ഞിരിക്കുന്നതിനാൽ വരിസംഖ്യ അടയ്ക്കുന്നത് ഈ ശുശ്രൂഷയ്ക്ക് വലിയ സഹായമായിരിക്കും. പേജ് 31 ൽ കൊടുത്തിരിക്കുന്ന QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്. കുടിശിക എത്രയെന്നറിയുവാൻ ഓഫീസുമായി ബന്ധപ്പെടുക.
- വിലാസം അപൂർണ്ണമായതിനാൽ ചില മാസികകൾ മടങ്ങി വന്നിട്ടുണ്ട്. ഫോൺ നമ്പർ ഇല്ലാത്തതിനാൽ ബന്ധപ്പെടുവാനും കഴിയുന്നില്ല. മാസിക കിട്ടാത്തവർ ഓഫീസുമായി ബന്ധപ്പെടുക.
- മേൽവിലാസത്തിൽ മാറ്റം വരുന്നപക്ഷം പഴയ വിലാസവും, മാറിയ പുതിയ വിലാസവും ഫോൺനമ്പറും ഓഫീസിൽ അറിയിക്കുക. (Office : 9495 435 336, Editor : 9495 213 269 E-mail: editornerveedhi@gmail.com)
- കമ്പ്യൂട്ടർ കോപ്പി (PDF) ആവശ്യമുള്ളവർ E-mail ID അയച്ചു തരിക.
- നിങ്ങളുടെ സുഹൃത്തുക്കൾക്കും സഹപ്രവർത്തകർക്കും മാസിക പരിചയപ്പെടുത്തുന്നത് ഈ ശുശ്രൂഷയ്ക്ക് സഹായകരമാണ്.

എഡിറ്റർ



ചെയ്സ് ജോസഫ്

# നീതി വിശ്വാസത്താലോ പ്രവൃത്തിയാലോ?

(പാർട്ട് 1 )

നല്ലതു പ്രവർത്തിക്കുന്നവരെ അല്ലേ നീതിമാന്മാർ എന്ന് വിളിക്കേണ്ടത്? അങ്ങനെ എങ്കിൽ നല്ലതു പ്രവർത്തിക്കാൻ വേണ്ടി ജീവിതം മുഴുവൻ മാറ്റി വച്ച പരീശന്മാർ അല്ലേ നീതിമാന്മാർ ആയി പ്രഖ്യാപിക്കപ്പെടേണ്ടിയിരുന്നത്? എന്നിട്ട് മറ്റു പാപികളായ മനുഷ്യരോട് നിങ്ങൾ പരീശന്മാരെ പോലെ നല്ലതു ചെയ്യൂ എന്നല്ലേ പറയേണ്ടിയിരുന്നത്? എങ്കിലും എന്താണ് സംഭവിച്ചത്? നീതി അന്വേഷിക്കാതെ സ്വന്ത ഇഷ്ട പ്രകാരം നടന്ന ജാതികൾ നീതി പ്രാപിച്ചു, എന്നാൽ നീതിയെ അന്വേഷിച്ചു അതിനു വേണ്ടി എല്ലാം ചെയ്ത യഹൂദന്മാർ അവിടെ എത്തിയില്ല. ഈ ഒരു വലിയ ചോദ്യത്തിന് ഉള്ള ഉത്തരം ആണ് ഇനിയുള്ള വാക്യങ്ങളിൽ പൗലോസ് നൽകുന്നത്.

എന്തുകൊണ്ടാണ് നീതി അന്വേഷിച്ചു പോയ യഹൂദന്മാർക്കു നീതി പ്രാപിക്കുവാൻ കഴിയാതെ പോയത്? നിങ്ങൾ ഒരു യഹൂദനെയും ഒരു വിജാതീയനെയും ഉദാഹരണമായി എടുക്കുക, അല്ലെങ്കിൽ ഇന്ന് ദൈവഭക്തർ എന്ന് വിളിക്കപ്പെടുന്ന മതാനുസാരികളെ ഒരു വശത്തും, തന്നിഷ്ട പ്രകാരം നടക്കുന്ന സാധാരണക്കാരെ മറുവശത്തും നിർത്തി ഒന്ന് ചിന്തിച്ചു നോക്കുക. ദൈവം ആരുടെ കൂടെ ആണ്? ആരാണ് നീതി പ്രാപിക്കാൻ പോകുന്നത്? തീർച്ചയായും മനുഷ്യബുദ്ധിയുടെ ഏതു മാനദണ്ഡം അനുസരിച്ചു നോക്കിയാലും അദ്ധ്വാനിക്കുന്നവനാണ് പ്രതിഫലം വാങ്ങിക്കേണ്ടത്. നീതിക്കു കഷ്ടപ്പെട്ട് അതിനായി സുഖസൗകര്യങ്ങൾ മാറ്റിവച്ച് ദൈവത്തെ പ്രസാദിപ്പിക്കാൻ അന്വേഷിച്ചവരെ എങ്ങനെയാണ് മാറ്റി നിർത്താൻ സാധിക്കുന്നത്? എന്നാൽ ദൈവം അത് തന്നെയാണ് ചെയ്യുന്നത്. ഇത് അത്ഭുതകരമാണ്. എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്? നമുക്ക് റോമർ 9:25 മുതൽ 29 വരെയുള്ളത് ശ്രദ്ധയോടെ ധ്യാനിക്കാം.

എന്റെ ജനമല്ലാത്തവരെ എന്റെ ജനം എന്നും പ്രിയയല്ലാത്തവളെ പ്രിയ എന്നും ഞാൻ വിളിക്കും. നിങ്ങൾ എന്റെ ജനമല്ല എന്നു അവരോടു പറഞ്ഞ ഇടത്തിൽ അവർ ജീവനുള്ള ദൈവത്തിന്റെ മക്കൾ എന്നു വിളിക്കപ്പെടും എന്നു ഹോശേയാപുസ്തകത്തിലും അരുളിച്ചെയ്യുന്നുവല്ലോ. യെശയ്യാവോ യിസ്രായേലിനെക്കുറിച്ചു യിസ്രായേൽമക്കളുടെ എണ്ണം കടൽക്കരയിലെ മണൽ പോലെ ആയിരുന്നാലും ഒരു ശേഷിപ്പത്രേ രക്ഷിക്കപ്പെടൂ. കർത്താവു ഭൂമിയിൽ

തന്റെ വചനം നിവർത്തിച്ചു ക്ഷണത്തിൽ തീർക്കും എന്നു വിളിച്ചു പറയുന്നു. സൈന്യങ്ങളുടെ കർത്താവു നമുക്കു സന്തതിയെ ശേഷിപ്പിച്ചില്ലെങ്കിൽ നാം സോദോമെപ്പോലെ ആകുമായിരുന്നു, ഗൊമോറെക്കു സദൃശമാകുമായിരുന്നു എന്നു യെശയ്യാ മുമ്പുകൂട്ടി പറഞ്ഞിരിക്കുന്നുവല്ലോ.

ഈ വാക്യങ്ങൾ നമുക്ക് വ്യക്തമാക്കി തരുന്നത് സ്വഭാവത്താലോ തെരഞ്ഞെടുപ്പിനാലോ ദൈവത്തിന്റെ ജനം അല്ലാതിരുന്ന ഒരുകൂട്ടത്തെ സ്വന്തമാക്കി മാറ്റുന്ന ദൈവീക പദ്ധതിയെ കുറിച്ചാണ്. യിസ്രായേൽ മുഴുവൻ രക്ഷിക്കപ്പെടുകയില്ല എന്നും അതിലെ ഒരു ശേഷിപ്പും ജാതികളുടെ ഒരു ശേഷിപ്പും ആണ് ദൈവത്തിനു പ്രിയമുള്ളവരായി മാറുന്നത് എന്നും നമുക്ക് കാണാൻ കഴിയും. അത് തീർച്ചയായും ന്യായപ്രമാണത്തിന്റെയോ മന:സാക്ഷിയുടെയോ പ്രവൃത്തികളാലോ മാനുഷീക യത്നങ്ങളാലോ അല്ല എന്നാണ് പൗലോസ് ഉദ്ദേശിക്കുന്നത്. നാം, കഴിഞ്ഞ ലക്കത്തിൽ ചിന്തിച്ച തെരെഞ്ഞെടുപ്പ് എന്ന വിഷയം ഈ പശ്ചാത്തലത്തിൽ ആണ് പൗലോസ് ഉപയോഗിക്കുന്നത്,

ജഡപ്രകാരം ഏശാവ് ആണ് ജ്യേഷ്ഠസ്ഥാനത്ത് ഉള്ളത്, പക്ഷെ തെരെഞ്ഞെടുപ്പ് യാക്കോബിനാണ്. അതുപോലെ ജഡപ്രകാരം യിസ്രായേൽ ആണ് ദൈവത്തിന്റെ സന്തതി, എന്നാൽ വാഗ്ദത്തപ്രകാരം വിശ്വസിക്കുന്നവരാണ്. അതിൽ യഹൂദന്മാരുടെയും വിജാതീയരുടെയും ഒരു ശേഷിപ്പുണ്ട്. അത് ദൈവത്തിന്റെ മുന്നറിവാണ്. അതിന്റെ കാരണം പൗലോസ് പറയുന്നത്, ഇങ്ങനെ ദൈവം ഒരു സന്തതിയെ വാഗ്ദത്തപ്രകാരം ശേഷിപ്പിച്ചില്ലായിരുന്നു എങ്കിൽ സോദോമിന് ലഭിച്ചതിൽ കുറഞ്ഞതൊന്നും നമ്മൾ അർഹിക്കുന്നില്ലായിരുന്നു. അതായതു സോദോമിനെ ശിക്ഷിച്ച പോലെ നമ്മെയും ശിക്ഷിക്കാൻ കഴിയുമായിരുന്നു എന്ന് പൗലോസ് പറയുന്നു. സ്വാഭാവികമായി നോക്കിയാൽ, ദൈവത്തിന്റെ കരുണ വെളിപ്പെട്ടില്ലെങ്കിൽ നാമും സോദോമിന് ലഭിച്ച ശിക്ഷയിൽ കുറഞ്ഞൊന്നും അർഹിക്കുന്നില്ല എന്ന് പൗലോസ് വ്യക്തമാക്കുന്നു.

നീതിക്കു വേണ്ടി ഇത്രയും കഷ്ടപ്പെട്ട പരീശന്മാരും ശേഷം യഹൂദരും എങ്ങനെയാണ് സോദോമ്യ ശിക്ഷാവിധിക്കു അർഹരായിത്തീരുന്നതു? മനുഷ്യന്റെ ഏതു പ്രവൃത്തിയും ദൈവത്തിനു മുൻപിൽ ചാരമായി തീരേണ്ട കറ പുരണ്ട തുണി പോലെ മാത്രമേ ഉള്ളു. അതായതു നിലനിൽക്കുകയില്ല എന്നർത്ഥം. ചുരുക്കത്തിൽ, എന്താണ് സംഭവിച്ചത്?

റോമർ 9: 30,31 ആകയാൽ നാം എന്തു പറയേണ്ടു? നീതിയെ പിന്തുടരാത്ത ജാതികൾ നീതിപ്രാപിച്ചു, വിശ്വാസത്താലുള്ള നീതി തന്നേ. നീതിയുടെ പ്രമാണം പിന്തുടർന്ന യിസ്രായേലോ ആ പ്രമാണത്തിങ്കൽ എത്തിയില്ല. ഇത് ശരിക്കും മതത്തിന്റെ അവസാനം ആണ്. നിബന്ധനകൾ കൊണ്ട് മനുഷ്യന്റെ പ്രവൃത്തികളെ നിയന്ത്രിക്കാൻ കഴിയുന്നുണ്ട്, എന്നാൽ അവനെ നീതിമാനാക്കാൻ കഴിയുന്നില്ല. അതുകൊണ്ട് മതം പറയുകയാണ്, ഞങ്ങൾ തോറ്റു. ഇവനെ നന്നാക്കാൻ ഞങ്ങൾക്ക് കഴിയുകയില്ല. എത്ര പിന്തുടർന്നിട്ടും അവർ നീതിയുടെ ഒരു പ്രമാണത്തിൽ എത്തുന്നില്ല. ജീവൻ ലഭിക്കുന്ന ഒരു നീതിപ്രമാണത്തിൽ എത്തുന്നില്ല.

**ഏതു പ്രമാണവും, അത് മതത്തിന്റെതായാലും സമൂഹത്തിന്റെതായാലും, പാപത്തെ നിയന്ത്രിക്കുകയും ഒരു നീതി വ്യവസ്ഥ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ എന്തുകൊണ്ടാണ് ദൈവത്തിന്റെ നീതിയുടെ പ്രമാണം മാത്രം അനുസരിക്കാൻ ശ്രമിച്ച നല്ല മനുഷ്യരുടെ ഇടർച്ചക്കു അത് കാരണമായത്?**

അപ്പോൾ വേണമെങ്കിൽ നമുക്ക് ചോദിക്കാം. ന്യായപ്രമാണത്തിൽ അനുസരണത്തെ പിന്തുടർന്നാൽ നീതി കിട്ടുകയില്ല, പാപബോധം ഉണ്ടാവുകയേ ഉള്ളൂ എന്ന് പറയുന്നുവല്ലോ. അങ്ങനെയെങ്കിൽ ന്യായപ്രമാണം ദൈവവാഗ്ദത്തങ്ങൾക്കു വിരോധമാണോ? (ഗലാത്യർ 3:21), പൗലോസ് തുടരുന്നു: ഒരു നാളും അല്ല. പക്ഷെ, ലഭിച്ച പ്രമാണം ജീവിപ്പിക്കാൻ കഴിയുന്നതല്ല. എല്ലാ ഭൗതീക പ്രമാണങ്ങളുടെയും സ്ഥിതി അതാണ്. അവ ഒന്നും ആരെയും ജീവിപ്പിക്കുന്നില്ല. എന്നാൽ പാപത്തെ നിയന്ത്രിക്കാൻ അവ ഉപയോഗപ്പെടുന്നു. മാത്രമല്ല ലോകത്തിലെ ഏതു നിയമവും ഒരു മാനുഷീക നീതി ഉളവാക്കുന്നുണ്ട്. ഒരു സ്കൂളിലെ നിയമങ്ങൾ, പ്രശ്നങ്ങൾ ഉണ്ടാകാൻ ഉള്ള സാധ്യത കുറയ്ക്കുകയും അച്ചടക്കമുള്ള നല്ല കുട്ടികളെ വാർത്തെടുക്കുകയും ചെയ്യുന്നു. ഏതു പ്രമാണവും, അത് മ

ശേഷം പേജ് 23 ▶



ജോർജ് മാത്യു, പുതുപ്പള്ളി

# അപകടകാരിയായ അഹംഭാവം

അനുസരണക്കേടാണ് ശൗലിന്റെ രാജസ്ഥാനം നഷ്ടപ്പെടുത്തിയത്. നാം സ്വയമായി തിരഞ്ഞെടുക്കുന്ന ജോലിയിലും ത്യാഗങ്ങളിലും ദൈവം തല്പരനല്ല. ദൈവത്തിനു വേണ്ടിയാണ് നാം അതു ചെയ്യുന്നതെന്നു പറഞ്ഞിട്ടും കാര്യമില്ല. ദൈവകല്പന അനുസരിക്കാൻ ശൗൽ മടി കാട്ടിയപ്പോൾ ശമുവേൽ പ്രവാചകൻ അവനെ ഓർമിപ്പിക്കുന്നതു ശ്രദ്ധിക്കുക: ഇതാ, അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസിനെക്കാളും നല്ലത്' (1 ശമുവേൽ 15 : 22). അനുസരണം എന്നത് ദൈവത്തോടുള്ള കലർപ്പില്ലാത്ത സ്നേഹമാണ്. സ്വയത്തെ പ്രസാദിപ്പിക്കാനുള്ള സ്വാർത്ഥപരമായ അഭിലാഷമാണ് നമ്മെ അനുസരണക്കേടിലേക്കു നയിക്കുന്നത്.

വിശ്വാസികൾ പൊതുവെ പ്രകടമായി അനുസരണക്കേട് കാട്ടാറില്ല. അനുസരണമില്ലായ്മയ്ക്കും ഒരു കപടവേഷം നാം കണ്ടെത്തുന്നു. ചെയ്യുന്നതെല്ലാം ദൈവത്തിനു വേണ്ടിയാണെന്ന് നാം ചിന്തിക്കുന്നു. മരണകരമായ പാപങ്ങളുടെ പട്ടികയിലാണ് തിരുവചനം അനുസരണക്കേടിനെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വക പ്രവർത്തിക്കുന്നവർ മരണയോഗ്യർ എന്നുള്ള ദൈവന്യായം അവർ അറിഞ്ഞിട്ടും അവയെ പ്രവർത്തിക്കുക മാത്രമല്ല പ്രവർത്തിക്കുന്നവരിൽ പ്രസാദിക്കുകയും കൂടി ചെയ്യുന്നു' (റോമർ 1 : 32). അനുസരണമില്ലാത്തവർ ദൈവേഷ്ടം നിരസിക്കുന്നവരാണ്. മരണത്തിന്റെ രാജ്യത്തിൽ ഒരു രണ്ടാം മരണത്തിന് അവർ വിധേയരാകും.

യിസ്രായേൽ ജനതയുടെ ചരിത്രം അനുസരണക്കേടിന്റെ ഭവിഷ്യത്തുകൾ ചൂണ്ടിക്കാട്ടുന്നു. അനുസരണക്കേടിനാൽ അനേകർ മരുഭൂമിയിൽ പട്ടുപോയി. നിന്റെ ദൈവമായ യഹോവയുടെ വാക്കു കേട്ടനുസരിച്ചാൽ ഈ അനുഗ്രഹങ്ങളെല്ലാം നിനക്കു സിദ്ധിക്കും. പട്ടണത്തിൽ നീ അനുഗ്രഹിക്കപ്പെടും' എന്ന ദൈവത്തിന്റെ വാക്കുകൾക്ക് അവർ ചെവി കൊടുത്തില്ല. സ്നേഹത്തെ പ്രതിയാണ് ദൈവം അവർക്കു കല്പനകൾ നൽകിയതും അവരിൽ നിന്ന് അനുസരണം ആവശ്യപ്പെട്ടതും. ദൈവം നമുക്കു കല്പനകൾ നൽകുന്നതും നമ്മോടുള്ള സ്നേഹക്കൂടുതൽ കൊണ്ടാണ്. നാം ദൈവത്തെ അനുസരിച്ചാൽ അവിടുന്ന് നമ്മെ സ്വർഗ്ഗീയ സൗഭാഗ്യത്തിലേക്കു നയിക്കും. അനുസരണക്കേട് നമ്മെ കൊണ്ടെത്തിക്കുക ദൗർഭാഗ്യത്തിലേക്കാണ്.

അനുസരണമില്ലായ്മ ജീവിതങ്ങളെ നശിപ്പിക്കുകയും ലോകത്തെ തകർച്ചയിലേക്കു നയിക്കുകയും ചെയ്യുന്നു. അനുസരണക്കേടിന്റെ ശാപം ലോകത്തെ ഗ്രസിച്ചിരിക്കുന്നു. യിസ്രായേലിനെക്കുറിച്ചോ, അനുസരിക്കാത്തതും മറുത്തുപറയുന്നതുമായ ജനത്തിങ്കലേക്കു ഞാൻ ഇടവിടാതെ കൈനീട്ടി' എന്ന് ദൈവം പറയുന്നു (റോമർ 10 : 21). സ്വന്തം വിചാരങ്ങളെ അനുസരിച്ച് ആകാത്ത വഴിയിൽ നടക്കുന്ന മത്സരമുള്ള ജനത്തിങ്കലേക്കു ഞാൻ കൈനീട്ടുന്നു' എന്ന് യെശയ്യാവും പ്രവചിക്കുന്നു (യെശയ്യാവ് 65: 2). പലപ്പോഴും തനിക്കുള്ളവരാണ് അനുസരണമില്ലായ്മയുടെ അപകടത്തിൽപ്പെട്ടു പോകുന്നതെന്നോർത്ത് ദൈവം ദു:ഖിക്കുന്നു.

ഭക്തിയുടെ വേഷം ധരിച്ച അനുസരണമില്ലായ്മ ഏറെ അപകടം പിടിച്ചതാണ്. ദൈവത്തെ അനുസരിക്കാതെ ദൈവത്തിനായി വേല ചെയ്യുന്നവരാണ് ഈ ഗണത്തിൽപ്പെടുന്നത്. അവർ ഫലം കാ

യ്ക്കുന്നില്ല. അവരുടെ പ്രവൃത്തികളിൽ ദൈവാനുഗ്രഹം ഉണ്ടാകുന്നുമില്ല. ദൈവത്തോടോ മനുഷ്യരോടോ ഉള്ള നിർമ്മലമായ സ്നേഹത്തിൽ അധിഷ്ഠിതമല്ല അവരുടെ പ്രവർത്തനം. സ്വയസംതൃപ്തിക്കു വേണ്ടി മാത്രമാണ് അവർ ദൈവവേല ചെയ്യുന്നത്. പിശാച് എത്ര സമർത്ഥമായ രീതിയിലാണ് അവരെ വഞ്ചിക്കുന്നത്. അനുസരണക്കേട് നമ്മെ അഹംഭാവത്തിലേക്കും നയിക്കും. മറ്റുള്ളവർ തങ്ങളെ പുകഴ്ത്തണമെന്നാണ് അഹംഭാവികൾ ആഗ്രഹിക്കുന്നത്. പുറമെ ആകർഷണീയമായ ഭാവവും ഭംഗിയുള്ള വേഷവിധാനവും അവരുടെ അലങ്കാരങ്ങളാണ്. മറ്റുള്ളവരുടെ സ്നേഹവും ബഹുമാനവും പിടിച്ചുപറ്റി ബഹുജനമദ്ധ്യത്തിൽ നല്ലവനായി ചമയുക എന്നതാണ് അവരുടെ ജീവിതോദ്ദേശ്യം. മുഖക്കണ്ണാടി നോക്കി ആനന്ദം കൊള്ളുന്ന ഇക്കൂട്ടർ മറ്റൊരു കണ്ണാടിയുടെ കാര്യം വിസ്മരിച്ചുപോകുന്നു. ദൈവത്തിന്റെ മുഖമാകുന്ന കണ്ണാടി. ആ കണ്ണാടിയാണ് നമ്മുടെ യഥാർത്ഥ ചിത്രം പ്രതിഫലിപ്പിക്കുക.

ദൈവമുഖമാകുന്ന കണ്ണാടിയിലൂടെ നാം നോക്കുമ്പോൾ നമ്മുടെ നിസാരത്വവും ഒന്നുമില്ലായ്മയും നമുക്കു വ്യക്തമാകും. നമ്മുടെ യഥാർത്ഥ മുഖം കണ്ടു നാം ഞെട്ടിത്തരിക്കും. നമ്മുടെ പൊള്ളപ്പകിട്ടു കൊണ്ടു കെട്ടിപ്പൊക്കിയ ചീട്ടുകൊട്ടാരങ്ങൾ തകർന്നു വീഴും. ദൈവമുഖമാകുന്ന കണ്ണാടിയെ അവഗണിച്ചുകൊണ്ടാണ് നമ്മുടെ ജീവിതമെങ്കിൽ നാം നമ്മെത്തന്നെ വഞ്ചിക്കുകയായിരിക്കും ചെയ്യുക. മറ്റുള്ളവർ തങ്ങളെപ്പറ്റി എന്തു പറയുന്നു എന്നുള്ളതിന്മേൽ ആയിരിക്കും അഹംഭാവികൾ തങ്ങളുടെ എല്ലാ പ്രവർത്തനങ്ങളെയും കേന്ദ്രീകരിക്കുക. അതു നമുക്കു ചുറ്റുമുള്ളവരെ നിർഭാഗ്യവാന്മാരാക്കും. നമ്മുടെ അഹങ്കാരത്തിനും പൊള്ളപ്പകിട്ടിനും അനുസരിച്ചു അവർ തുള്ളണമെന്നാണല്ലോ നാം ആഗ്രഹിക്കുന്നത്. അഹംഭാവം നമ്മെ തികഞ്ഞ സ്വാർത്ഥരാക്കിത്തീർക്കുന്നു. സ്വാർത്ഥത വിഗ്രഹമാകുന്നതോടെ അഹംഭാവം നമ്മിൽ മൂർദ്ധന്യാവസ്ഥയിലെത്തുന്നു. ദൈവത്തിന്റെ സ്ഥാനത്തെ അപഹരിക്കാനാണല്ലോ എല്ലാ വിഗ്രഹങ്ങളും ശ്രമിക്കുക. നമുക്ക് ദൈവത്തെയും അഹന്തയെന്ന വിഗ്രഹത്തെയും ഒരേ സമയം സേവിക്കുവാൻ കഴിയുകയില്ല. നമ്മുടെ അഹന്തയ്ക്കു മുമ്പിൽ മറ്റുള്ളവർ ധൂപം വീശണമെന്നാണ് നമ്മുടെ ആഗ്രഹം.

നമ്മിലുള്ള അഹംഭാവം, നമ്മുടെ കഴിവുകളെയും സൗന്ദര്യത്തെയും വിദ്യാഭ്യാസത്തെയും

**ദൈവമുഖമാകുന്ന കണ്ണാടിയിലൂടെ നാം നോക്കുമ്പോൾ നമ്മുടെ നിസാരത്വവും ഒന്നുമില്ലായ്മയും നമുക്കു വ്യക്തമാകും. നമ്മുടെ യഥാർത്ഥ മുഖം കണ്ടു നാം ഞെട്ടിത്തരിക്കും. നമ്മുടെ പൊള്ളപ്പകിട്ടു കൊണ്ടു കെട്ടിപ്പൊക്കിയ ചീട്ടുകൊട്ടാരങ്ങൾ തകർന്നുവീഴും.**

സാമ്പത്തികനേട്ടങ്ങളെയും മറ്റുള്ളവർ താലോലിക്കണമെന്ന് ആഗ്രഹിക്കുന്നു. അഹംഭാവികളിൽ ദൈവം പ്രസാദിക്കുന്നില്ല എന്നതാണ് സത്യം. മറ്റുള്ളവരുടെ മുമ്പാകെ ഞാൻ ഏതുമില്ല എന്നു കരുതുന്നവനിൽ മാത്രമേ ദൈവം പ്രസാദിക്കുകയുള്ളൂ. മനുഷ്യരിൽ നിന്നുള്ള പ്രസാദം ആഗ്രഹിച്ച് ദൈവപ്രസാദം നഷ്ടപ്പെടുത്തുന്നത് ഭയാനകമാണ്. അത് യേശുവിൽനിന്നു നമ്മെ അകറ്റും. തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ട് ഏകദൈവത്തിന്റെ പക്കൽ നിന്നുള്ള ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കുവാൻ കഴിയും? എന്ന് യേശു പരീശന്മാരോടു ചോദിക്കുന്നു (യോഹന്നാൻ 5 : 44).

ദൈവകൃപ ലഭിക്കണമെങ്കിൽ അഹംഭാവത്തിൽ നിന്നും പൊങ്ങച്ചത്തിൽ നിന്നും നാം സ്വാതന്ത്ര്യം പ്രാപിക്കണം. തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയങ്ങളിലാണ് ദൈവം പ്രസാദിക്കുക. ഉന്നതഭാവവും സ്വയപ്രശംസയും ദൈവം വെറുക്കുന്നു. കണ്ണിൽ എഴുതുവാനുള്ള ലേപത്തെക്കുറിച്ച്' വെളിപ്പാട് പുസ്തകത്തിൽ നാം വായിക്കുന്നു (വെളിപ്പാട് 3:18). താഴ്മ എന്ന ലേപനം കൊണ്ട് നമുക്ക് കണ്ണെഴുതാം. നമ്മുടെ ഗുണവിശേഷങ്ങളെപ്പറ്റി ആരുടെ മുമ്പിലും പ്രശംസിക്കാതിരിക്കാം. തന്നിൽത്തന്നെ പ്രസാദം കാണാത്ത ഒരുവനുണ്ട്. അവിടുത്തെ പേരാണ് യേശുക്രിസ്തു. അവിടുത്തേയ്ക്കു മാത്രമാണ് തന്നിൽത്തന്നെ പ്രസാദം കാണാൻ അർഹതയുള്ളത്. നമ്മുടെ രക്ഷയ്ക്കായി യേശുകർത്താവ് അതു വേണ്ടെന്നുവച്ചു. നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെമേൽ വീണു എന്ന് എഴുതിയിരിക്കുന്നതുപോലെ, ക്രിസ്തുവും തന്നിൽത്തന്നെ പ്രസാദിച്ചില്ല' (റോമർ 15 : 3). അനുസരണക്കേടും അഹംഭാവവും പൊള്ളപ്പകിട്ടും തീണ്ടാത്ത, യേശുകർത്താവിന്റെ പൊൻമുഖച്ഛായയിലേക്ക് അവിടുന്ന് നമ്മെയും രൂപാന്തരപ്പെടുത്തട്ടെ. ●

# അരങ്ങുതകർക്കുന്ന അഴിമതിക്കാർ

അടുത്ത സമയത്ത് കൈക്കൂലിക്കേസിൽ പിടിയിലായ ഒരു സർക്കാർ ഉദ്യോഗസ്ഥ, തന്നെ അറസ്റ്റ് ചെയ്ത ഉദ്യോഗസ്ഥരോട് പറഞ്ഞത് വളരെ പ്രാധാന്യത്തോടെ മിക്ക മലയാളവർത്തമാനപ്പത്രങ്ങളും റിപ്പോർട്ട് ചെയ്തിരുന്നു. ഞാൻ മാത്രമല്ല, എന്റെ ഓഫീസിലെ പലരും കൈക്കൂലി വാങ്ങുന്നവരാണ് എന്നായിരുന്നു അവരുടെ തുറന്നുപറച്ചിൽ. അഴിമതിരഹിത ഭരണം ഉണ്ടാകണം എന്നാഗ്രഹിക്കുന്ന പലരെയും നിരാശരാക്കിയ ഒരു പ്രസ്താവനയായിരുന്നു ഇത്. സമൂഹത്തിന്റെ എല്ലാ മേഖലകളിലും അഴിമതി എത്രമാത്രം ആഴത്തിൽ വേരിറക്കിയിട്ടുണ്ട് എന്നുള്ളതിന്റെ സൂചനയല്ലേ ഈ വാക്കുകളിൽ നിന്ന് നാം തിരിച്ചറിയേണ്ടത്? ആറക്കമുള്ള ഉയർന്ന ശമ്പളം ലഭിക്കുന്നവരും, മാന്യമായി ജീവിക്കുവാൻ സാഹചര്യമുള്ളവരും, അവസരം ലഭിക്കുന്ന നല്ലൊരുപങ്ക് ഉദ്യോഗസ്ഥരും കൈക്കൂലി വാങ്ങുന്ന കാര്യത്തിൽ ഒരു ജാള്യതയും, മന:സാക്ഷി യുമില്ലാതെ നിർഭയം തുടരുന്നു. അവിഹിതമായ ധാരാളം ഇടപാടുകൾ എല്ലാ മേഖലകളിലും നിർബാധം തുടരുമ്പോൾ ചിലത് മാത്രമാണ് പിടിക്കപ്പെടുന്നതും മാധ്യമശ്രദ്ധയിൽ പെടുന്നതും.


വരുംതലമുറയ്ക്ക് ഭാരിച്ച സമ്പത്ത് വാരിക്കൂട്ടിക്കൊടുക്കുവാനും, ആഡംബരജീവിതം നയിക്കുവാനും അഴിമതിയിൽക്കൂടി സമ്പാദിക്കുന്ന അനർഹമായ സമ്പത്ത് പലരും ഉപയോഗിക്കുന്നു. പണത്തോടുള്ള ആർത്തിയാണ് ഇതിനെല്ലാം കാരണം. പണത്തേക്കാൾ മൂല്യമുള്ളതാണ് സത്യസന്ധത എന്നത് ഇക്കൂട്ടർ മനസ്സിലാക്കിയിട്ടില്ല. ഏതെങ്കിലും വിധത്തിൽ പിടിക്കപ്പെട്ടാൽ ഹ്രസ്വകാല സസ്പെൻഷനു ശേഷം പല കേസുകളും എഴുതിത്തള്ളുന്നതാണ് കണ്ടുവരുന്നത്. അഭ്യസ്തവിദ്യരും മികവുറ്റവരുമായ യുവാക്കൾ അവസരം നിഷേധിക്കപ്പെട്ടവരായി ഒരുവശത്തും, അഷ്ടിക്ക് വകയില്ലാതെ പ്രായമായവരുൾപ്പെടെ മറ്റൊരുവശത്തും നിൽക്കുന്ന ദയനീയ ചിത്രമാണ് സമൂഹത്തിൽ കാണുന്നത്.

ഉദ്യോഗസ്ഥർ ജനങ്ങളുടെ സേവകർ ആണെന്നും സേവനം ഔദാര്യമല്ല, ജനങ്ങളുടെ അവകാശമാണെന്നും 2012 ലെ കേരളപ്പിറവി ദിനത്തിൽ നിയമം മൂലം പ്രാബല്യത്തിലാക്കിയ സംസ്ഥാനമായ കേരളത്തിലാണ് ഇത്തരം സംഭവങ്ങൾ പരസ്യമായി നടക്കുന്നത്. ഇതു ലജ്ജാവഹമല്ലേ? അഴിമതിക്കെതിരെ സർക്കാരിന്റെ ഒന്നാം കണ്ണ് എന്ന് വിശേഷിപ്പിക്കുന്ന, മിടുക്കരായ ഉദ്യോഗസ്ഥർ ഉള്ള വിജിലൻസ് വകുപ്പ് നമുക്കുണ്ട്. അഴിമതി ആര് നടത്തിയാലും രാഷ്ട്രീയം നോക്കാതെ, മുഖം നോക്കാതെ നടപടി എടുക്കുവാൻ ഇത്തരത്തിലുള്ള സംവിധാനങ്ങൾക്കു പോലും എന്തേ കഴിയാതെ വരുന്നു?

പലപ്പോഴും അഴിമതിക്കെതിരെ സംസാരിക്കുന്ന മാധ്യമ, സാമൂഹിക പ്രവർത്തകർക്കും പണ്ടത്തേക്കാൾ അധികമായി ജീവന് ഭീഷണികളുണ്ട്. അടിച്ചമർത്തലിന്റെയോ ഭീഷണിയുടെയോ ഭീതി കൂടാതെ അഴിമതിക്കെതിരെ നിലകൊള്ളുന്ന എല്ലാവർക്കും അതിനുള്ള സ്വാതന്ത്ര്യവും സംരക്ഷണവും മാറിമാറിവരുന്ന സർക്കാരുകൾ ചെയ്തു കൊടുക്കേണ്ടതാണ്. അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നിർദ്ദാക്ഷിണ്യം നടപടി എടുക്കുവാൻ തന്റേടമുള്ള, നട്ടെല്ലുള്ള ഭരണസംവിധാനങ്ങൾ ഉണ്ടെങ്കിൽ, അഴിമതി കുറയ്ക്കുവാൻ കഴിയും എന്നുള്ളതിന് ഡൽഹി പോലുള്ള സംസ്ഥാനങ്ങളിൽ ഇപ്പോൾ നടക്കുന്ന മാറ്റങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും.

സേവനസന്നദ്ധതയോടും സമർപ്പണത്തോടും ജനങ്ങളോടൊപ്പം നിൽക്കുന്ന ഉദ്യോഗസ്ഥർക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും അംഗീകാരവും നൽകുന്നതോടൊപ്പം തന്നെ, അഴിമതിക്കാരും കൈക്കൂലിക്കാരുമായ ഉദ്യോഗസ്ഥ ർ ലജ്ജിച്ച് തലതാഴ്ത്തുന്ന നിലയിൽ സമൂഹം അവർക്കെതിരെ പ്രതികരിക്കേണ്ടതും അത്യാവശ്യം തന്നെ. കൈക്കൂലി ആവശ്യപ്പെടുന്നവർക്കെതിരെ എല്ലാവരും ഒന്നിച്ചണി ചേരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ●





അനു ഗ്രേസ് ചാക്കോ

# കാണാമറയത്തെ ചതിക്കുഴികൾ

പ്രണയവിവാഹങ്ങളും പ്രണയത്തിന്റെ പേരിലുള്ള കൊലപാതകങ്ങളും വലിയ വിവാദങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. പ്രണയത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങളും ആകെ തകിടം മറിഞ്ഞിരിക്കുന്നു. മാതാപിതാക്കളുടെ മുമ്പിൽ അങ്ങനെ ഒരു വാക്ക് ഉച്ചരിക്കാൻ മക്കൾ പേടിച്ചിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ഇന്നാകട്ടെ പൊടിമീശ മുളക്കുന്നതിന് മുൻപേ ചെറിയ ക്ലാസ്സുകളിൽ വെച്ചുതന്നെ കുട്ടികൾ പ്രണയബന്ധങ്ങളിലേക്ക് വഴുതി വീഴുകയാണ്. ആണും പെണ്ണും തമ്മിൽ മാത്രം പ്രണയിച്ചിരുന്നകാലത്ത് നിന്ന്, പെണ്ണും പെണ്ണും, ആണും ആണും (സെയിം സെക്സ് റിലേഷൻഷിപ്) തമ്മിൽ പ്രണയിക്കുന്നത് കണ്ടുവരുന്നു. കത്തുകളിലും ചുവരെഴുത്തുകളിലും ഒക്കെ ഒതുങ്ങി നിന്ന പ്രണയങ്ങൾ ഇന്ന് ശരീരം പങ്കുവെക്കുവാൻ പോലും മടിക്കാത്ത അവസ്ഥയിലേക്ക് കുട്ടികളെ കൊണ്ട് ചെന്ന് എത്തിക്കുന്നു.

വളരെ പ്രതീക്ഷയോടെ മാതാപിതാക്കൾ ഉപരിപഠനത്തിനായി മറ്റും അയക്കുന്ന കുട്ടികൾ കാമത്തിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന കാര്യങ്ങൾ ഞെട്ടിപ്പിക്കുന്നവയാണ്. കേരളത്തിന്റെ പുറത്ത് പഠനത്തിനും മറ്റും പോകുന്ന കുട്ടികൾ തങ്ങൾക്കിഷ്ടമുള്ള പങ്കാളിയെ തിരഞ്ഞെടുത്തു ഒരുമിച്ച് ജീവിക്കുന്നതായി കാണാൻ സാധിക്കും. കാമവികാരങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന ഈ പ്രായത്തിൽ ഇതിന്റെ വരും വരായ്കകളെക്കുറിച്ച് ചിന്തിക്കാനോ, ഇനി ആരെങ്കിലും തിരുത്തിയാൽ അംഗീകരിക്കാനോ കൗമാരക്കാർക്ക് സാധിച്ചു എന്ന് വരുകയില്ല. എല്ലാം നഷ്ടമായി എന്ന് കുട്ടികൾ തിരിച്ചറിയുമ്പോഴേക്കും, പിന്നീട് ഒന്ന് തിരുത്താൻ പോലും കഴിയാത്ത രീതിയിൽ ജീവിതം കൈവിട്ടു പോയെന്ന് വരാം.

ഇഷ്ടം ഉള്ള വ്യക്തിയുടെ കൂടെ ജീവിക്കാൻ അനുവാദം കൊടുക്കുന്ന നിയമവ്യവസ്ഥയും കുട്ടികളെ സ്വാധീനിക്കുന്നുണ്ട്. ക്രിസ്തീയ വിശ്വാസത്തിൽ വളർന്ന പല കുട്ടികളും ഇന്ന് ഇത്തരം ചതിക്കുഴികളിൽ പെട്ടിരിക്കുന്നു എന്നത് വളരെ വേദനാജനകമാണ്. ഒളിച്ചോട്ടങ്ങളും അന്യമതസ്ഥരുമായുള്ള വിവാഹങ്ങളും ഇന്ന് പെന്തക്കോസ്ത് സമൂഹത്തിൽ വർധിച്ചു വരുന്നു. കൗമാരകാലത്തെ പ്രണയത്തിനു പല കാരണങ്ങളും ആണ് ഉള്ളത്.

**1. ശാരീരികമായ മാറ്റങ്ങൾ (Biological changes)**

കൗമാരപ്രായത്തിൽ കുട്ടികളെ നയിക്കുന്നത് വിചാരങ്ങളെക്കാൾ ഉപരിയായി വികാരങ്ങൾ ആണ്. ഈ പ്രായത്തിൽ എടുക്കുന്ന തീരുമാനങ്ങൾ കൂടുതലും തെറ്റായിരിക്കും എന്ന് പറയുന്നതിന്റെ കാരണവും ഇതു തന്നെ. ഈ പ്രായത്തിൽ സെക്സ് ഹോർമോൺ കൂടുതലായും ശരീരത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു: അതിന്റെ ഫലമായി കുട്ടികൾക്കു ലൈംഗിക താല്പര്യങ്ങളും പരസ്പര ആകർഷണവും ഉടലെടുക്കുന്നു. ഹോർമോൺ വ്യതിയാനങ്ങൾ കുട്ടികളുടെ വികാരങ്ങളെ വളരെ അധികം സ്വാധീനിക്കുന്നുണ്ട്. എന്നാൽ ഈ തോന്നലുകളൊക്കെ കേവലം ഹോർമോണിന്റെ കളികളാണെന്ന് കുട്ടികൾക്ക് മനസിലാക്കാൻ കഴിയാതെ വരുന്നു. അങ്ങനെ പ്രണയബന്ധങ്ങളിൽ അകപ്പെടുന്ന കുട്ടികൾ യഥാർത്ഥ സ്നേഹം പ്രണയമാണ് എന്ന് കരുതി സ്വപ്നലോകത്തു ജീവിക്കുന്നു. പലപ്പോഴും ഈ അപക്വമായ പ്രണയം വലിയ അപകടങ്ങളിലേക്ക് ആണ് കുട്ടികളെ നയിക്കുന്നത്. ചെറിയ പ്രായത്തിൽ തന്നെ, പ്രണയിക്കുന്ന പങ്കാളിയുമായി കൗമാരക്കാർ ലൈംഗിക ബന്ധത്തിൽ ഏർപ്പെടു

ന്നു. ഇതിന്റെ പരിണിത ഫലങ്ങളെക്കുറിച്ച് ചിന്തിക്കാൻ മാത്രം കുട്ടികൾക്ക് ബോധം ഉണ്ടായെന്ന് വരികയില്ല. വികാരങ്ങളാണ് അവരെ നിയന്ത്രിക്കുന്നത് എന്നത് തന്നെ പ്രധാന കാരണം.

**2. മാധ്യമങ്ങളുടെയും സുഹൃത്തുക്കളുടെയും സ്വാധീനം:**

ഇന്നത്തെ പല സിനിമകളും കുട്ടികളുടെ ചിന്തകളെയും പ്രവർത്തിയെയും സ്വാധീനിക്കുന്നുണ്ട്. സിനിമയിൽ സ്കൂൾ കോളേജ് പ്രണയങ്ങളും മരംചുറ്റി പ്രേമവും ഒക്കെ കണ്ട് വളരുന്ന കുട്ടികൾ ഇതൊക്കെ ആണ് സ്കൂൾ / കോളേജ് ജീവിതം എന്ന് തെറ്റിദ്ധരിക്കുന്നു. പഠനത്തോടുള്ള താല്പര്യം നഷ്ടപ്പെടുത്തി പ്രണയത്തിന്റെ മാന്ത്രികലോകത്തിലേക്ക് കുട്ടികളെ നയിക്കുന്നതിൽ സിനിമകൾക്ക് വലിയ പങ്കുണ്ട്. അതുപോലെ തന്നെയാണ് കൂട്ടുകാരുടെ സ്വാധീനവും. ഇന്ന് പ്രണയത്തിലേർപ്പടാത്ത കുട്ടികൾ വളരെ വിരളമാണ്. പ്രണയിക്കാൻ ആരും ഇല്ലെങ്കിൽ എന്തോ വലിയൊരു കുറവ് ഉണ്ടെന്ന് കരുതുന്ന കുട്ടികൾ ഉണ്ട്. പലർക്കും ഇന്ന് ഇത് ആത്മാഭിമാനത്തിന്റെ അടയാളം കൂടെ ആണ്. എന്റെ കൂട്ടുകാർക്കെല്ലാം കാമുകൻ /കാമുകി ഉണ്ട്. എനിക്കും അതുകൊണ്ട് ഒരു പ്രണയം വേണം എന്നുള്ള ചിന്തയും കുട്ടികളെ പ്രണയത്തിലേക്ക് തള്ളി വിടാറുണ്ട്.

**3. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടാനും ഉള്ള ആഗ്രഹം**

വീടുകളിൽ പലപ്പോഴും കുട്ടികൾക്ക് വേണ്ടത്ര സ്നേഹവും പരിഗണനയും കിട്ടാതെ വരുന്നുണ്ട്. കൗമാരക്കാരായ കുട്ടികൾ സ്നേഹിക്കുവാനും മറ്റുള്ളവരാൽ സ്നേഹിക്കപ്പെടാനും ആഗ്രഹിക്കുന്നവരാണ്. പക്ഷേ തിരക്കുള്ള ഒരു ലോകത്തിലാണ് നാം എല്ലാവരും ജീവിക്കുന്നത്. അതുകൊണ്ടു തന്നെ കുട്ടികൾ സ്കൂൾ വിട്ടു വന്നാലും അവരോട് മിണ്ടാനും പറയാനും അവരുടെ കാര്യങ്ങൾ പങ്കുവെയ്ക്കുവാനും വീട്ടിൽ ആർക്കും സമയമില്ല. മാതാപിതാക്കൾ വളരെ തിരക്കുള്ളവരായി അവരുടെ ലോകത്ത് ജീവിക്കുന്നു. അതിനാൽ കുട്ടികൾ അവരവരുടെ ലോകത്ത് ജീവിക്കുവാൻ നിർബന്ധിതരാകുന്നു. മനുഷ്യൻ ഒരു സമൂഹജീവി ആയതുകൊണ്ട് തനിയെ ജീവിക്കുക എന്നുള്ളത് വളരെ ബുദ്ധിമുട്ടാണ്. ഭവനാന്തരീക്ഷത്തിൽ അവരുടെ സ്വകാര്യ ദു:ഖങ്ങളും സന്തോഷങ്ങളും കേൾക്കുവാൻ ആരെയും കിട്ടാതെ വരുമ്പോൾ അവരെ കേൾക്കുവാനും മനസ്സിലാക്കുവാനും പുറത്തുള്ള ആരെങ്കിലും താല്പര്യം കാണിച്ചാൽ കുട്ടികളുടെ മനസ്സ് അവരിലേക്ക് ചാഞ്ഞു പോകുവാൻ വളരെയേറെ സാധ്യതകളുണ്ട്. ഭവനാന്തരീക്ഷത്തിൽ സ്നേഹം നിഷേധിക്കപ്പെട്ട് വളരുന്ന കുട്ടികൾ സഹപാഠികളൊ സഹയാത്രികരോ സ്നേഹം വെച്ചു നീട്ടുമ്പോൾ അവർ തമ്മിൽ ഒരു സൗഹൃദബന്ധം ആരംഭിക്കുകയും ക്രമേണ പ്രണയത്തിലേക്കും ഒളിച്ചോട്ടത്തിലേയ്ക്കും നയിക്കപ്പെടുകയും ചെയ്യുന്നു.

**4. കുട്ടികളെ വളർത്തുന്ന രീതികൾ.**

ഓരോരുത്തരും മക്കളെ വളർത്തുന്ന രീതികൾ വളരെ വ്യത്യസ്തമായിരിക്കും. ചിലർ കുട്ടികളെ വളർത്തുന്നത് പട്ടാളച്ചിട്ടയിൽ ആയിരിക്കും. വേറെ ചിലർ യാതൊരു നിയന്ത്രണങ്ങളുമില്ലാതെ ശാസനയും ശിക്ഷണവും കൊടുക്കാതെ കുട്ടികളെ അവരുടെ സ്വാതന്ത്ര്യത്തിന് വളരുവാൻ അനുവദിക്കുന്നവരാണ്. മറ്റുചിലരാകട്ടെ കുട്ടികളുമായി തികഞ്ഞ സൗഹാർദ്ദപരമായ ബന്ധം സ്ഥാപിച്ച് അവരുമായി അങ്ങനെ പെരുമാറുന്നവരാണ്. ഏത് പ്രതിസന്ധി വന്നാലും മാതാപിതാക്കളോട് തുറന്നു പറയത്തക്ക ഒരു ബന്ധം ആയിരിക്കും ഇങ്ങനെയുള്ളവരുടേത്. വേണ്ടുവോളം സ്നേഹവും സ്വാതന്ത്ര്യവും ഭവനത്തിൽ നിന്ന് ലഭിച്ചു വേണം കുട്ടികൾ വളരുവാൻ. പട്ടാളച്ചിട്ടയിൽ വളരുന്ന കുട്ടികൾ കൂട്ടിൽ അടച്ചിട്ട കിളികളെ പോലെയാണ്. ഉപരിപഠനാർത്ഥം നാടും വീടും വിട്ട് അന്യസ്ഥലങ്ങളിൽ പഠനത്തിനായി പോകുമ്പോൾ അവർക്ക് ലഭിച്ച സ്വാതന്ത്ര്യം പലപ്പോഴും ദുരുപയോഗം ചെയ്യുന്നതായി കാണപ്പെടുന്നു. കൂട്ടിൽ നിന്നും തുറന്ന് വിടുന്ന പക്ഷി അനന്ത വിഹായസ്സിൽ പറന്നു നടക്കുന്നതുപോലെ, മാതാപിതാക്കളുടെ നിയന്ത്രണമില്ലാത്ത ഒരു ലോകത്തിലേക്ക് അവർ എത്തിച്ചേരുന്നു. ചതിക്കുഴികൾ ഒരുപാട് നിറഞ്ഞതാണെന്ന് പറഞ്ഞ് അവരെ ഉപരിപഠനത്തിനു അയക്കുന്നുവെങ്കിലും തിരിച്ചറിയുവാൻ പലപ്പോഴും അവർ വൈകിപ്പോകുന്നു. തിരിച്ചറിയുമ്പോഴേക്കും മടങ്ങി വരുവാൻ കഴിയാത്ത ദൂരത്തിൽ അരുതാത്ത ബന്ധങ്ങളിൽ അകപ്പെട്ടു പലരും ലഹരി പദാർത്ഥങ്ങൾക്കു പോലും അടിമകളായി തീരുവാനിടയുണ്ട്.

**5. ദൈവഹിതത്തെക്കുറിച്ചുള്ള അജ്ഞത**

ഇന്ത്യയിലെ നിയമ വ്യവസ്ഥ അനുസരിച്ച് ഏതൊരു വ്യക്തിക്കും ഇഷ്ടമുള്ള ആരുടെ കൂടെയും ജീവിക്കുവാനും, ഏത് മതസ്ഥരെയും വിവാഹം കഴിക്കുവാനുള്ള സ്വാതന്ത്ര്യം അനുവദിച്ച് നൽകിയിട്ടുണ്ട്. അതുമാത്രമല്ല ആണിന് ആണിനേയും പെണ്ണിന് പെണ്ണിനേയും പ്രണയിക്കുവാനും

വിവാഹം കഴിക്കുവാനും നിയമ തടസ്സങ്ങൾ ഒന്നും ഇല്ല. എന്നാൽ ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം ലോകം നടപ്പാക്കുന്ന ഇങ്ങനെയുള്ള നിയമവ്യവസ്ഥയെക്കാളും ദൈവവചനം എന്താണോ അനുശാസിച്ചിരിക്കുന്നത് അതാണ് അനുസരിക്കേണ്ടത്. എന്നാൽ പലപ്പോഴും കുട്ടികൾക്ക് അവർ ആരെ വിവാഹം കഴിക്കണം ആരെ വിവാഹം കഴിക്കുവാൻ പാടില്ല എന്നുള്ളതിനെക്കുറിച്ച് ദൈവ വചനത്തിൽ നിന്ന് ശരിയായ ബോധ്യം ലഭിക്കാറില്ല. ആ ബോധ്യത്തിന്റെ അഭാവവും വചനത്തിന്റെ ഉറപ്പില്ലായ്മയും തെറ്റായ പ്രണയബന്ധങ്ങളിലേക്ക് നയിക്കുവാൻ സാധ്യതയുള്ള കാര്യങ്ങളാണ്. തിരുവെഴുത്തുകളെയും ദൈവശക്തിയേയും അറിയാത്തതുകൊണ്ട് നിങ്ങൾ തെറ്റിപ്പോകുന്നു എന്ന് യേശുകർത്താവും പറഞ്ഞിട്ടുണ്ട്. വിവാഹത്തെക്കുറിച്ച് ദൈവം എന്താണ് പറഞ്ഞിട്ടുള്ളത് എന്ന കാര്യം കുട്ടികളെ പഠിപ്പിക്കുന്നതിൽ സഭ വളരെ ശ്രദ്ധിക്കേണ്ടതാണ്.

**പ്രണയബന്ധത്തിന്റെ ഭവിഷ്യത്തുകൾ**

പഠനത്തിൽ ശ്രദ്ധിക്കുവാനോ പഠനം പൂർത്തിയാക്കി നല്ലൊരു ജോലിയിൽ എത്തുവാനൊ കഴിയാതെപോകുന്നവരാണ് പ്രണയബന്ധത്തിൽ അകപ്പെട്ടുപോയ പല കുട്ടികളും. അവർ പഠനത്തിൽ വളരെ പിന്നോക്കം പോയിരിക്കുന്നതായി മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സ്വപ്നലോകത്തിൽ ജീവിക്കുന്ന ഇവർക്ക് സ്വന്തം ഉത്തരവാദിത്തങ്ങളെക്കുറിച്ചോ വളർത്തി വലുതാക്കിയ മാതാപിതാക്കളെക്കുറിച്ചോ കുടുംബത്തിനുണ്ടാകുന്ന പേരുദോഷത്തെക്കുറിച്ചോ ചിന്തിക്കുവാൻ കഴിയാതെ പോകുന്നു. രണ്ടാമതായി ലൈംഗിക പാപങ്ങളിൽ ഏർപ്പെട്ട് വിവാഹത്തിനുമുമ്പു തന്നെ കളങ്കപ്പെടുവാൻ ഉള്ള സാധ്യതയാണ്. നിരവധി പെൺകുട്ടികളാണ് ഓരോ ദിവസവും പ്രണയത്തിൽ അകപ്പെട്ടു വഞ്ചിതരാകുന്നത്. കൗമാരക്കാർക്ക് ലൈംഗികതയെക്കുറിച്ച് അറിയുവാനുള്ള ആഗ്രഹം വളരെയായിരിക്കും. അതുകൊണ്ടുതന്നെ അതിനുള്ള അവസരങ്ങൾ മനപ്പൂർവ്വം അവർ ഉണ്ടാക്കിയെടുക്കുന്നു. വിവാഹത്തിനു മുമ്പു തന്നെ ഗർഭിണിയാവുകയും, ആരുമറിയാതെ അലസിപ്പിക്കുകയും ചെയ്യുന്നത് പെൺകുട്ടിയുടെ ജീവനെത്തന്നെ അപകടത്തിൽ ആക്കുവാനുള്ള സാധ്യതയുണ്ട്. ഗർഭം അലസിപ്പിച്ചതിന്റെ കുറ്റബോധം ജീവിതകാലം മുഴുവൻ വേട്ടയാടിക്കൊണ്ടിരിക്കുകയും ചെയ്യും.

മാനനഷ്ടവും ധനനഷ്ടവും ആണ് തെറ്റായ പ്രണയങ്ങളിൽ അകപ്പെട്ടതിന്റെ മറ്റൊരു തിക്തഫലം. കാമുകന്റെ ബ്ലാക്ക് മെയിലിംഗിന് വിധേയപ്പെട്ട് ആത്മഹത്യ ചെയ്യുന്ന ഒരുപാട് പെൺകുട്ടികൾ സമൂഹത്തിലുണ്ട്. ഓൺലൈൻ പ്രണയകാലത്ത് കാമുകന്റെ ആവശ്യപ്രകാരം സ്വന്തം നഗ്നത പ്രദർശിപ്പിക്കുന്ന വീഡിയോകളും ഫോട്ടോകളും അയച്ചുകൊടുത്ത് വഞ്ചിക്കപ്പെടുന്ന ഒരുപാട് പെൺകുട്ടികൾ! പ്രണയത്തിന്റെ ഇരകളാണ് ഇവരൊക്കെ. പെൺകുട്ടികളെ പണത്തിനും സ്വർണ്ണത്തിനും ഒക്കെ വേണ്ടി പ്രണയിക്കുന്നവരും ധാരാളമാണ്. ഇതൊന്നും തിരിച്ചറിയുവാൻ കഴിയാതെ പല പെൺകുട്ടികളും പ്രണയക്കുരുക്കിൽ അകപ്പെട്ടു ജീവിതം പാഴാക്കിക്കളയുകയാണ്.

മക്കളുടെ വിവാഹം മാതാപിതാക്കളുടെ വലിയ സ്വപ്നമാണ്. ബന്ധുക്കളുടെയും സഭയുടെയും സാന്നിധ്യത്തിൽ നടക്കേണ്ട പല വിവാഹങ്ങളും അങ്ങനെ നടക്കാതെ വരുമ്പോൾ മാതാപിതാക്കൾക്ക് ഉണ്ടാകുന്ന മാനസിക വിഷമം പറഞ്ഞറിയിക്കുവാൻ പറ്റാത്തതാണ്. കേവലം ചില നാളുകളിലെ പരിചയം മാത്രമുള്ള, യാതൊരു മുൻ പരിചയങ്ങളും ഇല്ലാത്ത ഒരാളുടെ കൂടെ, മകനോ മകളോ ഇറങ്ങിപ്പോകുന്ന അവസ്ഥ ഹൃദയം തകർക്കുന്നതാണ്. നൊന്തു പ്രസവിച്ച അമ്മയുടെയും സ്നേഹിച്ച് വളർത്തി വലുതാക്കിയ അപ്പന്റെയും മാനസികാവസ്ഥ പലപ്പോഴും കുട്ടികൾ മനസ്സിലാക്കാറില്ല. വളർത്തുദോഷത്തിന്റെ പേര് പറഞ്ഞു ബന്ധുക്കൾ പോലും അപമാനിക്കുന്നതിന്റെ നൊമ്പരം വളരെയേറെയാണ്.

എല്ലാവരെയും വെറുപ്പിച്ചു കൊണ്ട് പ്രണയിച്ച് വിവാഹിതരായ പലരും കുടുംബജീവിതത്തിൽ വലിയ സംഘർഷങ്ങളിലൂടെ കടന്നുപോകേണ്ടി വരുന്നുണ്ട്. പ്രണയിക്കുമ്പോൾ കണ്ട പങ്കാളിയുടെ മുഖം ആയിരിക്കുകയില്ല പലപ്പോഴും ഒരുമിച്ചുള്ള ജീവിതത്തിൽ കാണേണ്ടിവരിക. അടുത്തറിയുമ്പോഴാണ് പലരും യഥാർത്ഥ വ്യക്തിത്വം മനസ്സിലാക്കുന്നത്. എന്തെല്ലാം അനുഭവിക്കേണ്ടി വന്നാലും എല്ലാവരെയും വെറുപ്പിച്ചു കൊണ്ട് സ്വയം തെരഞ്ഞെടുത്ത ജീവിതം ആയതിനാൽ ആശ്വാസത്തിനായി പോവാൻ ഒരിടവും ഇങ്ങനെയുള്ളവർക്ക് പലപ്പോഴും കാണുകയില്ല . ചെറുപ്പം മുതലേ ദൈവവചനത്തിൽ അടിസ്ഥാനം ഇട്ട് ധാർമ്മികമൂല്യങ്ങളിൽ അടിയുറച്ച ഒരു ജീവിതം കുട്ടികൾക്കു നൽകുവാൻ മാതാപിതാക്കളും സഭയും ശ്രമിക്കുക. എപ്പോഴും കുട്ടികളുടെ നല്ല സുഹൃത്തായിരിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കുക . ●



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്

യേശു നൽകിയ മുന്നറിയിപ്പ് അനുസരിച്ച് അവസാന നാളുകളിൽ നടക്കുന്ന സംഭവപരമ്പര ഏല്പിക്കുന്ന ആഘാതം ലോകം നേരിടേണ്ടിവരും. അക്കാലത്തു യുദ്ധങ്ങളും ഭൂകമ്പങ്ങളും മറ്റു പല ദുരന്തങ്ങളും ഉണ്ടാകും. എങ്കിലും തന്റെ ശിഷ്യന്മാരോട് യേശു പറഞ്ഞു, ഭയപ്പെടേണ്ടാ (ലൂക്കോസ് 21 : 9). ലോകസാഹചര്യങ്ങൾ നിമിത്തം മനുഷ്യരുടെ ഹൃദയം ഭയത്താലും ഭൂമിയിൽ വരാനിരിക്കുന്നവയെക്കുറിച്ചുള്ള പരിഭ്രമത്താലും നിർജീവമായിത്തീരും എന്ന് യേശു പറഞ്ഞു (ലൂക്കോസ് 21: 26). യഥാർത്ഥ സംഭവങ്ങൾ ലോകമെമ്പാടും ഭയം ജനിപ്പിക്കുമെന്ന് മാത്രമല്ല, സംഭ്രമജനകമായ ബുദ്ധിമുട്ടുകൾ നിമിത്തം ജനം ബോധരഹിതരായി നിപതിക്കും.

ഇന്ന് വടക്കേ അമേരിക്കയിലെ മരണകാരണങ്ങളിൽ ഒന്നാം സ്ഥാനം ഹൃദയസ്തംഭനത്തിനാണ്. ഏകദേശം ഓരോ മുപ്പത്തിനാല് സെക്കൻഡിലും ഹൃദയമിടിപ്പ് നിലച്ചു ഒരാൾ വീതം മരിക്കുന്നു, ഹൃദയസ്തംഭനത്തിന് നിരവധി കാരണങ്ങൾ ഉണ്ടാകാം, അവയിൽ പ്രമുഖമായതു മാനസികപിരിമുറുക്കം കൈകാര്യം ചെയ്യാനുള്ള കഴിവില്ലായ്മയാണ്.

സമ്മർദ്ദം ഒഴിവാക്കാനാകാത്ത സന്ദർഭങ്ങളുണ്ട്: ഏറ്റം പ്രിയപ്പെട്ട ഒരാളുടെ മരണം, ജോലി നഷ്ടപ്പെടൽ, ഗുരുതരമായ അസുഖം, വിവാഹമോചനം എന്നീ കാരണങ്ങൾക്ക് ഒരു പങ്കുണ്ട്. ഉത്കണ്ഠ ഉളവാക്കുന്ന സാഹചര്യത്തിന് അത്ര പെട്ടെന്ന് അടിമപ്പെടരുത്. ആദാമിന്റെ പാപത്തിലൂടെ (റോമർ 5:12) മരണം ലോകത്തിൽ പ്രവേശിച്ചതുപോലെ തന്നെ നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും മരണം പാപങ്ങളിലൂടെ പ്രവേശിക്കുന്നു എന്നതാണ് പ്രശ്നം. തീർച്ചയായും, ഉത്കണ്ഠയോടൊപ്പമുള്ള സമ്മർദ്ദത്തിനു നാം വിധേയപ്പെടുമ്പോൾ, നാം മരണമാണ് വഹിക്കുന്നത്, അത് നമ്മുടെ ജീവിതത്തെ നിരന്തരം ക്ലേശിപ്പിച്ചുകൊണ്ടേയിരിക്കും. ഇരുളിന് വെളിച്ചത്തെ കീഴ്പ്പെടുത്താൻ കഴിയാത്തതുപോലെ സമ്മർദ്ദത്തിന് ദൈവാശ്രയത്തെ കീഴ്പ്പെടുത്തുവാൻ കഴിയുന്നതല്ല. ദൈവാശ്രയത്താൽ സമ്മർദ്ദത്തെ അതിജീവിക്കുവാൻ കഴിയും.

നമ്മുടെ ലോകത്തെ പരിഗണിച്ചാൽ യുദ്ധവും ഭീകരാക്രമണങ്ങളും എപ്പോൾ എവിടെ വേണമെങ്കിലും സംഭവിക്കാം എന്ന നിലയിലാണ്. നമ്മുടെ വിപണിയും സമ്പദ്‌വ്യവസ്ഥയും ഒരു റോളർകോസ്റ്റർ പോലെ മുകളിലേക്കും താഴേക്കും കുതിച്ചുകൊണ്ടിരിക്കുകയാണ്. സ്ട്രെസ് ഘടകങ്ങളുടെ ഭവിഷ്യത്തുകളെക്കുറിച്ചു നമുക്ക് ഉത്തരം ലഭിക്കാത്ത നിരവധി ചോദ്യങ്ങൾ പിന്നെയും ശേഷിക്കുന്നു.

നമുക്കും വ്യക്തിപരമായ സാഹചര്യങ്ങളുണ്ട്. വാർദ്ധക്യത്തെക്കുറിച്ചും ആരോഗ്യത്തെക്കുറിച്ചും നാം ആശങ്കപ്പെടുന്നു. ജോലിയുള്ളവർക്കു ജോലിയുടെ സമ്മർദ്ദവും, ഇല്ലാത്തവർക്ക് ഇല്ലാത്തതിന്റെ സമ്മർദ്ദവും ഉണ്ട്. നമ്മുടെ വീടുകൾ സമാധാനത്തിന്റെ തുറമുഖമായിരിക്കണം, എങ്കിലും, അവ പലപ്പോഴും കലഹത്തിന്റെയും ഉത്കണ്ഠയുടെയും ഇടമായി മാറുന്നു, പ്രത്യേകിച്ചും നമ്മുടെ കുട്ടികൾ കൗമാരപ്രായക്കാർ ആകുമ്പോൾ . നാം നമ്മുടെ പ്രിയപ്പെട്ടവരെ ഹൃദയങ്ങളിൽ വഹിക്കുന്നതിനാലും അവരെ സ്നേഹിക്കുന്നതിനാലും അവരുടെ പ്രശ്നങ്ങൾ നമ്മുടേതായി അനുഭവപ്പെടുന്നു. അല്ലാതെതന്നെ നാം വഹിക്കുന്ന ഉത്കണ്ഠ അതിനാൽ പലമടങ്ങായി വർധിക്കുന്നു.

പൗലോസ് എഴുതി: ഒന്നിനും ആകുലപ്പെടരു

ത്, മറിച്ച് എല്ലാ കാര്യങ്ങളും പ്രാർത്ഥനയോടും യാചനയോടും നിങ്ങളുടെ ആവശ്യങ്ങൾ ദൈവസന്നിധിയിൽ സ്തോത്രത്തോടെ സമർപ്പിക്കുകയാണ് വേണ്ടത് (ഫിലിപ്യർ 4:6). എന്നിരുന്നാലും നാം പലതിനെക്കുറിച്ചും വിചാരപ്പെടുന്നവരായിട്ടല്ലേ കാണപ്പെടുന്നത്? വാസ്തവത്തിൽ, സമ്മർദ്ദവുമായി ബന്ധപ്പെട്ട ഉത്കണ്ഠ നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമാണ്, എങ്കിലും അത് പാപമാണെന്ന് തിരിച്ചറിയുന്നതിൽ നാം പരാജയപ്പെട്ടിരിക്കുന്നു. സമ്മർദ്ദം ഉളവാക്കുന്ന ഭയം ഒരു നിശ്ചിത പരിധി വരെ പ്രയോജനകരമാണ്. ഉദാഹരണത്തിന്; കുറഞ്ഞ അളവിലുള്ള പരീക്ഷാഭയം പഠിക്കുവാൻ കുഞ്ഞുങ്ങൾക്കു പ്രേരണ നൽകുന്നു. എന്നാൽ ഉത്കണ്ഠ പാപം തന്നെയാണ്. അതിന്റെ മൂർധന്യത്തിൽ, ദൈവത്തിന്റെ കരുതലിൽ വിശ്വസിക്കുന്നതും അവിടുത്തെ പരമാധികാരത്തിൽ ആശ്രയിക്കുന്നതും നിരസിക്കുകയാണ് ചെയ്യുന്നത്. അവിശ്വാസത്തിന്റെ ഉപോൽപ്പന്നമാണ് ഉത്കണ്ഠ. ഓരോ ദിവസവും പതിനായിരങ്ങളെ നിശബ്ദമായി നശിപ്പിക്കുവാൻ പര്യാപ്തമായ നരകത്തിന്റെ ഒരു ഭീകര ആക്രമണം ആണ് ഇത്.

**ദൈവം നമ്മോടു കൂടെയുണ്ട്**

തീർച്ചയായും നാം നിഷ്ക്രിയരായിരിക്കണമെന്നു ദൈവം നിർദ്ദേശിക്കുന്നില്ല. എന്നിരുന്നാലും, ദൈവത്തിൽ വിശ്വസിക്കാത്തതിനാൽ ഉണ്ടാകുന്ന നമ്മുടെ ഭയങ്ങളും സമ്മർദ്ദങ്ങളും ഉത്കണ്ഠകളും നാം ഉപേക്ഷിക്കണമെന്നതു അനിവാര്യമാണ്. നമ്മുടെ മശിഹാ ഇമ്മാനുവൽ ആണ്, അതിനർത്ഥം ദൈവം നമ്മോടുകൂടെ എന്നാണ്. യുഗാവസാനം വരെ(മത്തായി 28:20) നമ്മോടുകൂടെ ഉണ്ടായിരിക്കുമെന്ന് യേശു വാഗ്ദാനം ചെയ്തു. ക്രിസ്തുവിന്റെ വാഗ്ദാനത്തിന്റെ അത്ഭുതവും ശക്തിയും നാം അംഗീകരിക്കണം, അനുഭവമാക്കണം. വിശ്വസിക്കുന്നവർ അവിടുത്തെ സ്വസ്ഥതയിൽ പ്രവേശിക്കുന്നു (എബ്രായർ 4 : 3). യേശുകർത്താവ് എപ്പോഴും നമ്മോടൊപ്പമുണ്ട്! ഈ വാഗ്ദാനത്തെ അവിശ്വസിക്കുന്നവർ ദൈവത്തിന്റെ സ്വഭാവത്തെത്തന്നെ നിരാകരിക്കുകയാണ്. ഇതൊരു ഗുരുതരമായ പ്രശ്നം തന്നെയാണ്.

എങ്കിൽപ്പോലും യേശു പറയുന്നു: ക്ഷീണിതരെ, ഭാരം ചുമക്കുന്നവരെ, നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്ക് ആശ്വാസം തരാം. എന്റെ നുകം നിങ്ങളുടെ മേൽ ഏറ്റുവാങ്ങി എന്നിൽ നിന്ന് പഠിക്കുക, കാരണം ഞാൻ സൗമ്യനും വിനീതഹൃദയനുമാണ്, നിങ്ങളുടെ ആത്മാക്കൾക്ക് നിങ്ങൾ വിശ്രമം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ഭാരം ലഘുവുമാണ് (മത്തായി 11: 28 - 30).

നമുക്ക് യേശുവിന്റെ അടുക്കൽ ചെന്ന്, നമ്മുടെ ഭാരങ്ങൾ തന്റെ മേൽ ചുമത്താം, കാരണം, അവിടുന്ന് നമ്മെ പരിപാലിക്കുന്നു. സമ്മർദ്ദത്തോടുള്ള നമ്മുടെ ഭയംനിറഞ്ഞ പ്രതികരണം നമുക്ക് അവസാനിപ്പിക്കാം. ഉത്കണ്ഠ നമ്മെ കീഴ്പ്പെടുത്തുവാൻ അനുവദിക്കരുത്. സമാധാനത്തിന്റെ ഉറവിടമായ ദൈവം വളരെ വേഗം സാത്താനെ നിങ്ങളുടെ കാൽക്കീഴിൽ തകർത്തുകളയും (റോമർ 16 : 20). ഉത്ക്കണ്ഠ പാപമാണ്. ഈ പാപത്തിന്റെ അടിമത്തം തകർത്ത്, ഒന്നിനും വേണ്ടി വ്യാകുലപ്പെടാതെ ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരും ആയി നമുക്ക് മുന്നേറാം. •

## ദൈവം പ്രവർത്തിക്കും എന്ന ഉറപ്പ്

ഉത്തരേന്ത്യയിലുള്ള ഒരു അനാഥ ബാലിക താൻ ബലാത്കാരത്തിനു വിധേയായിപ്പോകും എന്നു ഭയന്ന്, അടുത്ത ഗ്രാമത്തിലുള്ള വനിതാമിഷനറിയോടു, തന്നെയും അവരുടെ ഭവനത്തിൽ താമസിപ്പിക്കണമെന്നു അപേക്ഷിച്ചു. ഭവനത്തിൽ തീരെ സൗകര്യമില്ലാതിരുന്നതിനാൽ മിഷനറി തന്റെ ബുദ്ധിമുട്ടറിയിച്ചു. പ്രശ്നപരിഹാരത്തിനു പ്രാർത്ഥിക്കണമെന്നും, താനും പ്രാർത്ഥിക്കാമെന്നും ബാലിക മറുപടി പറഞ്ഞു. എന്നാൽ അധികം താമസിയാതെ അവിശ്വസനീയമാംവണ്ണം ബാലികയ്ക്കു താമസിക്കുവാനുള്ള സൗകര്യങ്ങൾ മിഷനറിയുടെ ഭവനത്തിൽ ദൈവത്താൽ ഒരുക്കപ്പെട്ടു. ബാലികയെ കൊണ്ടുവരുവാൻ ആളയച്ചു, എങ്കിലും ദൂരക്കൂടുതലായതിനാൽ രാത്രി വളരെ വൈകി മാത്രമേ തിരിച്ചെത്തുവാൻ സാധിക്കുമായിരുന്നുള്ളൂ. ബാലിക തലേന്ന് പ്രാർത്ഥിച്ചപ്പോൾ സൗകര്യങ്ങൾ ഒരുക്കപ്പെട്ടു എന്ന ഉറപ്പു ദൈവത്തിൽ നിന്നു ലഭിച്ചതിനാൽ അതിരാവിലെ പുറപ്പെടുകയും, മാർഗ്ഗമധ്യേ ഇരുവരും സന്ധിക്കുകയും, ഉച്ചയോടുകൂടി ഭവനത്തിൽ എത്തിച്ചേരുകയും ചെയ്തു. ഇത് ഒരു വലിയ അത്ഭുതമായി മിഷനറിക്കനുഭവപ്പെട്ടു. ദൈവത്തിനു കഴിയും എന്ന് വിശ്വസിക്കുന്നതല്ല, മറിച്ചു അവിടുന്ന് പ്രവർത്തിക്കും എന്ന ഉറപ്പാണ് യഥാർത്ഥ വിശ്വാസം. •





ജെസ്സി സാജു

# അവിശ്വസനീയമായ ഒരു വഴിത്തിരിവ്

ഗൃഹം പണിയുക എന്നാൽ കെട്ടിടം പണിയുക എന്നല്ല ഇവിടെ അർത്ഥമാക്കുന്നത്. രൂത്തിന്റെയും ബോവസിന്റെയും വിവാഹനാളിൽ ഇസ്രായേൽ മൂപ്പന്മാർ അവരെ അനുഗ്രഹിച്ചു പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കൂ, 'നിന്റെ വീട്ടിൽ വന്നിരിക്കുന്ന സ്ത്രീയെ യഹോവ റാഹേലിനെയും ലേയയെപ്പോലെയും ആക്കട്ടെ. അവർ ഇരുവരും അല്ലോ ഇസ്രായേൽ ഗൃഹം പണിതത്.'( രൂത്ത്4:11)

രൂത്തിന്റെ ജീവിതത്തിൽ തികച്ചും നിരുത്സാഹപ്പെടുത്തുന്ന രണ്ടു പ്രതിബന്ധങ്ങളെ അതിജീവിച്ചു കൊണ്ടാണ് ആ സുപ്രധാന തീരുമാനം അവൾ കൈക്കൊണ്ടത്. ആരുടേയും ഹൃദയം തകർക്കുന്ന ഒരു സംഭവം ആയിരുന്നു തന്റെ ഭർത്താവുൾപ്പെടെ ആ കുടുംബത്തിലെ പുരുഷപ്രജകളെല്ലാം ഏതോ ശിക്ഷ എന്നപോലെ മരണം അടഞ്ഞത്.

തന്റെ സ്വന്ത ചാർച്ചക്കാരുടെ അടുത്തേക്ക് മടങ്ങി പൊയ്ക്കൊള്ളുവാൻ അമ്മാവിയമ്മ ആവശ്യപ്പെടുന്നതും, തന്റെ സഹോദരിയായ ഓർപ്പ പൊട്ടിക്കരഞ്ഞു ചുംബിച്ചു തന്റെ സ്വകുടുംബത്തേക്കു മടങ്ങിപ്പോയതുമായിരുന്നു പ്രതിബന്ധങ്ങൾ. ഈ പശ്ചാത്തലത്തിലാണ് രൂത്തിനു ഉറച്ച ഒരു തീരുമാനം എടുക്കേണ്ടി വരുന്നത്. പ്രതീക്ഷയ്ക്കു വകയില്ലെങ്കിലും നാളെ എന്ത് സംഭവിക്കുമെന്ന് ആകുലപ്പെടാതെ, സർവ്വശക്തനായ ദൈവത്തിൽ ആശ്രയിച്ചു, നവോമിയോടൊപ്പം കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത ഒരു ദേശത്തേക്കു പോകുവാൻ തീരുമാനമെടുത്തു.

സ്ത്രീകൾക്ക് ലവലേശം പരിഗണന കൊടുക്കാത്ത ഒരു സമൂഹമായിരുന്നു ഇസ്രായേൽ. മോവാബ്യരുടെ പത്താം തലമുറ പോലും യഹോവയുടെ സഭയിൽ പ്രവേശിക്കരുത് എന്നുള്ള വിലക്ക് നിലനിന്നിരുന്ന കാലം. അംഗീകരിക്കപ്പെടുവാൻ യാതൊരു സാധ്യതയുമില്ലാത്ത പശ്ചാത്തലത്തിൽ രൂത്തെടുത്ത തീരുമാനത്തിന് തികച്ചും അസാധാരണമായ നിലയിൽ അംഗീകാരം ലഭിച്ചു. മാത്രമല്ല, അത്യപൂർവ്വമായ നിലയിൽ യേശുകർത്താവിന്റെ വംശാവലിയിൽ സ്ഥാനം ലഭിക്കുകയും തിരുവെഴുത്തിന്റെ ഭാഗമായിത്തീരുകയും ചെയ്തു.

ലേയയുടെയും റാഹേലിന്റെയും ചരിത്രം വിവരിക്കുന്ന ഉല്പത്തി പുസ്തകത്തിൽ പോലും അവരെക്കുറിച്ചു ഇത്ര വലിയ പ്രശംസാവചനങ്ങൾ ഒന്നും കാണുന്നില്ല, അവർ യാക്കോബിന്റെ ഭാര്യമാരായിരുന്നു എന്നതൊഴികെ. എന്നാൽ രൂത്തിന്റെ പുസ്തകത്തിൽ അവരുടെ എല്ലാ ചരിത്രത്തെയും അതിശയിപ്പിക്കുന്ന ഒരു ചെറിയ പ്രസ്താവന, അവരാണ് ഇസ്രായേൽ ഗൃഹം പണിതത് എന്ന് !

യാക്കോബിന്റെ പേരല്ലേ യഥാർത്ഥത്തിൽ അവിടെ വരേണ്ടത്. സാധാരണ ചരിത്രങ്ങൾ വെച്ചുനോക്കിയാൽ, അതെ! എന്നാൽ പരിശുദ്ധാത്മാവ് പറയുന്നു, യാക്കോബ് അല്ല, റാഹേലും ലേയയുമാണ് ഇസ്രായേൽ ഗൃഹം പണിതത്,

ഗോത്രപിതാക്കന്മാർ ആയിത്തീർന്ന യാക്കോബിന്റെ മക്കളുടെ മാതാക്കളായിരുന്ന ലേയയും റാഹേലും ഒരു മികച്ച ആത്മീയ അന്തരീക്ഷത്തിൽ ആയിരുന്നില്ല. ഗോത്രപിതാക്കന്മാർ കുട്ടിക്കാലം ചിലവഴിച്ചത് അവരുടെ മാതാക്കളോടൊപ്പം മുത്തച്ഛനായിരുന്ന ലാബാന്റെ ഭവനത്തിലായിരുന്നു. അബ്രഹാമിന്റെ ഭവനത്തിലേതുപോലുള്ള ആത്മീയ നി

ലവാരം ലാബാന്റെ ഭവനത്തിൽ ഉണ്ടാവുകയി ല്ലല്ലോ. അവരുടെ പിതാവായ യാക്കോബ് യഹോവയെ അറിഞ്ഞിരുന്നെങ്കിലും ശരിക്കും അറിയേണ്ടത് പോലെ അറിഞ്ഞിരുന്നില്ല, എന്നതാണ് വാസ്തവം. തന്ത്രശാലിയും സ്വാർത്ഥനും സ്വയാശ്രയിയുമായിരുന്നു യാക്കോബ്. അങ്ങനെയൊരു സാഹചര്യത്തിൽ, ചുണക്കുട്ടികളായ 12 കൗമാരക്കാരെ മെരുക്കി നിർത്താൻ ലേയയും റാഹേലും എത്ര കഷ്ടപ്പെട്ടു കാണണം!

പെനിയേലിൽ വെച്ച് യാക്കോബിന് ശരിയായ മാനസാന്തരം ഉണ്ടായില്ലേ എന്നു ചോദിച്ചേക്കാം. തീർച്ചയായും! യാക്കോബിന്റെ തന്ത്രശാലിത്വവും സ്വാർത്ഥതയും സ്വയാശ്രയവും മാറ്റി, ദൈവത്തിൽ ആശ്രയിക്കാൻ, യാബോക്ക് നദീതീരത്ത് വച്ച്, യാക്കോബിന് ദൈവത്തോട് പ്രാർത്ഥനയിൽ ഒരു മൽപ്പിടുത്തം തന്നെ നടത്തേണ്ടിവന്നു. ഹോശയ 12:4 ലാണ് ഇത് വ്യക്തമാകുന്നത്. എന്തായാലും ഒടുവിൽ ദൈവത്തിന് അവനെത്തന്നെ സമർപ്പിച്ചു. അത്, അവന്റെ ജീവിതത്തിൽ വീണ്ടുംജനന ദിനമായിരുന്നു. ദൈവം അവന് പുതിയ ഒരു പേരും നൽകി, ഇസ്രായേൽ. കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ ആണല്ലോ പേരു ലഭിക്കുന്നത്.

ഭർത്താവിന്റെ മാനസാന്തരം, ഗൃഹം പണിയാൻ ലേയയെയും റാഹേലിനെയും ഒത്തിരി സഹായിച്ചു കാണണം. എന്നാൽ ഗൃഹംപണി അന്ന് അല്ലല്ലോ തുടങ്ങിയത്. പെനിയേലിലെ അനുഭവസമയത്ത് യാക്കോബിന്റ പല മക്കളും കൗമാരപ്രായം കടന്നിരുന്നു. അതായത് ഗൃഹംപണി വളരെ നേരത്തെ ആരംഭിച്ചിരുന്നു. ഗൃഹംപണി കുടുംബിനികളുടെ, സ്ത്രീകളുടെ ചുമതല തന്നെയാണ്. മക്കളിൽ നല്ല മനോഭാവം കരുപ്പിടിപ്പിക്കുന്നതിനു, ദൈവം അമ്മമാരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഗൃഹം പണിയുക എന്നതിലെ പ്രധാന ഉത്തരവാദിത്വം മക്കളെക്കുറിച്ചുള്ള ദൈവോദ്ദേശ്യം മനസ്സിലാക്കി അതിനനുസരിച്ചു അവരെ വളർത്തിയെടുക്കുക എന്നതാണ്. അങ്ങനെ വളർത്തുന്നതിനെയാണ് ഗൃഹംപണി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

വിവാഹ ജീവിതത്തിൽ നിന്ന് പ്രധാനമായും ദൈവം പ്രതീക്ഷിക്കുന്നത് ദാനമായി അവിടുന്ന് നൽകുന്ന മക്കളെ വിശുദ്ധപ്രജകളായി അവിടുത്തേക്ക് മടക്കി കൊടുക്കുക എന്നതാണ്. കുഞ്ഞുങ്ങളെ സ്വാധീനിക്കുന്നതും അവരോട് ഏറ്റവും അടുത്ത് ഇടപെടുന്നതും അമ്മമാർ തന്നെയാണ്. തങ്ങളുടെ സ്വന്ത കുടുംബജീവിതത്തിൽ വിശുദ്ധി സൂക്ഷിക്കുന്ന മാതാപിതാക്കൾക്ക് മാത്രമേ വിശുദ്ധസന്തതികളായി മക്കളെ ദൈവത്തിന് തിരിച്ചു കൊടുക്കാൻ കഴിയൂ. കുടുംബജീവിതത്തിലെ വിശ്വസ്തതയാണ് ഗൃഹംപണിയുടെ അടിസ്ഥാനക്കല്ല്.

അമ്മയുടെ പുറമേയുള്ള അലങ്കാരങ്ങൾ കണ്ടല്ല കുഞ്ഞുങ്ങൾ വളരുന്നത്. പ്രത്യുത ദൈവഭക്തിയിലും സൽപ്രവർത്തിയിലും അലങ്കരിക്കപ്പെട്ട മാതൃകാജീവിതം ഉള്ള അമ്മമാരെ കണ്ടാണ് വളരുന്നത്. അങ്ങനെയുള്ള അമ്മമാർക്ക് മാത്രമേ വിശുദ്ധഗൃഹം പണിയാൻ കഴിയൂ.

പുറമേയുള്ള അലങ്കാരം വലുതായി കണക്കാക്കുന്ന മാതാവിന് കുഞ്ഞുങ്ങളെ യഥാർത്ഥ ഭക്തിയിൽ വളർത്താൻ കഴിയില്ല. അവൾ അവളെത്തന്നെ അലങ്കരിക്കേണ്ടത് പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം, ഇവ കൊണ്ടല്ല. പകരം സൽപ്രവർത്തികളെ കൊണ്ടാണ്. അതു കണ്ടു വളരുന്ന കുഞ്ഞുങ്ങൾ സ്വാഭാവികമായും സൽപ്രവർത്തികളിൽ ശുഷ്കാന്തിയുള്ളവരായി വളർന്നുവരും.

1 തിമൊഥെയൊസ് 2:15 ആണ് അമ്മമാർ മാതൃകയാക്കേണ്ടത്. അതായതു സ്ത്രീകൾ വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധിയിലും ശാലീനതയോടെ തുടരുന്ന ഭാര്യാഭർതൃ ബന്ധമാണത്. അതുപോലെ നിങ്ങളുടെ ഭർത്താവിന്റെ അപ്പനോടും അമ്മയോടും എങ്ങനെ ഇടപെടുന്നു എന്നതും മക്കൾ ശ്രദ്ധയോടെ നോക്കിക്കാണുന്നുണ്ട് എന്നത് അമ്മമാർ ഗൗരവപൂർവ്വം കാണേണ്ടതുണ്ട്.

രൂത്ത്, റാഹേലിനെയും ലേയയെയും പോലെ ഭവനം പണിയുമെന്ന്, ഇസ്രായേലിലെ മൂപ്പന്മാർ പട്ടണവാതുക്കൽ വച്ച് പറഞ്ഞു അവരുടെ കുടുംബത്തെ അനുഗ്രഹിച്ചുവല്ലോ.

എന്നാൽ എന്താണ് ബോവസ് രൂത്തിൽ ശ്രദ്ധിച്ച കാര്യം. ബോവസ് അവളോട് ‘നിന്റെ ഭർത്താവ് മരിച്ച ശേഷം അമ്മാവിയമ്മയ്ക്ക് നീ ചെയ്തിരിക്കുന്നതും നിന്റെ അപ്പനേയും അമ്മയെയും സ്വദേശത്തെയും വിട്ട്, മുമ്പേ അറിയാത്ത ജനത്തിന്റെ അടുക്കൽ വന്നിരിക്കുന്നതുമായ വിവരം ഒക്കെയും ഞാൻ കേട്ടിരിക്കുന്നു. (രൂത്ത് 2:11). അതായതു തന്റെ സ്വന്ത കുടുംബത്തിലേക്കും ചാർച്ചക്കാരുടെ അടുക്കലേക്കും മടങ്ങിപ്പൊയ്ക്കൊള്ളുവാൻ നവോമി പറഞ്ഞിട്ടും അവൾ തന്റെ നിലപാട് വ്യക്തമാക്കി. വലിയ പ്രതിസന്ധിയുടെ മുൻപിലും തകരാതെ ജീവനുള്ള ദൈവത്തിൽ അടിയുറച്ചു വിശ്വസിച്ചു ധീരതയോടെ നിന്നപ്പോൾ സർവശക്തനായ ദൈവത്തിന്റെ മഹത്വം അമ്മയിൽ നിന്ന് രൂത്ത് മനസ്സിലാക്കി. അവൾ ഉടമ്പടി

ചെയ്തത് ശക്തനും സുന്ദരനുമായ ഒരു ഭർത്താവിനോട് മാത്രമായിരുന്നില്ല, പ്രത്യുത ഭർത്താവിന്റെ മരണശേഷം വിധവയും, മക്കൾ മരിച്ചവളും, അനാഥയും, വൃദ്ധയുമായ ഒരു അമ്മാവിയമ്മയോടും കൂടെ ആയിരുന്നു. മരണത്താൽ അല്ലാതെ ഞാൻ നിന്നെ വിട്ടു പിരിയുകയില്ല എന്ന് അവൾ പറഞ്ഞത് ഭർത്താവിനോട് അല്ല അമ്മാവിയമ്മയോട് ആണ് (രൂത്ത് 1:17). അവൾ വാക്കുപാലിച്ചു. മരണം ഭർത്താവിനെ വേർപെടുത്തിയിട്ടും അവൾ അമ്മാവിയമ്മയോടു വേർപിരിയാതെ കൂടെപാർത്തു. നൊവൊമിയെ വിട്ടുകളഞ്ഞില്ല. രൂത്തിന് ഒരു മകൻ ജനിച്ചപ്പോൾ നൊവോമി കുഞ്ഞിനെ എടുത്തു മടിയിൽ കിടത്തി അവന് ധാത്രിയായി (രൂത്ത് 4 :16).

ഓബേദ് നൊവോമിയുടെ മകനല്ല, മകന്റെ മകനും അല്ല, മകളുടെ മകനും അല്ല. എന്നിട്ടും നാട്ടുകാർ പറയുന്നത് നൊവോമിക്ക് ഒരു മകൻ ജനിച്ചു എന്നാണ് (രൂത്ത് 4: 17). അതായിരുന്നു രൂത്തും അമ്മാവി അമ്മയും തമ്മിലുള്ള ബന്ധം. ആ ബന്ധം കണ്ടുവളർന്ന ഓബേദ് ഒരു വിശുദ്ധപ്രജ ആകാതെ പോകുമോ? ആ കുടുംബത്തിൽ നിന്ന് ദാവീദ് പിറക്കാതെ ഇരിക്കുമോ? ദാവീദിന്റെ അപ്പനായ യിശായിയുടെ പിതാവായിരുന്നു ഓബേദ്. ദാവീദിന്റെ സന്തതി എന്നല്ലേ നമ്മുടെ അരുമരക്ഷകനായ യേശുവിനെ വിളിക്കുന്നത്. തലമുറ തലമുറകളിലേക്ക് കൈമാറുകയാണ് വിശുദ്ധി.

ഗൃഹം പണിയുന്നതിനു മുമ്പ് നമുക്ക് നമ്മെത്തന്നെ ക്രമപ്പെടുത്താം. നാം ദൈവത്തിൽ നിന്നു ജനിക്കണം. വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധീകരണത്തിനും നാം സന്തോഷത്തോടെ ജീവിക്കുന്നത് കണ്ടുവേണം നമ്മുടെ കുഞ്ഞുങ്ങൾ വളരുവാൻ. അപ്പോഴാണ് കുഞ്ഞുങ്ങളിലൂടെ ഗൃഹം പണിയപ്പെടുന്നത്.

ഗൃഹം പണിയാൻ ദൈവം സഹോദരിമാരെ നിയോഗിച്ചിരിക്കുന്നു. റാഹേലിനെയും ലേയയെയും പോലെ നമുക്ക് ഗൃഹം പണിയാം. ഒരുപക്ഷേ ദബോരയെ പോലെ സഭയുടെ പണിയിലും, തബീഥയെ പോലെ സമൂഹത്തിന്റെ പണിയിലും ദൈവം നമ്മെ ഉപയോഗിച്ചേക്കാം. എന്നാൽ മക്കളെ വിശുദ്ധപ്രജകൾ ആക്കി ഗൃഹം പണിയുക എന്നത് ഓരോ കുടുംബങ്ങൾക്കും ദൈവം കൊടുത്തിരിക്കുന്ന ഉത്തരവാദിത്വമാണ്. നമ്മുടെ കുടുംബങ്ങൾ അങ്ങനെയാവട്ടെ. •

▶ 12

## നീതി വിശ്വാസത്താലോ പ്രവൃത്തിയാലോ?

തത്തിന്റെതായാലും സമൂഹത്തിന്റെതായാലും, പാപത്തെ നിയന്ത്രിക്കുകയും ഒരു നീതി വ്യവസ്ഥ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ എന്തുകൊണ്ടാണ് ദൈവത്തിന്റെ നീതിയുടെ പ്രമാണം മാത്രം അനുസരിക്കാൻ ശ്രമിച്ച നല്ല മനുഷ്യരുടെ ഇടർച്ചക്കു കാരണമായത്? മറ്റെല്ലാ നീതിപ്രമാണങ്ങളെയും പോലെ മാനുഷീകമായി അനുസരിക്കാൻ ശ്രമിച്ചതുകൊണ്ട് എന്ന് പൗലോസ് പറയുന്നു.

**എന്തുകൊണ്ടാണ് അവർ ഇടറിപ്പോയത്?**

റോമർ 9:32,33: ‘അതെന്തുകൊണ്ടു? വിശ്വാസത്താലല്ല, പ്രവൃത്തികളാൽ അന്വേഷിച്ചതുകൊണ്ടു തന്നേ അവർ ഇടർച്ചക്കല്ലിന്മേൽ തട്ടി ഇടറി. ഇതാ, ഞാൻ സീയോനിൽ ഇടർച്ചക്കല്ലും തടങ്കൽപാറയും വെയ്ക്കുന്നു; അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചു പോകയില്ല എന്നു എഴുതിയിരിക്കുന്നുവല്ലോ. മനുഷ്യനെ സംബന്ധിച്ച് ദൈവത്തിന്റെ നീതി ഒരു തടങ്കൽപാറ ആണ്. ആദിയിൽ ഏദൻതോട്ടത്തിൽ വിലക്കപ്പെട്ട പഴം കഴിച്ച ശേഷം അവൻ ദൈവവുമായി ഒരു മത്സരത്തിൽ ആണ്. പ്രാണന്റെ കണ്ണ് തുറന്നു, നന്മ തിന്മകളെ വിവേചിച്ചു, നന്മ ചെയ്ത്, ചെയ്ത് സാത്താൻ പറഞ്ഞതനുസരിച്ചു ദൈവത്തെ പോലെ ആവാൻ കഴിയും എന്ന് അവൻ വിശ്വസിക്കുന്നു. അതിനായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ കർത്താവു പറയുന്നു, വീണ്ടും ജനിക്കാതെ, ഉയരത്തിൽ നിന്ന് പ്രാപിക്കാതെ ഒരാൾക്കും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ കഴിയുകയില്ല എന്ന്. അപ്പോൾ മനുഷ്യൻ സ്വന്തപ്രമാണങ്ങളെ ഉണ്ടാക്കി, അവ അനുസരിച്ചു നീതിമാൻ ആകാൻ ശ്രമിക്കുന്നു, എന്നാൽ ദൈവം അവന്റെ നീതിയെ വെളിപ്പെടുത്തുമ്പോൾ മനുഷ്യൻ നിസ്സഹായൻ ആവുന്നു. അതിനാൽ ദൈവത്തിന്റെ പ്രമാണം വെളിപ്പെടുമ്പോൾ നന്മതിന്മകളുടെ വിവേചനത്താൽ നല്ലവരാകാൻ ശ്രമിച്ചവർ ഇടറിപ്പോകുന്നു. അതുകൊണ്ട് മനുഷ്യൻ എത്ര നന്മ ചെയ്താലും അവൻ ജീവൻ പ്രാപിക്കുന്നില്ല. തൽഫലമായി ആത്മാവിന്റെ തലത്തിലേക്ക് പോകാതെ, നന്മതിന്മകളുടെ പ്രാണന്റെ അഥവാ ദേഹിയുടെ തലത്തിൽ കൂടുതൽ കൂടുതലായി കുരുങ്ങുന്നതേ ഉള്ളു. •

## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്



# യേശു വിശ്വസിപ്പാൻ യോഗ്യൻ

ഉടനെ യേശു താൻ പുരുഷാരത്തെ പറഞ്ഞയക്കുന്നതിനിടയിൽ ശിഷ്യന്മാർ പടകിൽ കയറി, തനിക്ക് മുമ്പായി അക്കരെക്കു പോകുവാൻ അവരെ നിർബന്ധിച്ചു. അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ട് പ്രാർത്ഥിക്കാൻ തനിയെ മലയിൽ കയറിപ്പോയി, വൈകുന്നേരം ആയപ്പോൾ ഏകനായി അവിടെ ഇരുന്നു. പടകോ കരവിട്ട് പല നാഴിക ദൂരത്തായി. കാറ്റ് പ്രതികൂലം ആകകൊണ്ട് തിരകളാൽ വലഞ്ഞിരുന്നു. രാത്രിയിലെ നാലാം യാമത്തിൽ അവൻ കടലിന്മേൽ നടന്ന് അവരുടെ അടുക്കൽ വന്നു. അവൻ കടലിന്മേൽ നടക്കുന്നത് കണ്ടിട്ട് ശിഷ്യന്മാർ ഭ്രമിച്ചു: അത് ഒരു ഭൂതം എന്ന് പറഞ്ഞ് പേടിച്ച് നിലവിളിച്ചു. ഉടനെ യേശു അവരോട് ധൈര്യപ്പെടുവിൻ, ഞാൻ ആകുന്നു പേടിക്കേണ്ട എന്നു പറഞ്ഞു. അതിന് പത്രോസ്: കർത്താവേ, നീ ആകുന്നു എങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കൽ വരേണ്ടതിന് കൽപ്പിക്കണം എന്നു പറഞ്ഞു. വരിക എന്ന് അവൻ പറഞ്ഞു. പത്രോസ് കടലിൽ നിന്ന് ഇറങ്ങി, യേശുവിന്റെ അടുക്കൽ ചെല്ലുവാൻ വെള്ളത്തിന്മേൽ നടന്നു. എന്നാൽ അവൻ കാറ്റു കണ്ട് പേടിച്ച് മുങ്ങിത്തുടങ്ങുകയാൽ: കർത്താവേ, എന്നെ രക്ഷിക്കേണമേ എന്ന് നിലവിളിച്ചു. യേശു ഉടനെ കൈ നീട്ടി അവനെ പിടിച്ചു: അല്പവിശ്വാസിയെ നീ എന്തിനു സംശയിച്ചു എന്ന് പറഞ്ഞു. അവർ പടകിൽ കയറിയപ്പോൾ കാറ്റ് അമർന്നു. പടകിൽ ഉള്ളവർ നീ ദൈവപുത്രൻ സത്യം എന്ന് പറഞ്ഞ് അവനെ നമസ്കരിച്ചു( മത്തായി 14: 22- 33).

അഞ്ച് അപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരത്തോളം പുരുഷന്മാരെയും അവർക്ക് ഒപ്പമുണ്ടായിരുന്ന സ്ത്രീകളെയും കുട്ടികളെയും പോഷിപ്പിച്ചതിനുശേഷമുള്ള ഒരു സംഭവമാണ് മേലുദ്ധരിച്ച വേദഭാഗത്ത് നാം കാണുന്നത്. തന്നിൽ വിശ്വസിച്ച്, തന്നെ അനുഗമിക്കുന്നവരോടുള്ള അവിടുത്തെ വിശ്വസ്തത തെളിയിക്കുന്ന ഒരു സംഭവമാണ് ഇത്.

അപ്പം തിന്ന് തൃപ്തരായ ജനത്തെ പറഞ്ഞയക്കുന്ന തിരക്കിലായിരുന്നു യേശുവും ശിഷ്യന്മാരും. എന്നാൽ ശിഷ്യന്മാർ അപ്പോൾത്തന്നെ തടാകത്തിന് അക്കരയ്ക്ക്, അതായത് ഗന്നേസരേത്ത് ദേശത്തേക്കു പോകുവാൻ കർത്താവ് നിർദ്ദേശിച്ചു. യേശുവിനെയും കൂട്ടി പോകുവാൻ ആയിരുന്നിരിക്കാം അവർ ഇഷ്ടപ്പെട്ടത്. തനിക്ക് മുമ്പായി അവർ അക്കരയ്ക്ക് പോകണമെന്ന് യേശു ശിഷ്യന്മാരെ നിർബന്ധിച്ചു എന്നാണ് നാം വായിക്കുന്നത്. യേശുവിനെക്കൂടാതെ പോകുവാൻ ഉള്ള അവരുടെ താൽപര്യക്കുറവ് കാരണം ആണല്ലോ കർത്താവ് അവരെ നിർബന്ധിച്ചത്. കർത്താവിനെ അവർ അനുസരിച്ചു.

കർത്താവ് പുരുഷാരത്തെ പറഞ്ഞയച്ചതിനൊപ്പം ശിഷ്യന്മാരെ പറഞ്ഞയച്ചിട്ട് എന്താണ് ചെയ്യുവാൻ ആഗ്രഹിച്ചത്? പ്രാർത്ഥിക്കുവാൻ തനിയെ മലയിൽ കയറിപ്പോയി എന്നാണ് നാം വായിക്കുന്നത്. പ്രാർത്ഥനയ്ക്ക് കർത്താവ് കൊടുത്ത പ്രാധാന്യത എത്രമാത്രം എന്ന് ചിന്തിക്കുക. നാം നമ്മുടെ ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് എത്രമാത്രം പ്രാധാന്യം കൊടുക്കേണ്ടതുണ്ട് എന്നും ചിന്തിക്കുക. തന്റെ പിതാവുമായി തനിയെ സമയം ചെലവഴിക്കുന്നത് ആയിരുന്നു കർത്താവിന് പ്രാർത്ഥന. നമ്മുടെ സ്വർഗീയപിതാവിനോടൊപ്പം സമയം ചെല

വഴിക്കുന്ന സ്വർഗീയ അനുഭവം ആയിരിക്കണം നമുക്കും പ്രാർത്ഥന.

തിരക്കുകൾ വർദ്ധിക്കുമ്പോൾ, ആളുകൾ നമുക്ക് ചുറ്റും ഉള്ളപ്പോൾ ആ സാഹചര്യങ്ങളിൽ നിന്നും മന:പ്പൂർവം ഒഴിഞ്ഞുമാറി പ്രാർത്ഥനയ്ക്ക് സമയം വേർതിരിക്കുവാൻ കർത്താവ് നമുക്ക് മാതൃക കാണിച്ചിരിക്കുന്നു. ഈ മാതൃക പിന്തുടർന്നാൽ നമ്മുടെ ആത്മീയജീവിതത്തിൽ നാം ക്ഷീണിക്കുകയില്ല. തിരക്കുകളിൽ കുടുങ്ങി, ജോലിഭാരത്തെയും ആളുകളെയും പഴിചാരി പ്രാർത്ഥനയ്ക്ക് സമയം വേണ്ടത്ര വേർതിരിക്കാതെ പോയാൽ നാം ആത്മീയമായി മുരടിച്ചു പോകും. അപ്രകാരം നമുക്ക് സംഭവിക്കുന്നുണ്ടോ എന്ന് ശോധന ചെയ്യുക. കർത്താവിന്റെ മാതൃക പിന്തുടരുവാൻ നിശ്ചയദാർഢ്യം ഉള്ളവർ ആവുക.

കർത്താവ് ശിഷ്യന്മാർക്ക് തന്റെ ശരീരസാന്നിധ്യം നൽകിയില്ല എങ്കിലും തന്റെ അദൃശ്യസാന്നിധ്യം അവർക്കൊപ്പമുണ്ടായിരുന്നു. കർത്താവ് അവരെ നിരീക്ഷിച്ചു കൊണ്ടാണ് ഇരുന്നത്. ശിഷ്യന്മാർ യാത്രചെയ്തിരുന്ന പടക് കരവിട്ട് പല നാഴിക ദൂരത്തായപ്പോൾ കാറ്റ് അവർക്ക് പ്രതികൂലമായി. തിരകളാൽ പ്രക്ഷുബ്ദമായ ആ തടാകത്തിന്റെ മധ്യത്തിൽ രക്ഷപ്പെടുവാൻ പഴുതുകളില്ലാതെ അവർ കുടുങ്ങിപ്പോയി. അവർ സ്വന്തം ഇഷ്ടപ്രകാരം യാത്ര തിരിച്ചതല്ല. കർത്താവ് അവരെ നിർബന്ധിച്ചയച്ചതാണ്. എന്നിട്ടും ഈ ദുർഗതി ഞങ്ങൾക്ക് എന്തുകൊണ്ട് വന്നു എന്ന് അവർ ചിന്തിച്ചു കാണും.

ക്രിസ്തീയജീവിതത്തിന്റെ ഒരു ചിത്രം കർത്താവ് നമുക്ക് കാണിച്ച് തരുകയാണ്. കർത്താവിനെ അനുഗമിക്കുന്ന പാതയിൽ പ്രതികൂലങ്ങളുണ്ട്. പിശാച് നമുക്കെതിരെ പോരാടും എന്നതിനാൽ പല വിധത്തിലുള്ള പ്രതികൂല കാറ്റുകൾ ജീവിതപടകിനെതിരെ അടിച്ചുയരും. എന്നാൽ അവയ്ക്കൊന്നും നമ്മുടെ പടക് തകർക്കുവാനും നമ്മെ നശിപ്പിക്കുവാനും സാധ്യമല്ല. കാരണം നമ്മുടെ രക്ഷയ്ക്കായി നമ്മുടെ കർത്താവിന്റെ സാന്നിധ്യം നാം അവിടെ അനുഭവിക്കും. മലമുകളിൽ രാത്രി പ്രാർത്ഥനയിൽ ചെലവിടുന്ന കർത്താവ് തന്റെ അരുമശിഷ്യർ അകപ്പെട്ടിരിക്കുന്ന അപകടച്ചുഴി കണ്ടു. രാത്രിയുടെ നാലാം യാമത്തിൽ, അതായത് പ്രഭാതത്തിൽ മൂന്നുമണിയോടടുത്ത സമയം കടലിന്മേൽ നടന്ന്, യേശു തന്റെ ശിഷ്യന്മാരുടെ അടുക്കലെത്തി. കടലിന്മേൽ നടന്നുവരുന്ന കർത്താവിനെ ശിഷ്യന്മാർക്ക് മനസ്സിലായില്ല. കൂരിരുട്ടിൽ രൂപം വ്യക്തമല്ലല്ലോ. മാത്രവുമല്ല യേശു തങ്ങളുടെ അടുക്കൽ കടലിന്മേൽ നടന്നെത്തുമെന്ന പ്രതീക്ഷ അവർക്ക് ഉണ്ടായിരുന്നില്ലല്ലോ. പ്രതികൂലത്തിൽ ഹൃദയത്തിന്റെ അടിത്തട്ടിൽ കിടന്ന അന്ധവിശ്വാസം, ഭയം നിമിത്തം വെളിയിൽ വന്നു. ആ രാത്രിയുടെ ഇരുട്ടിൽ, കാറ്റിനും തിരകൾക്കുമിടയിൽ നടന്നുവരുന്നത് ഭൂതമാണ്, തങ്ങളെ പിടിക്കുവാൻ വരുന്ന ഭൂതം!

ഈ ശിഷ്യന്മാരെപ്പോലെ ഇന്നും അനേകർ പിശാചിനെ കേന്ദ്രമാക്കിയുള്ള ചിന്താഗതി സൂക്ഷിക്കുന്നവരാണ്. സകലത്തിനും പോരാട്ടം എന്ന പദപ്രയോഗമാണ് വിശ്വാസികളിൽ നിന്നും കേൾക്കാറുള്ളത്. ഇത്, ബലഹീനതയെ ചൂഷണം ചെയ്തു കീശ വീർപ്പിക്കാൻ, പ്രവാചകന്റെ വേഷം കെട്ടുന്ന വ്യാജശുശ്രൂഷകർക്ക് അവസരം ആയിത്തീരുന്നു. ദൈവമക്കൾ ജാഗ്രത ഉള്ളവർ ആകേണ്ടിയിരിക്കുന്നു.

ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല, ഞാൻ നിങ്ങളുടെ അടുക്കൽ വരും (യോഹന്നാൻ 14 :18). നമ്മുടെ കർത്താവ് തന്റെ ശിഷ്യർക്ക് നൽകുന്ന ഉറപ്പേറിയ വാഗ്ദത്തമാണ്. ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോട് കൂടെ ഉണ്ട് (മത്തായി 28: 20) എന്ന വാഗ്ദത്തം സുസ്ഥിരമായതാണ്. അതുകൊണ്ട് പ്രതികൂലങ്ങളെ അഭിമുഖീകരിക്കുമ്പോൾ നമുക്കടുത്തേക്ക് വരുന്നത് നമ്മുടെ കർത്താവാണ് എന്ന് നാം ഓർക്കണം. പിശാചിനെക്കുറിച്ചുള്ള ഭയം, നമ്മെ ഭരിക്കുവാൻ പാടില്ല. പിശാച് ഒരു യാഥാർത്ഥ്യമാണെങ്കിലും നാം അവനെ അവഗണിക്കണം. നമ്മോടു കൂടെയുള്ള നമ്മുടെ കർത്താവിനെ ആണ് നാം നോക്കേണ്ടത്, കാണേണ്ടത്. പിശാചിന് ഇടം കൊടുക്കാതിരിക്കുക. പിശാചിന് ഇടം ഉണ്ടാകുന്നത്, ഏറ്റു പറഞ്ഞ് ഒരു ശുദ്ധീകരണം പ്രാപിക്കാത്ത പാപം ഉള്ളിൽ ഉണ്ടെങ്കിൽ മാത്രമാണ്. അതുകൊണ്ട് സ്വയം ശോധന ചെയ്ത് കുറവുകൾ ഏറ്റു പറഞ്ഞ് യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്നതിൽ എപ്പോഴും ശ്രദ്ധിക്കുക.

തന്നെക്കണ്ട തന്റെ അരുമശിഷ്യർ ഭൂതം എന്ന് തെറ്റിദ്ധരിച്ചിട്ടു, ഭയപ്പെട്ട് നിലവിളിക്കുമ്പോൾ കർത്താവ് അവരോട്: ധൈര്യപ്പെടുവിൻ ഞാൻ ആകുന്നു, പേടിക്കേണ്ട എന്നു പറഞ്ഞു. ഭയപ്പെട്ട ശിഷ്യന്മാർക്ക് ആശ്വാസവും ധൈര്യവും ലഭിച്ചു. ആപത്തിൽ തങ്ങളെ സഹായിക്കുവാൻ തങ്ങളുടെ അരുമനാഥൻ ഓടി എത്തിയിരിക്കുന്നു. എത്ര അത്ഭുത കരുതൽ! തന്റെ വചനം അനുസരിക്കുന്ന തന്റെ ശിഷ്യരെ ആപത്തിൽ കൈവിടാതെ സംരക്ഷിക്കു

ന്ന കർത്താവിന്റെ വിശ്വസ്തത നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നു. ശക്തിയായി അടിച്ചു കൊണ്ടിരുന്ന കാറ്റിനെ ചെറുത്ത്, ഉയർന്നുപൊങ്ങി ഇരമ്പിവന്ന തിരകളെ കാൽക്കീഴിൽ അമർത്തി ചവിട്ടിയാണ് കർത്താവ് കടലിന്മേൽ നടന്നത്. ശിഷ്യന്മാർ അത് മനസ്സിലാക്കി. തങ്ങൾ ഭയപ്പെട്ട പ്രതികൂലങ്ങൾ കർത്താവിന്റെ കാലിന്റെ കീഴിൽ അമർന്നിരിക്കുന്നു! ഭയപ്പെടേണ്ട എന്ന് കർത്താവ് പറയുമ്പോൾ ആ വാക്കുകളിൽ അധികാരത്തിന്റെയും വിജയത്തിന്റെയും സ്വരം ആണുള്ളത്. ഇന്ന് നാം ഭയപ്പെടുന്ന ഏത് സാഹചര്യവും, പ്രതികൂലവും കർത്താവിന്റെ കാൽക്കീഴിൽ നിയന്ത്രണവിധേയം ആയിരിക്കുന്നു എന്ന് നാം മനസ്സിലാക്കണം. അതുകൊണ്ട് പ്രതികൂലങ്ങളിൽ നിന്ന് കണ്ണുകൾ എടുത്ത്, കർത്താവിൽ നമ്മുടെ ദൃഷ്ടികൾ പതിപ്പിക്കുക.

വിജയശ്രീലാളിതനായി കടലിന്മേൽ നടക്കുന്ന കർത്താവിനെ കണ്ടപ്പോൾ തനിക്കും അങ്ങനെ നടക്കണം എന്ന ആഗ്രഹം പത്രോസിന് ഉണ്ടായി. കർത്താവ്, വരിക എന്ന്, പത്രോസിന് അനുവാദവും ആഹ്വാനവും നൽകി. പത്രോസ് കടലിനു മീതെ നടന്നു. പക്ഷേ, പെട്ടെന്ന് ശ്രദ്ധ ആഞ്ഞടിക്കുന്ന കാറ്റിലേക്കായിപ്പോയി. പത്രോസ് വെള്ളത്തിൽ മുങ്ങാൻ തുടങ്ങി. ഇതു തന്നെയാണ് നമുക്കും പലപ്പോഴും സംഭവിക്കുന്നത്. വിശ്വാസത്തോടെ, കാൽ എടുത്തു വെയ്ക്കുമെങ്കിലും സാഹചര്യങ്ങളെ ശ്രദ്ധിച്ച് നാം ഭീരുക്കളും അൽപവിശ്വാസികളും ആയിത്തീരുന്നു. കരം കൊടുത്തു പത്രോസിനെ കർത്താവ് രക്ഷിച്ചതു പോലെ നമ്മെയും കർത്താവ് എത്ര പ്രാവശ്യം രക്ഷിച്ചു എന്ന് ചിന്തിക്കുക. പത്രോസിനെയും കൂട്ടി കർത്താവ് പടകിൽ കയറിയപ്പോൾ കാറ്റ് അമർന്നു, കടൽ ശാന്തമായി.

ഈ വലിയ പ്രതികൂലത്തിൽക്കൂടി ശിഷ്യന്മാർ കടന്നുപോയത് അവരുടെ വിശ്വാസം കർത്താവിൽ ഉറയ്ക്കുവാൻ കാരണമായി. നീ ദൈവപുത്രൻ, സത്യം, എന്നുപറഞ്ഞ് അവർ കർത്താവിനെ നമസ്കരിച്ചു. പ്രതികൂലങ്ങളെ അതിജീവിക്കുമ്പോഴാണ് കർത്താവിനെ നാം കൂടുതൽ അറിയുന്നതും, നമ്മുടെ വിശ്വാസം ദൃഢമാകുന്നതും. അതുകൊണ്ട് ക്രിസ്തീയജീവിതത്തിൽ പ്രതികൂലങ്ങളുണ്ടാകുന്നത് സ്വാഭാവികം! •

## ദൈവം നമ്മോടുകൂടെ

നമ്മോടു കൂടെ ദൈവസാന്നിധ്യം ഉണ്ട് എന്ന ബോധ്യം വളരെ ആശ്വാസം നൽകുന്ന ഒന്നാണ്. ദൈവാശ്രയമാണ് ഇതിനു അനിവാര്യമായ ഘടകം. ആരെല്ലാം നമ്മെ ഉപേക്ഷിച്ചാലും നമ്മുടെ വസ്തുവകകൾ മുഴുവൻ നഷ്ടപ്പെട്ടാലും നമ്മെ ശക്തരാക്കി നിലനിർത്തുവാൻ തക്കവണ്ണം നമുക്കുവേണ്ടി കരുതുന്ന കർത്താവ് എല്ലായ്പ്പോഴും നമ്മോടു കൂടെയുണ്ട്. യഹോവ ഈ സ്ഥലത്തുണ്ടായിരുന്നു സത്യം, എങ്കിലും ഞാനോ അതറിഞ്ഞില്ല എന്ന് യാക്കോബ് പറഞ്ഞതുപോലുള്ള അനുഭവമാണ് പലപ്പോഴും നമുക്കുമുള്ളത്. എല്ലാം നഷ്ടപ്പെടുകയും അപ്രത്യക്ഷമാവുകയും ചെയ്തിട്ട് ഒന്നും അവകാശപ്പെടുവാൻ കഴിയാതെ വന്നാലും കർത്താവ് മാറ്റമില്ലാത്തവനായി നമ്മോടു കൂടെ നിൽക്കുന്നു എന്ന യാഥാർത്ഥ്യബോധം തളരുന്ന ഏതു ഹൃദയത്തിനും പോഷണവും പ്രോത്സാഹനവുമായിത്തീരും. സന്തോഷത്തിന്റെയും ഉന്മേഷത്തിന്റെയും ഉറവുകൾ വറ്റിപ്പോയാലും സുഹൃദ്ബന്ധങ്ങൾ നഷ്ടപ്പെട്ടാലും ജീവിതത്തിൽ ഇരുണ്ട കാർമേഘങ്ങൾ ഉരുണ്ടുകൂടിയാലും നീതിസൂര്യനാകുന്ന നമ്മുടെ കർത്താവ്, കരുതലും മനസ്സലിവും ഉള്ളവനായി നമ്മെ വിട്ടുമാറാതെ നമ്മോടു ചേർന്ന് നില്ക്കുന്നത് എത്ര വലിയ ധൈര്യമാണ്. ഈ ബോധ്യമാണ് നമ്മിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ടത്. അന്ധകാരത്തിൽ നമ്മുടെ കണ്ണ് മങ്ങിപ്പോയാലും മങ്ങിടാത്ത കണ്ണുള്ളവനായ കർത്താവ് നമ്മെ കാണുന്നു. നമ്മുടെ സങ്കടങ്ങളും നെടുവീർപ്പുകളും ചെവി തുറന്നു കേൾക്കുവാൻ നമ്മുടെ സമീപേ കർത്താവുണ്ട്. നാം ഉത്ക്കണ്ഠപ്പെടുമ്പോൾ കല്ലും മുള്ളും നിറഞ്ഞ നമ്മുടെ പാതയിൽ വല്ലഭന്റെ അഗ്നിജ്വാലപോലെ ജ്വലിക്കുന്ന കണ്ണുകൾ നമ്മെ കാണുവാനും പരിപാലിക്കുവാനും കൂടെയുണ്ട്. •

ബെഞ്ചമിൻ വർഗീസ്

# പ്രതിസന്ധികളെ തരണം ചെയ്ത്...

വിവാഹാനന്തരം ഗുണ്ടർട്ടും ജൂലിയയും തിരുനെൽവേലിയിലേയ്ക്കുള്ള യാത്ര അത്യധികം ആവേശത്തോടെയാണ് ആരംഭിച്ചത്. നീണ്ടനാളത്തെ അനിശ്ചിതത്വങ്ങൾക്ക് ശേഷം തങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ ഒരിടം ലഭിച്ചതിൽ അവർ സന്തോഷിച്ചു. ഗുണ്ടർട്ടാകട്ടെ താൻ ഏറ്റവും ബഹുമാനിച്ചിരുന്ന റെനിയസ് തുടങ്ങിവെച്ച വേല തുടരുവാൻ ലഭിച്ച ആ അവസരം ഒരു ദൈവിക നിയോഗമായി കരുതുകയും ചെയ്തു.

യാത്ര തൃശ്ശിനാപ്പള്ളിയിൽ (തിരുച്ചി) എത്തിയപ്പോൾ നിരാശാജനകമായ ഒരു വാർത്തയായിരുന്നു ആ നവദമ്പതികളെ കാത്തിരുന്നത്. തങ്ങളെ തിരുനെൽവേലിയിലേയ്ക്ക് ക്ഷണിച്ച, റെനിയസിന്റെ സഹപ്രവർത്തകരായിരുന്ന ജർമൻ മിഷണറിമാർ ഇംഗ്ലീഷ് മിഷണറി സംഘത്തിൽ ചേർന്നുവെന്ന് അറിയിക്കുന്ന ഒരു കത്ത് അവർക്ക് തൃശ്ശിനാപ്പള്ളിയിൽ വച്ച് ലഭിച്ചു. ഇക്കാര്യം അറിഞ്ഞപ്പോൾ ഗുണ്ടർട്ട് വളരെ വ്യസനിച്ചു. ഇംഗ്ലീഷുകാരോടൊപ്പം ചേർന്ന് പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു മനസു വന്നില്ല. ഒരുപക്ഷേ ഗ്രോവ്സുമായുണ്ടായ വിയോജിപ്പ് അതിനു കാരണമായിരുന്നേക്കാം. മറ്റേതെങ്കിലും ഒരു മിഷണറിസംഘത്തോടൊപ്പം ചേർന്ന് പ്രവർത്തിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. ഇക്കാര്യം ജൂലിയയോട് പറഞ്ഞപ്പോൾ അവർ അതിനനുകൂലമായ ഒരു മറുപടി കൊടുക്കുകയും ചെയ്തു.

അങ്ങനെ അവർ ഇരുവരും ബാസൽമിഷനോടൊപ്പം ചേരുവാൻ തീരുമാനിച്ച് അക്കാര്യം കാണിച്ച് ബാസൽമിഷനിലേയ്ക്കൊരു കത്ത് അയച്ചു. ത്യൂബിങ്ങനിൽ ഗുണ്ടർട്ടിന്റെ ഉറ്റചങ്ങാതിയായ ഹെർമൻ മ്യൂഗ്ലിംഗ് അപ്പോഴേയ്ക്കും ബാസൽമിഷണറിയായി മംഗലാപുരത്ത് പ്രവർത്തനം ആരംഭിച്ചിരുന്നു. മ്യൂഗ്ലിംഗ് ഇതിനു മുമ്പും ഗുണ്ടർട്ടിനെ ബാസൽ മിഷനിലേയ്ക്ക് ക്ഷണിച്ചിരുന്നുതാനും.

എന്തായാലും അവർ തങ്ങളുടെ യാത്ര തുടരുകയും 1838 ആഗസ്ത് മാസം 29 നു തിരുനെൽവേലിയിൽ എത്തിച്ചേരുകയും ചെയ്തു. തിരുനെൽവേലിയിൽ എത്തിയ ഗുണ്ടർട്ട് ഇംഗ്ലീഷുകാരോടൊപ്പം ചേരാൻ വിസമ്മതിച്ചു. ഇംഗ്ലീഷുകാരുടെ പണം ഗുണ്ടർട്ടിനെ ഒട്ടും ആകർഷിച്ചില്ല. എന്നിരുന്നാൽക്കൂടി അവരുടെ നിർബന്ധം മൂലം തദ്ദേശിയർക്കുവേണ്ടി ഒരു സെമിനാരി ആരംഭിക്കുവാൻ സഹായിക്കാമെന്ന് അദ്ദേഹം സമ്മതിച്ചു. ഇക്കാലയളവിൽ തമിഴ്ഭാഷയിൽ അദ്ദേഹം ചില ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. അധികം വൈകാതെ മ്യൂഗ്ലിംഗിനയച്ച കത്തിനുള്ള മറുപടി ഗുണ്ടർട്ടിനു ലഭിച്ചു. ആ കത്തിൽ ബാസൽ മിഷനു തമിഴ്നാട്ടിൽ ഒരു വേല തുടങ്ങാൻ താത്പര്യമില്ലയെന്നും, കന്നഡ പഠിക്കാൻ സാധിക്കുമെങ്കിൽ തങ്ങളുടെ മിഷനോട് ചേരാം എന്നും എഴുതിയിരുന്നു. അയ്യോ! വീണ്ടും ഒരു ഭാഷ പഠിക്കണമല്ലോ എന്ന് വിചാരിച്ചു ഗുണ്ടർട്ട് വിഷമിച്ചു. എങ്കിലും ദൈവേഷ്ടമറിവാൻ വളരെ പ്രാർത്ഥിച്ച്, ഒടുക്കം അതിനായി മുതിർന്നു.

അങ്ങനെ തിരുനെൽവേലിയിലെത്തി ഏതാനും ആഴ്ചകൾക്കകം തന്നെ ഗുണ്ടർട്ടും ജൂലിയയും അവരോട് വിടചൊല്ലി ബാസൽമിഷനിൽ ചേരാനായി തങ്ങളുടെ അടുത്ത യാത്ര തുടങ്ങി. ജൂലിയയുടെ ജന്മദിനമായ ഒക്റ്റോബർ 1 നായിരുന്നു അത്. ഇത്തവണ ഗുണ്ടർട്ട് കുതിരപ്പുറത്തും ജൂലിയ പല്ലക്കിലുമായിരുന്നു. മൂന്നാംദിനം അവർ നാഗർകോവിലിൽ എത്തിച്ചേരുകയും അവിടെയുള്ള മിഷൻ പ്രസുകാരെ തന്റെ തമിഴ് രചനകൾ പ്രസിദ്ധീകരിക്കാനായി ഏൽപ്പിക്കുകയും ചെയ്തു. ദു:ഖകരമെന്ന് പറയട്ടെ തമിഴ് ഭാഷയ്ക്കും ജനതയ്ക്കും മുതൽക്കൂട്ടായി തീരുമായിരുന്ന ആ രചനകൾ വെളിച്ചം കണ്ടില്ല.

നാഗർകോവിലിൽനിന്നും അവർ തിരുവനന്തപുരം ലക്ഷ്യമാക്കി നീങ്ങി. അങ്ങനെ ആയാസകരമായ യാത്രകൾക്കൊടുവിൽ, കോരിച്ചൊരിയുന്ന മഴയുടെ അകമ്പടിയോടെ അദ്ദേഹം കേരളനാട്ടിലെത്തിച്ചേർന്നു. കേരളത്തിന്റെ വശ്യസുന്ദരമായ പ്രകൃതിഭംഗിയിൽ മനംമയങ്ങി ശരീരം കുളിർന്ന് അദ്ദേഹം എഴുതി: മലകളിലെല്ലാം പച്ചപ്പ്, വരണ്ട കർണാട്ടിക് ദേശം കടന്നു വരുന്നവന് ഈ നാട് പറുദീസയാണ്. അവിടെനിന്നും വടക്കോട്ടുള്ള യാത്ര പ്രധാനമായും ജലമാർഗമായിരുന്നു. തിരുവനന്തപുരത്തു നിന്നും കൊല്ലം, ആലപ്പുഴ താണ്ടി കോട്ടയത്ത് എത്തിച്ചേർന്നു. അവിടെ അദ്ദേഹം ബഞ്ചമിൻ ബെയ്‌ലി അടക്കമുള്ള CMS മിഷണറിമാ

രുമായി ചില ദിവസങ്ങൾ ചെലവിട്ടു. സുറിയാനിക്കാരും മിഷണറിമാരും തമ്മിൽ അഭിപ്രായവ്യത്യാസം ഉടലെടുക്കുന്ന സമയമായിരുന്നു അത്. അക്കാര്യവും അവിടെ അവരുടെ സംസാരവിഷയമായി. കൊച്ചിയിലേയ്ക്കായിരുന്നു പിന്നീടുള്ള യാത്ര. അവിടെയും കുറെദിവസം തങ്ങിയശേഷം 23 ാം തീയതി രാവിലെ ഒരു പത്തേമാരിയിൽ മംഗലാപുരം ലക്ഷ്യമാക്കിയുള്ള യാത്ര ആരംഭിച്ചു.

ആ യാത്രയിൽ ഗുണ്ടർട്ടിനും ജൂലിയയ്ക്കുമൊപ്പം മാപ്പിളമാരും, യഹൂദരും, പോർത്തുഗീസുകാരുമൊക്കെ സഹയാത്രികരായുണ്ടായിരുന്നു. ചിരിയും കളിയും, പരിഹാസവുമൊക്കെയായി അവർ യാത്രയുടെ രസം നുകർന്നുകൊണ്ടേയിരുന്നു. സൂര്യൻ അസ്തമിച്ചതോടെ ഒരു കൊടുങ്കാറ്റിനുള്ള ലക്ഷണം ഉണ്ടെന്ന് ഗുണ്ടർട്ട് മനസിലാക്കുകയും പത്തേമാരിയിലെ ആളുകളോട് അക്കാര്യം പറയുകയും, പായ താഴ്ത്തുവാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ അവരാകട്ടെ മടിപിടിച്ച് ഗുണ്ടർട്ടിന്റെ മുന്നറിയിപ്പ് അവഗണിച്ചു.

അധികം സമയം കഴിയുന്നതിനുമുമ്പേ കോരിച്ചൊരിയുന്ന മഴയും ശക്തമായ കൊടുങ്കാറ്റും അവർക്കഭിമുഖീകരിക്കേണ്ടതായി വന്നു. ഗുണ്ടർട്ട് മുന്നറിയിപ്പ് കൊടുത്തതുപോലെതന്നെ പത്തേമാരിയുടെ പായ കീറിപ്പോകുകയും ചെയ്തു. അതോടെ മുമ്പ് കളിയിലും ചിരിയിലും മുഴുകിയിരുന്ന യാത്രക്കാർ ഭയന്ന് നിലവിളിക്കുവാനാരംഭിച്ചു. ഈ സമയം ജൂലിയയാകട്ടെ ഇതൊന്നും അറിയാതെ തന്റെ പല്ലക്കിനുള്ളിൽ കിടന്നുറങ്ങുകയായിരുന്നു. ഗുണ്ടർട്ട് അവരെ വിളിച്ചുണർത്തിയപ്പോൾ കടൽക്ഷോഭവും ആളുകളുടെ നിലവിളിയും കണ്ട അവർ അമ്പരന്നു ഭയചകിതയായി.

ഇതേസമയം മറ്റെല്ലാ പ്രതീക്ഷയും നഷ്ടപ്പെട്ട വള്ളക്കാർ ഗുണ്ടർട്ടിനരികെയെത്തി തന്റെ ദൈവത്തോട് പ്രാർത്ഥിക്കേണം എന്നാവശ്യപ്പെട്ടു. ഗുണ്ടർട്ട് തമിഴ്ഭാഷയിൽ ഉച്ചത്തിൽ പ്രാർത്ഥിച്ചു. പത്തേമാരിയിലുണ്ടായിരുന്ന മലയാളികൾക്ക് അത് മനസിലാകുകയും ചെയ്തു. ഇതു കണ്ട ഗുണ്ടർട്ട്: ഭയം, വിശ്വാസം, പുനരുത്ഥാനം എന്നിവയെക്കുറിച്ച് അവരോട് സംസാരിച്ചു. ഇതിനുശേഷം ഗുണ്ടർട്ട് ചുക്കാൻ പിടിക്കാൻ ഭാവിച്ചെങ്കിലും ജൂലിയ മോഹാലസ്യപ്പെട്ട് പോയതിനാൽ അവരുടെ അരികിൽത്തന്നേ നിന്നു 'എത്ര തിരമാല അടിച്ചാലും നാം ദൈവത്തിന്റെ കയ്യിൽ ഇരിക്കുന്നുവല്ലോ' എന്ന് പറഞ്ഞ് അവരെ ആശ്വസിപ്പിപ്പാൻ ശ്രമിച്ചു. എന്നാൽ ഒരു വലിയ തിരമാല ആഞ്ഞടിച്ച് വെള്ളം കയറി ആ പത്തേമാരി നിറഞ്ഞതു കണ്ടപ്പോൾ ഗുണ്ടർട്ടിന്റെയും പ്രതീക്ഷകൾ അസ്തമിച്ചു. ആ മുങ്ങുന്ന പത്തേമാരിയിൽ മരണം മുമ്പിൽ കണ്ട താൻ ഭാര്യയോടായി 'സമുദ്രം തന്നിലുള്ള മരിച്ചവരെ തിരിച്ചുകൊടുക്കും' എന്ന വാക്യം പറഞ്ഞ് അവരെ ധൈര്യപ്പെടുത്തുകയും അവരിരുവരും അതിനായി തയാറാകുകയും ചെയ്തു. അത്ഭുതം എന്ന് പറയട്ടെ ആ സമയം തന്നെ അവരുടെ ഉള്ളിലെയും സമുദ്രത്തിലെയും ക്ഷോഭം അവസാനിച്ചു. 'ഞങ്ങൾ സ്വസ്ഥരായപ്പോൾ കാറ്റും കടലും സ്വസ്ഥമായി' എന്ന് ഗുണ്ടർട്ട് പിന്നീട് എഴുതി.

നവംബർ മാസം 1 ാം തീയതി ആ പത്തേമാരി മംഗലാപുരത്ത് എത്തിച്ചേർന്നു. പ്രിയസുഹൃത്തായിരുന്ന മ്യൂഗ്ലിംഗ് ഭാര്യയോടൊത്ത് അവിടെ അവരെ കാത്തുനിന്നിരുന്നു. സ്നേഹിതനെക്കണ്ട് സന്തോഷഭരിതനായി ഓടിച്ചെന്ന് ആലിംഗനം ചെയ്ത ഗുണ്ടർട്ടിനു പക്ഷേ ജർമൻഭാഷയിൽ ഒന്നും സംസാരിക്കാൻ സാധിച്ചില്ല. ഏകദേശം 3 വർഷത്തോളം ആ ഭാഷ തെല്ലുമേ ഉപയോഗിക്കാതിരുന്നതിനാൽ സ്വന്തം മാതൃഭാഷയിലുള്ള സ്വാധീനം താത്കാലികമായെങ്കിലും തനിക്ക് നഷ്ടപ്പെട്ടുപോയി.

മംഗലാപുരത്ത് ഗുണ്ടർട്ട് ദമ്പതികൾ പെൺകുട്ടികൾക്കായുള്ള സ്കൂളിന്റെ കാര്യത്തിൽ ഉത്സുകരായി. എട്ടോളം കുട്ടികൾ ഗുണ്ടർട്ട് മംഗലാപുരത്തുണ്ടായിരുന്ന കാലത്തോളം, അവരുടെ വീട്ടിൽ പാർത്തിരുന്നു.

അങ്ങനെയിരിക്കെ ഗുണ്ടർട്ടിന് തന്റെ പിതാവയച്ച ഒരു കത്ത് മംഗലാപുരത്തുവെച്ച് ലഭിച്ചു. തന്റെ പ്രിയപ്പെട്ടവരെ പിരിഞ്ഞ് ഒരു അന്യദേശത്ത് അസഹ്യമായ ഏകാന്തതയിൽ വർഷങ്ങളോളം പാർത്തശേഷം ലഭിച്ച ആ കത്ത് ഗുണ്ടർട്ടിന് എത്രയും ആശ്വാസപ്രദമായിത്തീർന്നു. ഈ സമയത്തു തന്നെ ഗുണ്ടർട്ട് അയച്ച ഒരു കത്ത് പിതാവിനും ലഭിക്കുകയുണ്ടായി. ഇതിനോടകം അനേകം കത്തുകൾ പരസ്പരം അയച്ചിരുന്നുവെങ്കിലും അവയെല്ലാം നഷ്ടപ്പെട്ടുപോയെന്ന് അറിഞ്ഞപ്പോൾ ആ പിതാവിനും മകനും ഉണ്ടായ വികാരങ്ങൾ ഊഹിക്കാമല്ലോ.

ഗുണ്ടർട്ടിന്റെ ആഗമനത്തിൽ അത്യധികം സന്തുഷ്ടരായ ബാസൽമിഷൻ അധികാരികളും ഗുണ്ടർട്ടിന്റെ പിതാവായ ലുഡ്വിഗിന് കത്തയയ്ക്കുകയുണ്ടായി. ആ കത്തിൽ ഇനി തങ്ങൾക്ക് ഇന്ത്യയിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ സാധിക്കും എന്ന് സൂചിപ്പിക്കുകയും ചെയ്തു. ●

## ➤ 8 ദുരഭിമാനികൾ ആകരുത്

കൂടെ യാഥാർത്ഥ്യബോധത്തോടെ പറഞ്ഞാൽ യഹോവയുടെ പർവതത്തെ ഒന്നുകാണുവാൻ പോലുമാകാതെ സഭയുടെ അന്തരാത്മാവു കേഴുന്നു...

ലവൊദിക്യസഭയെപ്പറ്റി കർത്താവു എന്തു പറയുന്നു? നീ നിർഭാഗ്യവാൻ (wretched), അരിഷ്ടൻ (misereable),ദരിദ്രൻ (poor), കുരുടൻ (blind), നഗ്നൻ (naked). ഞാൻ ധനവാൻ എന്നു ലവൊദിക്യസഭ പറയുമ്പോൾ കർത്താവു പറയുന്നു ഇല്ല, നീ ദരിദ്രൻ..

കുട്ടികൾ 'കട' കളിക്കുന്നതു കണ്ടിട്ടുണ്ടോ? ഒരു കുട്ടി കച്ചവടക്കാരനെപ്പോലെ ഇരിക്കുന്നു. അവന്റെ മുമ്പിൽ ചിലകൂട്ടങ്ങൾ വെച്ചിരിക്കും. ഒരു പക്ഷേ, കല്ലുകളും ഇലകളും മറ്റും ആയിരിക്കും അതിനുള്ളിൽ. അതു അരിയും സാധനങ്ങളുമാണെന്നാണു വയ്പ്പ്. മറ്റൊരാൾ സാധനങ്ങൾ വാങ്ങാൻ എത്തിയിരിക്കുകയാണ്. വില്ക്കുന്ന കുട്ടി വാങ്ങുന്ന കുട്ടിക്കു സാധനങ്ങളുടെ വിശേഷതകളും അതിന്റ വിലയും പറഞ്ഞുകൊടുക്കുന്നു. നൂറു രൂപ, ആയിരം രൂപ വിലയുള്ള സാധനങ്ങൾ. വാങ്ങുന്ന കുട്ടി ആയിരം രൂപയ്ക്കു സാധനങ്ങൾ വാങ്ങുന്നു. രൂപയെവിടെ? കുട്ടി ഒരു പത്രക്കടലാസെടുത്ത് അതിനെ കീറി ചില കടലാസു തുണ്ടുകളാക്കുന്നു: ഇതാ ആയിരം രൂപ! വില്ക്കുന്ന കുട്ടി "ആയിരം രൂപ" വാങ്ങി സാധനം വില്ക്കുന്നു. വാങ്ങുന്ന കുട്ടി 'അരി' യും 'പഞ്ചസാര'യും 'ചോക്ളേറ്റും' ഒക്കെ തൂത്തുകൂട്ടി കൊണ്ടുപോകുന്നു. എന്നാൽ, വാങ്ങുന്ന കുട്ടി, തൂത്തുകൂട്ടിയ കല്ലും ഇലകളും, അരിയും പഞ്ചസാരയുമല്ലെന്നും, ആ കുട്ടി കൊടുത്ത പത്രക്കടലാസുകഷണങ്ങൾ രൂപയല്ലെന്നും നമുക്കറിയാം. പഴകിയ പത്രക്കാടലാസുകഷണങ്ങൾ കയ്യിലുള്ള കുട്ടി അതു പണമാണെന്നു തെറ്റിദ്ധരിച്ചു ഞാൻ സമ്പന്നൻ, ഒന്നിനും കുറവില്ലെന്നു പറഞ്ഞാലോ?

ഞാൻ സമ്പന്നൻ ഒന്നിനും കുറവില്ലാത്തവൻ എന്നു ലവൊദിക്യസഭ പറയുന്നത് അതുപോലെയേയുള്ളൂ. ആത്മാവിന്റെ ലോകത്തു ഒരു വിലയുമില്ലാത്ത 'വ്യാജനോട്ടുകൾ' കണ്ടിട്ടാണു ലവോദിക്യസഭ തങ്ങൾ സമ്പന്നരാണെന്നു പറയുന്നത്. കുട്ടികളുടെ കളിക്കടയിൽ ആ കടലാസുകഷണങ്ങൾ ചെലവാകും; എന്നാൽ, യാഥാർഥ്യങ്ങളുടെ ലോകത്തു പിഞ്ചിയ പത്രക്കടലാസ് ചവറ്റുകൊട്ടയിലിടേണ്ട മാലിന്യമാണ്.

ആധുനികസഭയും ആത്മീയലോകത്തു മാലിന്യമായി എണ്ണപ്പെടുന്നതിനെയാണു സമ്പന്നതയുടെ അടിസ്ഥാനമായി കണക്കാക്കുന്നത്. കെട്ടിടവും സൗണ്ട് സിസ്റ്റവും സംഗീതോപകരണങ്ങളും കാർപ്പെറ്റും മുറ്റത്തു പാർക്കു ചെയ്തിരിക്കുന്ന കാറുകളും വണ്ടികളും അല്ല സഭയെ സമ്പന്നമാക്കുന്നത് എന്നറിയുക... സഭയിലെ ജനങ്ങളുടെ വിശുദ്ധിയാണ് ഒരു സഭയുടെ വലിയ സമ്പന്നത! കസേരകളും പദവികളും രാഷ്ട്രീയ പിടിപാടുകളുമല്ല, ലോകത്തോടുള്ള കൃത്യമായ വേർപാടാണ് സഭയുടെ സമ്പത്ത്!

ലവൊദിക്യസഭ ദരിദ്രൻ മാത്രമല്ല, കുരുടനുമാണെന്നു കർത്താവു പറയുന്നു. എന്തുകൊണ്ട് അവൻ കുരുടൻ? ഒന്നാമതു, ലവോദിക്യസഭ തങ്ങളെത്തന്നെ കാണുവാൻ കഴിവില്ലാത്ത കുരുടന്മാരായിരുന്നു. അവരുടെ നിർഭാഗ്യത, അരിഷ്ടത, ദാരിദ്ര്യം, നഗ്നത ഇവയൊന്നും ലവോദിക്യസഭ കണ്ടില്ല. അവർ ആത്മീയാന്ധത പിടിച്ചവരായിരുന്നു. ലവൊദിക്യസഭ അവരുടെ ഇപ്പോഴത്തെ അരിഷ്ടാവസ്ഥ മാത്രമല്ല, അവർക്കു മുമ്പിൽ വച്ചിരുന്ന ലക്ഷ്യവും കണ്ടില്ല. ആത്മീയാന്ധത പിടിച്ചവൻ തങ്ങളുടെ ചുറ്റുമുള്ള ഭൗതികതയുടെ നാറുന്ന മാലിന്യങ്ങളെ മാത്രമേ കാണുന്നുള്ളൂ. ദൈവം വിശുദ്ധീകരണമെന്ന പ്രത്യേക ലക്ഷ്യത്തോടെയാണു നമ്മെ ഈ ഭൂമിയിൽ ആക്കിയിരിക്കുന്നത് എന്നു മനസ്സോടെ അവർ മറന്നുപോകുന്നു.

ഭൗതികമോഹങ്ങൾ ആത്മാവിന്റെ അക്ഷികളെ മൂടിക്കളയുന്ന തിമിരമാണ്. നസ്രേത്തിലെ നല്ല വൈദ്യന്റെ കയ്യിൽ നിന്നുള്ള ലേപനമാണു ഈ തിമിരത്തെ അടർത്തിമാറ്റുന്ന ഏകമരുന്ന്. വേഗം വേണം ഈ തിമിരശസ്ത്രക്രിയ. അല്ലെങ്കിൽ നാം നമ്മെതന്നെയും നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ദൈവികലക്ഷ്യത്തെയും, ക്രൂശിതനായ ക്രിസ്തുവിനെയും നിത്യതയെയും സ്വന്തം സഹോദരങ്ങളെയും. ആത്മീയരായ എല്ലാറ്റെയും കാണാത്ത കുരുടരാകും! വിശുദ്ധന്മാരായ പിതാക്കന്മാർ ദൈവം ശില്പിയായി നിർമിച്ചതും അടിസ്ഥാനമുള്ളതുമായ പട്ടണത്തെ ഭൂമിയിൽവച്ചുതന്നെ കണ്ടു (എബ്രായർ11:10). സുനാമിയിൽ ഇളകിപ്പോകാൻ മാത്രമുള്ള, ഇളകുന്ന അടിസ്ഥാനമുള്ള കെട്ടിടങ്ങളിൽ കണ്ണുംനട്ടിരിക്കുന്ന ആത്മീയ കുരുടന്മാർക്കു സ്വർഗീയമായത് ഇന്നു സ്വപ്നത്തിൽപ്പോലുമില്ല!

ദരിദ്രനും കുരുടനുമായ ലവൊദിക്യസഭ നഗ്ന

നുമാണ്. വിശുദ്ധിയുടെ ശുഭ്രവസ്ത്രം ധരിച്ചിരിക്കുന്നവൻ മാത്രമാണ് ആത്മീയൻ. ഒന്നിനു പകരം മറ്റൊന്നു ലഭിക്കുമ്പോൾ– ഡ്യൂപ്ലിക്കേറ്റ് ലഭിക്കുമ്പോൾ–സംതൃപ്തരാകുന്നവരുണ്ട്. വിശുദ്ധിക്കു പകരം ഉപദേശവും ആചാരങ്ങളും കൊണ്ട് ആധുനിക സഭ സംതൃപ്തി പൂണ്ടിരിക്കുന്നു. ഒരു കാര്യം മറക്കണ്ട...വിശുദ്ധിക്കു പകരം വയ്ക്കാൻ ഉപദേശവും ഉപവാസവും ദശാംശവും ക്രൂസേഡും കൺവൻഷനും ബൈബിൾ ക്ലാസും പ്രവചനവും വെളിപ്പാടും ഒന്നും പോരാ.

വിശുദ്ധിയുടെ ശുഭ്രവസ്ത്രത്തിനു പകരമൊന്നുമില്ല. ബാക്കിയെല്ലാം ആദാമിന്റെ ഉണങ്ങിയ അത്തിയിലകൾ മാത്രം! അതിനാൽ ആധുനിക സഭയുടെ നഗ്നത വെളിവാകാതിരിക്കേണ്ടതിനു ഇന്നു ആത്മനാഥന്റെ കൈയിൽനിന്നു വെള്ളയുടുപ്പു വാങ്ങുകയാണാവശ്യം (വെളിപ്പാട് 3:18).

എത്രനാൾ രണ്ടു തോണിയിൽ കാൽവയ്ക്കും? ഒന്നുകിൽ ശീതവാൻ, അല്ലെങ്കിൽ ഉഷ്ണവാൻ.. ശീതോഷ്ണവാന്റെ ആത്യന്തിക വിധി എന്താണ്? കർത്താവു പറയുന്നു: ഞാൻ അവനെ എന്റെ വായിൽനിന്നു ഉമിണ്ണു (spew out) കളയും.

ശീതോഷ്ണവാൻ (lukewarm) ചാഞ്ഞും ചെരിഞ്ഞും നിൽക്കുന്നവനാണ്. അവനു ലോകത്തിന്റെ സുഖം വിട്ടുകളവാൻ മനസ്സില്ല; കർത്താവിനുവേണ്ടി പൂർണസമർപ്പിതനാകാൻ പേടിയുമാണ്. അതുകൊണ്ടു ലോകത്തെ മുറുകെ പറ്റിപ്പിടിക്കുമ്പോഴും ഇടയ്ക്കു ഒരു കൈകൊണ്ടു ദൈവത്തെ സ്പർശിക്കുവാൻ അവൻ വൃഥാ പരിശ്രമം നടത്തുന്നു. അവനു ദൈവത്തെ പിണക്കാൻ പേടിയാണ്; ലോകത്തെ വിട്ടുകളയുവാൻ മടിയുമാണ്...ലോകമയത്വത്തിൽ മുഴുകിക്കഴിയുന്നവൻ അതിൽ മുങ്ങിത്താഴട്ടെ. എന്തിനു ഇടയ്ക്കു ദൈവത്തെ സോപ്പിടാൻ സ്വന്തം ചെലവിൽ കൺവൻഷൻ നടത്തുന്നു? ആരാധന അഭിനയിക്കുന്നു. ദൈവത്തിനുവേണ്ടത് നിന്റെ മുഴുഹൃദയമാണ്; അല്ലാതെ സ്വാർഥതയിൽ മുക്കിയെടുത്ത നിന്റെ സ്തോത്രമല്ല! പൂർണഹൃദയത്തോടെ ദൈവത്തെ സേവിക്കുവാൻ കഴിയുന്നില്ലെങ്കിൽ നിന്റെ ആരാധന വ്യർഥം! അവൻ നിന്നെ അവന്റെ വായിൽനിന്നു ഉമിണ്ണുകളയും.

എന്നാൽ, സാധ്യതകൾ അവസാനിച്ചിട്ടില്ല. മാനസാന്തരപ്പെടുവാൻ ഇനിയും സന്ദർഭമുണ്ട് (വെളിപ്പാട് 3:19).

'നീ സമ്പന്നനാകേണ്ടതിനു തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതെവണ്ണം ധരിക്കേണ്ടതിനു വെള്ളയുടുപ്പും നിനക്കു കാഴ്ച ലഭിക്കേണ്ടതിനു കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലയ്ക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധിപറയുന്നു' (വെളിപ്പാട് 3:18).

വിലയില്ലാത്ത ഭൂമിയിലെ മാലിന്യങ്ങൾ കണ്ട് സമ്പത്ത് എന്നു തെറ്റിദ്ധരിക്കരുത്. ആഡംബരത്തിന്റെ കീറത്തുണികൾക്കുള്ളിലും നഗ്നരാണെന്നു നാം തിരിച്ചറിഞ്ഞു കൃപയിൽ ആശ്രയിച്ചു വിശുദ്ധിയുടെ വെണ്മവസ്ത്രം കർത്താവിനോടു വിലയ്ക്ക് വാങ്ങി ധരിക്കണം. ആത്മീയപാപ്പരത്വം കാണാൻ നമ്മുടെ കണ്ണുകളെ തുറക്കേണമേ എന്നു പ്രാർത്ഥിക്കാം. •

## ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് ശരിയല്ലെങ്കിൽ...

ഇയ്യോബിന്റെ ദുരിതാനുഭവങ്ങളെല്ലാം അവന്റെ പാപങ്ങളുടെ ഫലമാണെന്ന് സ്നേഹിതന്മാർ കുറ്റപ്പെടുത്തിയപ്പോൾ താൻ നിർദോഷിയാണെന്നു അവൻ വാദിച്ചു. അതുമൂലം അവൻ സ്വയനീതിയുടെ കെണിയിൽ അകപ്പെട്ടുപോയി. തൽഫലമായി അവനെത്തന്നെ നീതീകരിക്കേണ്ടതിനു ഒരർത്ഥത്തിൽ ദൈവത്തെ കുറ്റപ്പെടുത്തുകയാണുണ്ടായത്. എങ്കിലും, ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയപ്പോഴാണ് ഇയ്യോബിന്റെ ശരിയായ ചിത്രം അവനു ലഭിച്ചത്. ആ നിമിഷത്തിൽത്തന്നെ ആഴമായ വിനയത്തിന്റെ ലക്ഷണമായി അവൻ പറഞ്ഞത് ശ്രദ്ധിക്കുക: കണ്ടാലും, ഞാൻ എത്ര അയോഗ്യൻ! ഞാൻ അങ്ങയോടു എങ്ങനെ ഉത്തരം പറയും, ഞാൻ കൈകൊണ്ടു വായ് പൊത്തുകയാണ് (ഇയ്യോബ് 40:4). ഓരോരുത്തരും ദൈവത്തോട് കൂടുതലായി അടുക്കുംതോറും തങ്ങളുടെ പാപസ്വഭാവത്തെക്കുറിച്ച് ബോധവാന്മാരായിത്തീരും. ഏറ്റവും ഉത്തമനായ മനുഷ്യനിലും, ഏറ്റവും അധമമായ പ്രവർത്തി ചെയ്യുന്നതിനുള്ള സാധ്യതയുണ്ട്. ആയതിനാൽ, നമ്മുടെ നീതിയിലല്ല, എക്കാലത്തേക്കാളുമുപരിയായി നമ്മുടെ പ്രിയ രക്ഷകന്റെ നീതിയിൽ മാത്രം ആശ്രയിക്കുന്നതിനു, ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് നമ്മെ സഹായിക്കുക തന്നെ ചെയ്യും. •

# ജീവിതം ക്രൈസ്തവ ദർശനത്തിന്റെ ഉരകല്ല്

**ക്രൈ**സ്തവബോധ്യങ്ങളുടെയും ചിന്താസരണിയുടെയും അടിസ്ഥാനം യേശുക്രിസ്തുവിന്റെ ജീവിതവും ഉപദേശവുമാണ്. ഇതര മതങ്ങളിൽ നിന്നും ക്രിസ്ത്യാനിത്വത്തെ വേറിട്ട് നിർത്തുന്നത് ക്രിസ്തുവിന്റെ നിസ്തുല്യജീവിതവും പഠിപ്പിക്കലുകളുമാണ്. അഥവാ Christ is the speciality of Christianity എന്ന് പറയാം. മിക്ക മതങ്ങളും പഴയനിയമ ന്യായപ്രമാണങ്ങളുമൊക്കെ 'കണ്ണിന് പകരം കണ്ണ് പല്ലിനു പകരം പല്ല്  എന്ന നീതിശാസ്ത്രത്തിൽ കെട്ടുപണി ചെയ്തപ്പോൾ, 'ശത്രുക്കളെ സ്നേഹിക്കുക, ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക, ശപിക്കുന്നവരെ അനുഗ്രഹിക്കുക എന്നീ വ്യതിരക്ത സത്യങ്ങളാണ് യേശു മനുഷ്യരെ പഠിപ്പിച്ചത്. അത് ഉപദേശിക്കുക മാത്രമല്ല, അനുദിന ജീവിതത്തിൽ എപ്പോഴും പ്രകടമാക്കുകയും ചെയ്തിരുന്നു. ചുരുക്കത്തിൽ ജീവിതവും ഉപദേശവും രണ്ടു വഴിക്ക് ഒഴുകുന്ന കൈവഴികൾ അല്ലായിരുന്നു യേശുവിന്.

സംഘർഷപൂരിതമായ ലോകത്ത് ക്രിസ്തുചിന്തകളെ വേറിട്ടുനിർത്തുന്നത് ജീവിതവും പഠിപ്പിക്കലും ഒരേ നേർരേഖയിൽ ആകുന്ന അനുപമ അനുഭവമാണ്. വിശുദ്ധിയുടെ ആൾരൂപമായിരുന്ന യേശുക്രിസ്തുവിൽ പാപചിന്തയുടെ കണിക പോലുമില്ലായിരുന്നു. പ്രസംഗത്തിനും ഉപദേശത്തിനും ജീവിതത്തിന്റെ പിൻബലം ഉണ്ടായിരിക്കണമെന്ന നിർബന്ധമാണ് ക്രൈസ്തവദർശനത്തിന്റെ എന്നത്തെയും കാതൽ!

പ്രഭാഷണങ്ങളിലും എഴുത്തുകളിലും ദൗത്യശുശ്രൂഷകളിലും മാത്രം ഒതുങ്ങുന്നതല്ല ക്രിസ്തുവിചാരം. ഈ ക്രിസ്തുചിന്തയുടെ സ്വാധീനം ആകാം ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ഒരിക്കൽ ഇങ്ങനെ പറയുവാൻ ഇടയായത്: 'എന്റെ ജീവിതമാണ് എന്റെ സന്ദേശം അതെ, ക്രൂശിൽ മനുഷ്യപുത്രൻ അരുളിച്ചെയ്ത 'ഇവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ എന്ന സ്നേഹത്തിന്റെയും ക്ഷമയുടെയും സഹനത്തിന്റെയും വാക്കുകളാണ് ഓരോ ക്രിസ്ത്യാനിയുടെയും ജീവിത ക്യാൻവാസിൽ തെളിഞ്ഞു വരേണ്ടത്. അപ്രകാരം അവിടുത്തെ താഴ്മയുടെയും സത്യത്തിന്റെയും വിശ്വസ്തതയുടെയും ദിവ്യഗുണങ്ങൾ സംയോജിക്കപ്പെടുന്ന ജീവിതമാണ് ക്രിസ്തുബോധ്യങ്ങളുടെ പരീക്ഷണശാലയെന്ന കാര്യം നാം ഓർക്കണം.

ഇന്ത്യയിലെ ഉന്നതകുല ജാതിയിൽ പെട്ട ഒരുകൂട്ടം ആളുകൾ പ്രശസ്ത സുവിശേഷ പ്രസംഗകനായിരുന്ന സ്റ്റാന്റ്ലി ജോൺസിനോട് ഒരിക്കൽ ഇങ്ങനെ പറഞ്ഞു: 'ക്രിസ്തുവിനോടും, ക്രിസ്തുവിന്റെ ഉപദേശങ്ങളോടും ഞങ്ങൾക്ക് ഒരിക്കലും ഒരു എതിർപ്പുമില്ല. എന്നാൽ യേശു ഉപദേശിച്ചത് ജീവിതത്തിൽ പകർത്താത്ത ക്രിസ്ത്യാനികളുടെ പ്രസംഗം അപ്പാടെ വിഴുങ്ങുവാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്!' ഉവ്വ്, പ്രസംഗപാടവത്തെക്കാളും ബൈബിൾ വിജ്ഞാനത്തെക്കാളും എഴുതാനും പാടാനുമുള്ള കഴിവുകളേക്കാളുമൊക്കെ മനുഷ്യർ ശ്രദ്ധിക്കുന്നത് നമ്മുടെ ജീവിതമാണെന്നുള്ള സത്യം വിസ്മരിക്കരുത്. അതുകൊണ്ടാണ് ക്രിസ്തു ശിഷ്യനായ പത്രോസ് ഇപ്രകാരം രേഖപ്പെടുത്തിയത്: 'ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു. താഴ്മയുള്ളവർക്കോ കൃപ നൽകുന്നു' മാരകമായ പാപങ്ങളുടെ പട്ടികയിൽ ഒന്നാമത്തേതാണ് നിഗളം. അതെ, അഹംഭാവവും നമ്മിലുള്ള ആത്മീയ നിഗളവുമെല്ലാം ഉപേക്ഷിച്ചു ക്രിസ്തുചിന്തയുടെ ആഴത്തിലിറങ്ങി ജീവിതംകൊണ്ടും ദൗത്യനിയോഗംകൊണ്ടും നമുക്ക് ദൈവത്തെ പ്രസാദിപ്പിക്കുന്നവരാകാം.

**-എംസി**

*Bank Account Details:*

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM
QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

വാർഷിക
വരിസംഖ്യ
250 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

RNI No. KERMAL/2012/46138
Date of Publishing 10.06.2022

NERVEEDHI - JUNE 2022
Annual Subscription ₹ 250.00
(Per copy ₹ 25.00)

# ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ




കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.